# ഫ്രത്തെല്ലി തൂത്തിയുടെ വിശ്വസാഹോദര്യപാഠങ്ങൾ

എഡിറ്റർ : ഡോ. ജേക്കബ് പ്രസാദ്



കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ഫ്രത്തെല്ലി തൂത്തിയുടെ
# വിശ്വസാഹോദര്യപാഠങ്ങൾ

എഡിറ്റർ : ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

Malayalam
**FRATELLI TUTTIYUDE VISWASAHODARYA PADANGAL**

**EDITOR** : **Dr. Jacob Prasad**

**Published by** : The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi 25, Kerala, India
Phone: +914842 805722, 2805815
Fax: +91484 2806214
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright to** : The Publisher

**Published on** : 22.02.2021

**Printed at** : Viani Printers, Ernakulam

**Copies** : 2000

**Price** : ₹100

**ISBN** : 978-93-83423-58-3

@ Pastoral Orientation Centre
All rights reserved. No part of this publication may be reproduced,
stored in a retrieval system, or transmitted, in any form or by
any means, electronic, mechanical, photocopying, recording
or otherwise, without prior written permission of the publisher.

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് 4-5

ഉപോദ്ഘാതം 6-11

"ഫ്രത്തെല്ലി തൂത്തി": ഒരു പൊതുവായന
**റവ. ഡോ. ജേക്കബ് പ്രസാദ്** 12-37

"ഫ്രത്തെല്ലി തൂത്തി"യിലെ
ക്രൈസ്തവവിശ്വാസവും ആത്മീയതയും
**റവ. ഡോ. ജോഷി മയ്യാറ്റിൽ** 38-52

"ഫ്രത്തെല്ലി തൂത്തി"യും ബൈബിൾ ആത്മീയതയും
**റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** 53-61

"ഫ്രത്തെല്ലി തൂത്തി": സാമൂഹ്യനീതിയുടെ കാഹളം
**റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി** 62-75

രാഷ്ട്രീയം വിശ്വസാഹോദര്യത്തിന്റെ പര്യായം
**ഡോ. കുര്യാസ് കുമ്പളക്കുഴി** 76-86

"ഫ്രത്തെല്ലി തൂത്തി" - സന്യാസവഴികളിൽ
**ഡോ. സി. തെരേസ് ആലഞ്ചേരി SABS** 87-94

മാനവ സാഹോദര്യവും മതസൗഹാർദ്ദവും:
"ഫ്രത്തെല്ലി തൂത്തി"യിലെ മതസൗഹാർദ്ദ ചിന്തകൾ
**റവ. ഡോ. സക്കറിയാസ് പറനിലം** 95-104

"ഫ്രത്തെല്ലി തൂത്തി"യുടെ സഭൈക്യ ദർശനം
**റവ. ഡോ. തോമസ് കുഴിനാപ്പുറത്ത്** 105-113

# പ്രസാധകക്കുറിപ്പ്

ഫ്രത്തെല്ലി തൂത്തി (എല്ലാവരും സഹോദരർ) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനത്തിലെ പ്രധാന വിഷയങ്ങൾ പ്രത്യേക മായി പ്രതിപാദിക്കുന്ന പുസ്തകമാണ് '**ഫ്രത്തെല്ലി തൂത്തിയുടെ വിശ്വസാഹോദര്യപാഠങ്ങൾ**' എന്ന ഈ ഗ്രന്ഥം. എല്ലാവരെയും സഹോദരീസഹോദരന്മാരായി കണ്ടുകൊണ്ട് ക്രിസ്തുസ്നേഹത്തിൽ വ്യക്തികളെയും സമൂഹങ്ങളെയും സംബോധന ചെയ്യുന്ന ഫ്രാൻസിസ് പാപ്പാ പുതിയ ഉൾക്കാഴ്ചകളാണ് പ്രദാനംചെയ്യുന്നത്. രാഷ്ട്രങ്ങളു ടെയും സമൂഹങ്ങളുടെയും  വ്യക്തികളുടെയും സുസ്ഥിതിയും ഉന്നമ നവും സാഹോദര്യത്തിലൂന്നിയ പ്രവർത്തനങ്ങളിലൂടെയും കാഴ്ചപ്പാ ടുകളിലൂടെയും സാധിതമാക്കാം എന്നു പാപ്പാ പറയുന്നു. ഈ ചാക്രിക ലേഖനത്തെ നമ്മുടെ പശ്ചാത്തലത്തിൽ വിലയിരുത്തി പാപ്പാ മുന്നോട്ടു വയ്ക്കുന്ന പ്രധാന ആശയങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ഇതിന്റെ എഡിറ്ററായ റവ. ഡോ. ജേക്കബ് പ്രസാദും മറ്റു ലേഖന കർത്താക്കളും. മനോഹരമായ ഈ പഠനം ഫ്രാൻസിസ് പാപ്പായുടെ വിപ്ലവകരമായ ചിന്തകളെ കുറച്ചുകൂടി അടുത്തു മനസ്സിലാക്കാൻ അനു വാചകരെ സഹായിക്കും. ഈ ഗ്രന്ഥം ജനസമക്ഷം അവതരിപ്പിക്കാൻ പിഒസി പബ്ലിക്കേഷൻസിന് അതിയായ സന്തോഷമാണുള്ളത്.  പിഒസി പബ്ലിക്കേഷന്റെ ജനറൽ എഡിറ്ററായി 31 വർഷം ഇതിനകം ശുശ്രൂഷ ചെയ്ത റവ. ഡോ. മോൺ. ജോർജ്ജ് കുരുക്കൂറിന്റെ ൮൦-ാം ജന്മദിനത്തിൽ അദ്ദേഹത്തോടുള്ള ആദരസൂചകമായാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ഇങ്ങനെയൊരു പഠനത്തിന് വഴി തെളിച്ചത് കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആല ഞ്ചേരി പിതാവാണ്. അഭിവന്ദ്യപിതാവിനോടും ഇതിന്റെ എഡിറ്റർ

ബഹുമാനപ്പെട്ട ഡോ. ജേക്കബ് പ്രസാദിനോടും മറ്റ് ലേഖനകർത്താക്കളോടും ഹൃദയപൂർവം നന്ദിയും കടപ്പാടും അറിയിക്കുന്നു.

ടൈപ്പിങ്ങ് നിർവഹിച്ച ശ്രീമതി അമ്മിണി ഫ്രാൻസിസ്, ലേ ഔട്ട് നിർവഹിച്ച ശ്രീമതി അമ്പിളി ജോസ്, പ്രൂഫ് വായിച്ച ബ്രദർ ഷിന്റോ ക്ലീറ്റസ്, മുദ്രണം ഭംഗിയായി ചെയ്തുതന്ന വിയാനി പ്രിന്റേഴ്സ് എന്നിവരോടും ഇതിന്റെ പ്രസിദ്ധീകരണത്തിൽ കടപ്പെട്ടിരിക്കുന്നു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി

22 ഫെബ്രുവരി 2021
കൊച്ചി

# ഉപോദ്ഘാതം

വിശ്വസാഹോദര്യത്തിന്റെ ഉണർത്തുപാട്ടാണ് ഫ്രാൻസിസ് മാർപാപ്പായുടെ "ഫ്രത്തെല്ലി തൂത്തി" എന്ന ചാക്രികലേഖനത്തിൽ മുഴങ്ങി കേൾക്കുന്നത്. സഹോദരർ എന്ന നിലയിൽ എല്ലാവരും പരസ്പരം കണ്ടുമുട്ടാനും, സംവദിക്കാനും, സഹകരിക്കാനും അപ്രകാരം താങ്ങും തണലുമായി സഹവർത്തിത്വത്തിലായിരിക്കാനും ആണ് അടിസ്ഥാന ആഹ്വാനം. അപരനെ ഭയക്കുന്ന, ഭയപ്പെടുത്തുന്ന, വിദ്വേഷത്തിന്റെയും ശത്രുതയുടെയും വികാരവിചാരങ്ങൾ ഒഴിവാക്കിക്കൊണ്ട് എല്ലാവരും സന്തോഷത്തിലും സമാധാനത്തിലും സൗഹൃദത്തിലും ജീവിക്കാൻ ഇടവരണം. പതിമൂന്നാം നൂറ്റാണ്ടിൽ, മുസ്ലിം-ക്രൈസ്തവ സംഘർഷമായ കുരിശുയുദ്ധം നടന്നിരുന്ന കാലത്ത്, ഈജിപ്തിലെ സുൽത്താനായിരുന്ന മാലിക്-അൽ-കമിലിനെ സന്ദർശിക്കാൻ വിശുദ്ധ ഫ്രാൻസിസ് അസ്സീസി പോയി. അത് സുരക്ഷിത സങ്കേതം വിട്ട് ശത്രുപാളയത്തിലേക്കു കടന്നു ചെല്ലുന്നതിനു തുല്യമായിരുന്നു. എന്നാൽ അന്ന് സുൽത്താൻ വിശുദ്ധ ഫ്രാൻസിസിനെ ആദരപൂർവം സ്വീകരിച്ചു. കാരണം, ഫ്രാൻസിസിന്റെ ഹൃദയത്തിൽ ശത്രുതയുടെയും ഭയത്തിന്റെയും കണികപോലും ഇല്ലായിരുന്നു. തന്റെ ഹൃദയത്തിലുണ്ടായിരുന്ന പ്രത്യാശയെപ്പറ്റി വിശദീകരണം നല്കാനായാണ് ഫ്രാൻസിസ് പോയത്; അതും വിനയത്തോടും ആദരവോടുംകൂടെ ആയിരുന്നു (cf. 1 പത്രോ 3,15-16). ഫ്രാൻസിസ് പാപ്പായുടെ ഉദ്യമവും അപ്രകാരം തന്നെ. വിനകൾ കുന്നുകൂടിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണു നാം ഇന്നു ജീവിക്കുന്നത്. ഒരുവശത്ത് മനുഷ്യർ ആഗ്രഹിക്കാത്ത രോഗങ്ങളും പ്രകൃതിയിൽ നിന്നുള്ള അപ്രതീക്ഷിത ആഘാതങ്ങളും മനുഷ്യരെ അസ്വസ്ഥമാക്കുമ്പോൾ മറുവശത്ത് മനുഷ്യർതന്നെ വരുത്തിവയ്ക്കുന്ന പ്രശ്നങ്ങൾ വർദ്ധിക്കുന്നു. അതായത്, മൗലികവാദം ഭീക

രവാദം എന്നിവ, പ്രത്യേകിച്ച് മതമൗലികവാദത്തിൽ നിന്നുയരുന്ന ഭീകരവാദവും പ്രവർത്തനവും, മനുഷ്യരെ അത്യധികമായി അലട്ടിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ സുവിശേഷത്തിന്റെ ശീലുകൾ മീട്ടുന്നത്, എന്തെന്നാൽ "സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോടു നിന്റെ ദൈവം ഭരിക്കുന്നുവെന്നു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരമാണ്!" (ഏശ 52,7).

സദ്വാർത്ത അഥവാ സുവിശേഷം തന്നെയാണ് ഫ്രാൻസിസ് പാപ്പാ ഈ രേഖയിലൂടെ പ്രഘോഷിക്കുന്നത്. ഇത് പരിശുദ്ധമായ സുവിശേഷമാണ്; ഈ ചാക്രികലേഖനത്തിനു സുവിശേഷത്തിന്റെ സ്വാദുണ്ട്. സുവിശേഷത്തിലാണ് യേശു നമ്മെ ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്നു അഭിസംബോധന ചെയ്യാൻ പഠിപ്പിച്ചത്. ദൈവത്തെ പിതാവാണെന്നു അംഗീകരിക്കുമ്പോൾ മനുഷ്യരെല്ലാം സഹോദരരാണ്. അതേസമയം, ക്രൈസ്തവർ ദൈവത്തെ ത്രിത്വമായിട്ടാണ് മനസ്സിലാക്കുന്നതും വിശ്വസിക്കുന്നതും. ത്രിത്വൈക ദൈവത്തിന്റെ കൂട്ടായ്മ (communion) തന്നെയാണ് മനുഷ്യർ തമ്മിലുള്ള കൂട്ടായ്മയുടെയും (ഐക്യത്തിന്റെയും) നിദാനം. ചാക്രികലേഖനത്തിന്റെ അവസാനം ചേർത്തിരിക്കുന്ന "ഒരു സഭൈക്യപ്രാർത്ഥന" എന്നതിൽ ഇക്കാര്യം വ്യക്തമാക്കപ്പെടുന്നു. ത്രിത്വത്തെ "സ്നേഹത്തിന്റെ ത്രിത്വം" (സ്നേഹമാകുന്ന ത്രിത്വം) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ത്രിത്വത്തിൽ നിറയുന്ന ആഴമാർന്ന കൂട്ടായ്മയുടെ (communion) ഭാവം സഹോദര സ്നേഹത്തിന്റെ നീർപ്രവാഹമായി മനുഷ്യരുടെമേൽ വർഷിക്കണമേ എന്നാണ് പ്രാർത്ഥനയുടെ ആരംഭം. ഈ പ്രാർത്ഥന പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പുരസ്ക്കരിച്ചുള്ളതാണ്. ത്രിത്വത്തിലെ സർവാതിശായിത്വത്തിന്റെ (transcendence) അടയാളമാണ് പിതാവ്. അതിന്റെ ഭാഗമഭാക്കായിത്തീരുവാനാണ് മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നത്. കാരണം മലയിലെ പ്രസംഗത്തിൽ യേശു പഠിപ്പിക്കുന്നു: ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴപെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരുവിൻ. തിന്മകൾക്കും കുറവുകൾക്കും ഉപരിയായിനിന്നുകൊണ്ട് മനുഷ്യരെ നോക്കിക്കാണാൻ കഴിയുന്ന പിതാവിന്റെ ഭാവം

മനുഷ്യരും സ്വായത്തമാക്കണം എന്നാണല്ലോ ഈ വചനത്തിന്റെ സാരം. അതിനാലാണ് പരിശുദ്ധപിതാവ് എഴുതുന്നത്: "എല്ലാവരുടെയും പിതാവായ ദൈവത്തോട് തുറവല്ലാതിരുന്നാൽ സാഹോദര്യത്തിനായുള്ള അഭ്യർത്ഥനയ്ക്ക് ദൃഢവും സ്ഥിരവുമായുള്ള കാരണങ്ങൾ ഉണ്ടായിരിക്കുകയില്ല എന്ന കാര്യത്തിൽ വിശ്വാസികൾ എന്നനിലയിൽ നമുക്കു ഉറപ്പുണ്ട്" (ഖ. 272).

മനുഷ്യാവതാരം ചെയ്ത പുത്രനുമായുള്ള അനുരൂപണം നമ്മുടെ ഈ ലോകത്തോടുള്ള രൂഢമൂലതയെ ഉറപ്പിക്കുന്നു; അതായത്, നമ്മുടെ അന്തർലീനതയെ (immanence). മനുഷ്യാവതാരം വഴിയായി യേശുക്രിസ്തു അക്കാലത്തെ മനുഷ്യരുടെ, പ്രത്യേകിച്ച് യഹൂദജനത്തിന്റെ മതത്തിലും, സംസ്ക്കാരത്തിലും, ചരിത്രത്തിലും വേരൂന്നിയവനായി. മാത്രമല്ല, മനുഷ്യാവതാരത്തിന്റെ ഒരു അടിസ്ഥാന ഭാവം പങ്കുവയ്ക്കലാണ്. ദൈവപുത്രൻ മനുഷ്യനായിത്തീർന്നത് മനുഷ്യരുടെ സഹോദരനായിത്തീരാനും തന്റെ ജീവൻ മനുഷ്യരുമായി പങ്കുവയ്ക്കാനും വേണ്ടി ആയിരുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10). ഈ പങ്കുവയ്ക്കലിന്റെ രൂപം ഉള്ളതുകൊണ്ട് യഥാർത്ഥത്തിൽ യേശുക്രിസ്തുവിൽ ആയിരിക്കുന്നയാളിനു സ്വയം മറ്റുള്ളവരിലേക്കു തുറന്നിരിക്കാനും മറ്റുള്ളവരിലേക്കു എത്തിനില്ക്കാനും സാധിക്കും. അതുവഴിയായി അപരനുമായി സംവദിക്കാനും അയാൾക്കു സാധിക്കും. അപരനുമായി സംവദിക്കുവാൻ സാധിക്കുന്നിടത്ത് അപരൻ ഒരു ഭീഷണി ആയി മാറുകയില്ല. അവിടെ അപരൻ ഒരു ധനമായി മാറും. അപരനിൽനിന്നും ധാരാളം സ്വീകരിക്കാനുള്ളതായി അയാൾ മനസ്സിലാക്കും. അപരനിൽ നന്മ ദർശിക്കാൻ കഴിയുമ്പോൾ നമ്മൾ അന്വേഷിക്കുന്നത് ഏതൊക്കെ കാര്യങ്ങളാണ് നമ്മെ പരസ്പരം വ്യത്യസ്തരാക്കുന്നത് എന്നതിലുപരി ഏതൊക്കെ കാര്യങ്ങൾ നമ്മെ പരസ്പരം അടുപ്പിക്കുന്നു അഥവാ യോജിപ്പിക്കുന്നു എന്നതാണ്. അപ്രകാരമുള്ളിടത്ത് സാഹോദര്യവും സൗഹൃദവും പൊട്ടിമുളയ്ക്കും. യേശുക്രിസ്തുവിനെകുറിച്ചും അവിടത്തെ സുവിശേഷത്തെകുറിച്ചും പാപ്പാ ഇപ്രകാരം നിരീക്ഷിക്കുന്നു: "മറ്റുള്ളവർ മറ്റ് ഉറവിടങ്ങളിൽ നിന്നു പാനം ചെയ്യുന്നു. നമുക്ക് മാനുഷിക മഹത്ത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉറവ യേശു ക്രിസ്തുവിന്റെ സുവിശേഷത്തിലാണുള്ളത്. അതിൽ നിന്ന് ഉടലെടുക്കുന്നതാണ് എല്ലാവർക്കുമുള്ള വിളി എന്ന നിലയിൽ

ബന്ധത്തിനും അപരനെന്ന വിശുദ്ധരഹസ്യത്തെ കണ്ടുമുട്ടുന്നതിനും മുഴുവൻ മാനവകുടുംബവുമായുള്ള സാർവത്രിക കൂട്ടായ്മയ്ക്കും ക്രൈസ്തവചിന്താധാരയിലും സഭാപ്രവർത്തനത്തിലും നല്കപ്പെട്ടിട്ടുള്ള മുൻഗണന" (ഖ. 273).

പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള ദൈവശാസ്ത്രം ഈ ചാക്രികലേഖനത്തിൽ വിചിന്തനത്തിനു വിധേയമാകുന്നില്ലെങ്കിൽപോലും പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ "അഗാത്തോസുനെ" (നന്മ) യെകുറിച്ചും (ഖ. 112) "ക്രേസ്തൊതേസ്" (ദയ) നെകുറിച്ചും (ഖ. 223) (cf. ഗലാ 5,22) ഇതിൽ പ്രതിപാദിക്കുന്നു. എന്നാൽ ഇതിൽ ഏറ്റവും സുന്ദരമായത് അവസാനത്തെ പ്രാർത്ഥനയിലുള്ള ചിന്തയാണ്: "പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ. ഭൂമിയിലെ സർവജനതകളിലും പ്രതിഫലിക്കുന്ന അവിടുത്തെ സൗന്ദര്യം ഞങ്ങൾക്കു കാണിച്ചുതരണമേ; അപ്രകാരം, എല്ലാ മനുഷ്യരും പ്രാധാന്യമർഹിക്കുന്നുവെന്നും എല്ലാവരും വേണ്ടപ്പെട്ടവരാണെന്നും, ദൈവം ഇത്രയേറെ സ്നേഹിക്കുന്ന ഏക മാനവ കുടുംബത്തിലെ വ്യത്യസ്ത മുഖങ്ങളാണെന്നും ഞങ്ങൾ കണ്ടെത്തട്ടെ. ആമ്മേൻ."

പ്രാർത്ഥനയുടെ ഈ ഭാഗത്ത്, ലേഖനത്തിന്റെ ഏറ്റവും അവസാന ഖണ്ഡികയായ ഇവിടെ, ഫ്രാൻസിസ് പാപ്പാ ഉദ്ദേശിക്കുന്ന സകല കാര്യങ്ങളും സംഗ്രഹിക്കപ്പെടുന്നു എന്നു പറയാം. പരിശുദ്ധാത്മാവ് സൗന്ദര്യമാണ്. പരിശുദ്ധാത്മാവ് എല്ലാ അതിർവരമ്പുകളെയും ലംഘിക്കുന്ന ദൈവചൈതന്യമാണ്. ആകയാൽ പരിശുദ്ധാത്മാവ് തുറവിയുടെയും, ചലനാത്മകതയുടെയും, സ്വാതന്ത്ര്യത്തിന്റെയും, മാറ്റത്തിന്റെയും ചൈതന്യമാണ് (cf. യോഹ 3,8). ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ യേശുക്രിസ്തു ആയിരിക്കുന്നതുപോലെ ചരിത്രത്തിൽ രൂഢമൂലമായവരാണ് നാം; എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ തുറവിനു കാരണമായി നില്ക്കുന്നു. തുറവിയില്ലാത്ത രൂഢമൂലത നമ്മെ അസഹിഷ്ണുതയിലേക്കു തീവ്രവാദപരമായ ഭാവങ്ങളിലേക്കു നയിക്കും; രൂഢമൂലതയില്ലാത്ത തുറവ് ഉപരിപ്ലവതയിലേക്കും നയിക്കും. ആകയാൽ രൂഢമൂലതയും തുറവും സമന്വയിപ്പിക്കുമ്പോഴാണ് യഥാർത്ഥത്തിൽ നമ്മൾ ക്രിസ്തീയഭാവം ഉള്ളവരായി മാറുന്നത്. അപ്പോഴാണ് എല്ലാ മനുഷ്യരും പ്രാധാന്യമർഹിക്കുന്നവരും വേണ്ടപ്പെട്ടവരും ദൈവം ഏറെ സ്നേഹിക്കുന്ന മാനവ കുടുംബത്തിലെ വ്യത്യസ്ത മുഖങ്ങളാണെന്നും നമ്മൾ മനസ്സിലാക്കുന്നത്.

ഈ ലേഖന സമാഹാരഗ്രന്ഥത്തിന്റെ ഉദ്ദേശ്യം ഫ്രത്തെല്ലി തൂത്തിയുടെ വായന എളുപ്പമാക്കുക എന്നതാണ്. അതിനു ആദ്യ ലേഖനത്തിൽ പൊതുവായ ഒരു വായനവഴി ചാക്രികലേഖനത്തിന്റെ ചെറിയൊരു സംഗ്രഹം വ്യാഖ്യാനപൂർവം അവതരിപ്പിച്ചിരിക്കുന്നു. ചാക്രികലേഖനം മുഴുവനും ബൈബിൾ വ്യാഖ്യാനത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ അതിന്റെ പിന്നിലുള്ള ബൈബിൾ അധിഷ്ഠിതമായുള്ള ആദ്ധ്യാത്മികതയെ അന്വേഷിക്കുകയാണ് ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ. അതേസമയം സമഗ്രമായ ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറയിലാണ് ഈ ചാക്രികലേഖനത്തിന്റെ ആത്മീയത കെട്ടിപ്പടുത്തിയിരിക്കുന്നത്. അക്കാരണത്താൽ ഡോ. ജോഷി മയ്യാറ്റിൽ ക്രൈസ്തവികതയുടെ വിശ്വാസകേന്ദ്രമായ ത്രിയേകദൈവ പരിപ്രേക്ഷ്യത്തിലൂടെയും, നല്ല സമരിയക്കാരന്റെ ഉപമയുടെ വീക്ഷണകോണിലൂടെയും തുടർന്നു പാപ്പാ നടത്തിയിരിക്കുന്ന ആദ്ധ്യാത്മിക പ്രയോഗങ്ങളിലൂടെയും ചാക്രികലേഖനത്തെ നോക്കിക്കാണുന്നു. ഈ ലേഖനത്തെ പാപ്പാ തന്നെ സാമൂഹ്യ ലേഖനങ്ങളുടെ പട്ടികയിൽ ചേർക്കുന്നു. ആയതിനാൽ, ഈ ലേഖനത്തിന്റെ സാമൂഹ്യകാഴ്ചപ്പാട് അതീവ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. നമ്മുടെ ഈ കാലഘട്ടത്തിന്റെ സാമൂഹ്യമായ പ്രശ്നങ്ങളും വെല്ലുവിളികളും ചൂണ്ടിക്കാണിക്കുന്ന പരിശുദ്ധ പിതാവ് സുവിശേഷത്തിന്റെ കണ്ണുകളിലൂടെ അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുന്നതിലേക്കു ആഴ്ന്നിറങ്ങുകയാണ് ഡോ. സ്റ്റാൻലി മാതിരപ്പിള്ളി. സമർപ്പിത ജീവിതത്തിന്റെ കാതലാണ് സാഹോദര്യം. വിശുദ്ധ ഫ്രാൻസിസ് തന്നോടൊപ്പം സമർപ്പിത ജീവിതം നയിക്കാൻ തുനിഞ്ഞ സഹോദരന്മാർക്കു കൊടുത്ത ഉപദേശത്തിൽ തുടങ്ങുന്ന ഈ ചാക്രികലേഖനം സമർപ്പിത ജീവിതത്തിന്റെ, അഥവാ സന്യാസത്തിന്റെ, ആവൃതികളിലേക്കു എങ്ങനെ കടക്കുന്നു എന്നും സന്യസ്തരെ എപ്രകാരം ധ്യാനനിരതരും സഹോദരസ്നേഹത്തിൽ കർമോന്മുഖരും ആക്കിത്തീർക്കാൻ എന്തു ദർശനം അവതരിപ്പിക്കുന്നു എന്നും അവലോകനം ചെയ്യുകയാണ് സിസ്റ്റർ ഡോ. തെരേസ് ആലഞ്ചേരി. സാമൂഹ്യലേഖനം എന്ന നിലയിൽ ഈ ലേഖനത്തിൽ രാഷ്ട്രീയത്തെക്കുറിച്ചും രാഷ്ട്രീയപ്രവർത്തനത്തെകുറിച്ചും ഫ്രാൻസിസ് പാപ്പാ സവിസ്തരം പ്രതിപാദിക്കുന്നു. രാഷ്ട്രീയം നന്മ ചെയ്യാനുള്ള, ഉപവിയുടെ പാഠം അഭ്യസിക്കാനുള്ള, ഉത്തമമായ വേദിയാണെന്നു സമർത്ഥിക്കുന്നതും തൽസംബന്ധമായ പ്രബോധനങ്ങളും കൂലങ്കഷമായ പഠന

ത്തിനു വിധേയമാക്കുകയാണ് ഡോ. കുര്യാസ് കുമ്പളക്കുഴി. ചാക്രിക ലേഖനത്തിന്റെ സഭൈക്യകാഴ്ചപ്പാട് അതിന്റെ കെട്ടിലും മട്ടിലും സുവ്യക്തമാണ്. ഇതര സഭകളോടും ചേർന്നാണ് വിശ്വസാഹോദര്യത്തെകുറിച്ച് പാപ്പാ പര്യാലോചന നടത്തുന്നത്. ഇക്കാര്യത്തെ ആഴമായി അപഗ്രഥനം ചെയ്യുകയാണ് ഡോ. തോമസ് കുഴിനാപ്പുറത്ത്. വിശ്വസാഹോദര്യപാഠത്തിൽ മതങ്ങളുടെ ദൈവശാസ്ത്രം അനിവാര്യമായ ഘടകമാണല്ലോ! ലോകം മുഴുവൻ വിവിധ മതവിശ്വാസികൾ ഒരുമിച്ച് ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ഇതര മതങ്ങൾക്ക് ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ എന്താണ് സ്ഥാനം എന്ന ചോദ്യം ക്രൈസ്തവർക്ക് ഒഴിവാക്കാനാവില്ല. ഇക്കാര്യത്തിൽ ചാക്രികലേഖനത്തിന്റെ വീക്ഷണം എന്താണെന്ന് വിലയിരുത്തുകയാണ് ഡോ. സക്കറിയാസ് പറനിലം. പരിശുദ്ധ പിതാവിന്റെ ഈ വിശ്വസാഹോദര്യ കാവ്യത്തിന്റെ അന്തരാർത്ഥങ്ങളിലേക്കു കടന്നു ചെല്ലാൻ ഈ ലേഖനങ്ങൾ അനുവാചകരെ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു.

**ഡോ. ജേക്കബ് പ്രസാദ്**



# "ഫ്രത്തെല്ലി തൂത്തി" : ഒരു പൊതുവായന

റവ. ഡോ. ജേക്കബ് പ്രസാദ്*

**ആമുഖം**

2020 ഒക്ടോബർ 4-ാം തീയതി ഫ്രാൻസിസ് മാർപാപ്പാ തന്റെ മൂന്നാമത്തെ ചാക്രിക ലേഖനമായ Fratelli Tutti (എല്ലാവരും സഹോദരർ) പുറപ്പെടു വിക്കുകയുണ്ടായി. ഫ്രാൻസിസ് മാർപാപ്പയുടെ ആദ്യത്തെ ചാക്രിക ലേഖനം Lumen Fidei (വിശ്വാസത്തിന്റെ വെളിച്ചം) ആയിരുന്നു. രണ്ടാമ ത്തേത് Laudato Si' (അങ്ങേയ്ക്ക് സ്തുതി)യും.

അവസാനത്തെ രണ്ട് ചാക്രിക ലേഖനങ്ങളുടെ പിന്നിൽ അസ്സീസി യിലെ വി. ഫ്രാൻസിസ്സിന്റെ പ്രചോദനം ഉണ്ടായിരുന്നെന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നു. ഫ്രാൻസിസ് മാർപാപ്പാ തന്റെ പേര് അസ്സീസിയിലെ ആ വിശുദ്ധന്റെ പേരിൽ നിന്ന് എടുത്തതാണെന്ന് അറിയാമല്ലോ. ഹോർഗെ ബെർഗോളിയോ മാർപാപ്പാ ആയപ്പോൾ അദ്ദേഹം ഒരു മാർപാപ്പയും അതിനുമുമ്പ് സ്വീകരിച്ചിട്ടില്ലാത്ത അസ്സീ സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പേര് ആണ് സ്വീകരിച്ചത്.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് തനിക്കു പ്രചോദനമാ യതിലാണ് ഫ്രാൻസിസ് മാർപാപ്പാ Fratelli Tutti പുറപ്പെടുവിക്കാനായി ഒക്ടോബർ 3-ാം തീയതി അസ്സീസിയിലേക്ക് യാത്ര ചെയ്യുകയും അവിടെ വി. ഫ്രാൻസിസിന്റെ ശവകുടീരത്തിനു മുകളിലുള്ള ദേവാല

യത്തിൽ ദിവ്യപൂജ അർപ്പിക്കുകയും അതിനുശേഷം അസ്സീസിയിൽ വച്ച് ഈ ചാക്രിക ലേഖനം ഒപ്പിടുകയും ചെയ്തത്. ഇത് ഒരു അസാധാരണ സംഭവമാണ്. സാധാരണ ഗതിയിൽ മാർപാപ്പാമാർ ചാക്രിക ലേഖനങ്ങൾ ഒപ്പിടുന്നത് വത്തിക്കാനിൽ വച്ചാണ്. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ സഭ ആചരിക്കുന്ന ദിവസം, ഒക്ടോബർ 4-ാം തീയതി, ലേഖനം പ്രസിദ്ധീകൃതം ആയി.

'Laudato Si', 'അങ്ങേയ്ക്ക് സ്തുതി', എന്ന് പറയുന്നത് ഈ ഭൂമിയിലെ സകല വസ്തുക്കളെയും നോക്കി ദൈവത്തെ സ്തുതിക്കുന്നതിന്റെ ഭാഗമായിട്ട് വി. ഫ്രാൻസിസ് എഴുതിയ കീർത്തനത്തിന്റെ ആദ്യവരിയുടെ ഭാഗമാണ്. Laudato Si' ൽ നമ്മുടെ പൊതുഭവനമായ ഭൂമിയെ സംബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ എഴുതുകയായിരുന്നു.

Fratelli Tutti യിൽ എല്ലാവർക്കും എല്ലാ മനുഷ്യരെയുംകുറിച്ച് കരുതലുണ്ടാകണം എന്ന് എഴുതുന്നു. ഈ ശീർഷകം ഫ്രാൻസിസ് അസ്സീസി തന്റെ സഹോദരന്മാരെ വിളിച്ചുകൊണ്ട് അവർക്ക് ഉപദേശം നല്കികൊണ്ട് എഴുതിയ admonitions (ഉപദേശങ്ങൾ) എന്നുപറയുന്ന രേഖയിൽ നിന്ന് എടുത്തതാണ്. 'സഹോദരരായ എല്ലാവരുമേ' എന്നു പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് അവർക്ക് ഉപദേശം നല്കിയത്.

ഫ്രാൻസിസ് അസ്സീസി 1226 ഒക്ടോബർ 3-ാം തിയതി കാലം ചെയ്തു. എന്നാൽ വിശുദ്ധർ ധിഷണാശാലികളും, ക്രാന്തദർശികളും ആയിരുന്നു. അവർ കാലത്തിനു മുമ്പേ നടന്നവർ ആയിരുന്നു. ആയതിനാൽ അവരുടെ ചിന്തകൾക്കും ആശയങ്ങൾക്കും ഇന്നും പ്രസക്തിയുണ്ട്. കോവിഡ്-19 ന്റെ പശ്ചാതലത്തിലാണ് ഈ ലേഖനം ഇറ



ങ്ങുന്നത്. കോവിഡ്-19 ന്റെ സാഹചര്യംതന്നെ ചാക്രികലേഖനം എഴുതുമ്പോൾ പ്രചോദനമായെന്നു മാർപാപ്പാ പറയുന്നു. കാരണം, നാം ആരും ഒറ്റപ്പെട്ട തുരുത്തുകൾ അല്ല. ലോകം മുഴുവനുമുള്ള ആളുകൾ ഒരേ ഒരു രോഗത്തിന്റെ പിടിയിൽ ആയിരിക്കുന്നു. എല്ലാവരും ഒരുമിച്ച് നിന്ന് ഇതിനെ പ്രതിരോധിക്കാനായി ശ്രമിക്കുന്നു. അതുകൊണ്ട് എല്ലാവരും സഹോദരീസഹോദരന്മാരാണെന്നുള്ള യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഇന്നത്തെ സാഹചര്യം.

ഈ ലേഖനത്തിന്റെ പ്രേരക ശക്തിയായിട്ട് രണ്ട് കാര്യങ്ങൾ മാർപാപ്പ ചൂണ്ടികാണിക്കുന്നു: (1) മാർപാപ്പാ 2019-ൽ ഗൾഫ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയപ്പോൾ ഫെബ്രുവരി 4-ാം തീയതി അബുദാബിയിൽവച്ച് അൽ അഷറിലെ ഇമാം അഹമ്മദ് അൽ തയ്യെബുമായി നടത്തിയ ചർച്ച. അദ്ദേഹവുമായി നടത്തിയ ചർച്ചയുടെ അവസാനത്തിൽ ഒരു രേഖ മാർപാപ്പാ ഒപ്പിടുകയുണ്ടായി: Human Fraternity ('മനുഷ്യ സാഹോദര്യം'). ഈ ചാക്രികലേഖനം നവമായ ഒരു ലോക സങ്കല്പത്തെ സ്വപ്നം കാണാനുള്ള വെല്ലുവിളി ഉയർത്തുന്ന വേളയിലാണ് എഴുതപ്പെടുന്നത്. വിവരസാങ്കേതിക വിദ്യയുടെ പശ്ചാത്തലത്തിൽ പഴയ സ്ഥാപനങ്ങളും അധികാരങ്ങളും കടപുഴകി വീഴുന്ന കാലമാണിത്. ലോകത്തിന്റെ ഏതു കോണിലിരുന്നുകൊണ്ടും എവിടെ ഇരിക്കുന്ന ആളിനെയും വളരെ എളുപ്പം സ്വാധിനിക്കാൻ കഴിയുന്ന സാഹചര്യത്തിലാണ് നാം എത്തിചേർന്നിരിക്കുന്നത്. ആയതിനാൽ ഭാവി വളരെ അനിശ്ചിതത്വത്തിലാണ്. വിശുദ്ധ ഫ്രാൻസിസി അസീസിയുടെ കാലത്തെന്നപോലെ ക്രിസ്തീയതയും രാഷ്ട്രീയ ഇസ്ലാമും തമ്മിലുള്ള ബന്ധം സുഗമമല്ലാത്ത വേളയാണിത്. അന്ന് വിശുദ്ധ ഫ്രാൻസിസ് സുൽത്താൻ മാലിക്-എൽ-കമീലിനെ കാണാൻ പോയി. ഇപ്പോൾ ഫ്രാൻസിസ് പാപ്പാ മഹാ ഇമാം അഹമ്മദ് അൽ തയ്യെബുമായി ചർച്ച നടത്തുന്നു. അടിയന്തിരമായി വിശ്വസാഹോദര്യത്തിന്റെ പുതിയ ധാരണകൾ ഉരുത്തിരിയേണ്ടതുണ്ട് (Timothy Radcliffe, "Fratelli Tutti: An Invitation to an Imaginative Renewal," *L'Osservatore Romano,* 6 Nov 2020, pp.**89** കാണുക).

(2) ചാക്രിക ലേഖനത്തിന്റെ 286-ാമത്തെ ഖണ്ഡികയിൽ ലേഖനം എഴുതാൻ പ്രചോദനമായ്നിന്ന അകത്തോലിക്കരായ മൂന്ന് ആളുകളുടെ പേര് പറയുന്നു. (i) ബാപ്റ്റിസ്റ്റ് പാസ്റ്ററും-അമേരിക്കൻ സിവിൽ റൈറ്റ്സ് ആക്ടിവിസ്റ്റുമായിരുന്ന മാർട്ടിൻ ലൂഥർ കിംഗ്: 1964-ൽ അദ്ദേഹത്തിന്

സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിക്കുകയുണ്ടായി. (ii) സൗത്ത് ആഫ്രിക്കക്കാരനായ, Anglican ആർച്ച്ബിഷപ്പ് ഡെസ്മണ്ട് ടുട്ടു. അദ്ദേഹം ഇന്നും ജീവിച്ചിരിക്കുന്നു. വർണ വിവേചനത്തിന് എതിരായി പ്രവർത്തിച്ച അദ്ദേഹം 1984-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനവും നേടുകയുണ്ടായി. (iii) മോഹൻദാസ് കരംചന്ദ് ഗാന്ധി. വത്തിക്കാനിൽ നിന്നുള്ള മാർപാപ്പമാർ പുറപ്പെടുവിക്കുന്ന ഒരു ചാക്രിക ലേഖനത്തിൽ അക്രൈസ്തവനായ മഹാത്മഗാന്ധിയെ പ്രകീർത്തക്കുന്നു എന്നത് ഇന്ത്യാക്കാരായ നമുക്ക് വളരെയേറെ സന്തോഷവും അഭിമാനവും നല്കുന്നു. മഹാത്മാഗാന്ധിയെപോലും ഫ്രാൻസിസ് മാർപാപ്പ ഉദ്ധരിക്കുന്നെങ്കിൽ അത് വലിയൊരു തുറവിയുടെ ലക്ഷണമാണ്. മനുഷ്യരുടെ നന്മ, അത് ആരിൽ കാണുന്നു എന്ന ചോദ്യം ഉന്നയിക്കാതെ, അംഗീകരിക്കാൻ പാപ്പാ തയ്യാറാകുന്നു എന്നത് വിശ്വസാഹോദര്യത്തിന്റെ അടയാളമാണ്. ഈ മൂവരെയും പാപ്പാ വിശുദ്ധരെന്നു വിളിക്കുന്നു എന്നു കരുതാവുന്നതാണ്. കാരണം സഭ ചിലരെ വിശുദ്ധരെന്നു വിളിക്കുമ്പോൾ അവർ വിശ്വാസികൾക്കു മാതൃകയും പ്രചോദനവുമായി മാറിയിരിക്കുന്നു എന്നാണല്ലോ വിവക്ഷ.

ഇവരിൽ ആദ്യ രണ്ടുപേരെ പരാമർശിക്കുക വഴിയായി പാപ്പാ ഒരു സഭൈക്യ കാഴ്ചപ്പാട് (ecumenical perspective) നിലനിർത്തുകയാണ്. എന്തെന്നാൽ, മാർട്ടിൻ ലൂഥർ കിംഗും ഡെസ്മണ്ട് ടുട്ടുവും ഇതര ക്രൈസ്തവ സഭാംഗങ്ങളാണ്. മഹാത്മ ഗാന്ധിയെ ഉൾപ്പെടുത്തുക വഴിയായി ഒരു മതാന്തര സംവാദത്തിന്റെ (inter-religious dialogue) പാതയും വെട്ടിതുറക്കപ്പെടുന്നു. പഴയനിയമത്തിൽ ഏശയ്യാ പ്രവചിച്ച തുറവിയുടെ പാഠം പാപ്പാ അഭ്യസിക്കയാണെന്നു പറയാം: "അന്ന് ഈജിപ്തിൽ നിന്ന് അസ്സീറിയായിലേക്ക് ഒരു രാജവീഥിയുണ്ടായിരിക്കും. അസ്സീറിയാക്കാർ ഈജിപ്തിലേക്കും ഈജിപ്തുകാർ അസ്സീറിയായിലേക്കും പോകും. അസ്സീറിയാക്കാരോടുചേർന്ന് ഈജിപ്തുകാരും കർത്താവിനെ ആരാധിക്കും. അക്കാലത്ത് ഇസ്രായേൽ, ഈജിപ്തിനോടും അസ്സീറിയായോടുംചേർന്നു ഭൂമിയുടെ മധ്യത്തിൽ അനുഗ്രഹമായി നിലകൊള്ളും. സൈന്യകളുടെ കർത്താവ് ഈ മൂവരെയും ഇങ്ങനെ അനുഗ്രഹിച്ചിരിക്കുന്നു. എന്റെ ജനമായ ഈജിപ്തും, എന്റെ കരവേലയായ അസ്സീറിയായും എന്റെ അവകാശമായ ഇസ്രായേലും അനുഗ്രഹിക്കപ്പെടട്ടെ" (ഏശ 19,23-25). ഏശയ്യാ പേർഷ്യ രാജാവായ സൈറസിനെ ദൈവം "തന്റെ മിശിഹാ" (അഭിഷിക്തൻ) എന്നു

വിളിക്കുന്നു എന്നുപറയാൻ കൂടി മടിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ് (ഏശ 45,1). ചാക്രികലേഖനം അവസാനിക്കുമ്പോൾ പാപ്പാ ചേർത്തിരിക്കുന്ന ഒരു പൊതുപ്രാർത്ഥനയും സഭൈക്യ പ്രാർത്ഥനയും ഈ വ്യാഖ്യാനത്തെ സാധൂകരിക്കുന്നതാണ്.

യഥാർത്ഥത്തിൽ ഈ മൂവരും അവരവരുടെ മതത്തിനും സമുദായത്തിനും സംഘടനയ്ക്കും വേണ്ടി മാത്രം സംസാരിച്ചവരായിരുന്നില്ല. അവർ ലോക നേതാക്കളായിരുന്നു. അവരെ നയിച്ചത് ഒരു പ്രാപഞ്ചിക ചൈതന്യമാണ്. ഈ ചൈതന്യം (Spirit) മതങ്ങളുടെ അതിർവരമ്പുകളെയും ചട്ടകൂടുകളെയും ഭേദിക്കുന്നവയാണ്. മതങ്ങൾ പലപ്പോഴും പരിധികൾ നിർണയിക്കുമ്പോൾ ആധ്യാത്മികത (spirituality) പരസ്പരം കണ്ടുമുട്ടാനുതകുന്ന ഐക്യത്തിന്റെ വേദികൾ ഒരുക്കുന്നു.

## പൊതു അവലോകനം

ഈ ചാക്രിക ലേഖനത്തിൽ 287 ഖണ്ഡികകളുണ്ട്. ഇത് 8 അദ്ധ്യായങ്ങളായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ആമുഖത്തിൽ ഫ്രാൻസിസ് അസ്സീസി ഈജിപ്തിലെ സുൽത്താൻ മാലിക്ക്-എൽ-കമീൽ-നെ സന്ദർശിക്കാൻ പോയതിനെകുറിച്ച് പാപ്പാ പരാമർശിക്കുന്നു. പാപ്പാ പറയുന്നു: “എണ്ണൂറ് വർഷങ്ങൾക്കുമുമ്പ് വിശുദ്ധ ഫ്രാൻസിസ് എല്ലാ തരത്തിലുമുള്ള ശത്രുതയും സംഘട്ടനവും ഒഴിവാക്കണമെന്നും സ്വന്തം വിശ്വാസത്തിൽ പങ്കുചേരാത്തവരോട് വിനയത്തോടും സാഹോദര്യത്തോടുംകൂടി ‘വിധേയത്വം’ കാണിക്കണമെന്നും പറഞ്ഞത് ഹൃദയസ്പർശിയായ കാര്യമാണ്” (ഖ.3). കുരിശു യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വിശുദ്ധ ഫ്രാൻസിസ് നടത്തിയ അനുരഞ്ജന ശ്രമത്തിന്റെ ഭാഗമായിരുന്നു ആ സന്ദർശനം. ഇതൊരു സാമൂഹ്യ ചാക്രികലേഖനമാണ്. സാഹോദര്യത്തെയും സാമൂഹ്യ സൗഹൃദത്തെയും സംബന്ധിച്ച് നല്ല മനസ്സുള്ള എല്ലാവർക്കും വേണ്ടി എഴുതിയതാണിത്. പാപ്പാ പറയുന്നു: “ക്രിസ്തീയ അവബോധങ്ങളിൽ നിന്നാണ് ഇതെഴുതിയതെങ്കിലും എന്റെ ചിന്തയെ സന്മനസ്സുള്ള എല്ലാവരുടെയും ഇടയിൽ സംവാദം നടത്തുന്നതിനുള്ള ഒരു ക്ഷണമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്”(ഖ.6).

## അടഞ്ഞ ലോകത്തിന്റെമേലുള്ള കാർമേഘങ്ങൾ

ആദ്യ അദ്ധ്യായത്തിൽ (ഖഖ.9-55) അടഞ്ഞ ലോകത്തിന്റെ മേലുള്ള ഇരുണ്ട മേഘങ്ങളുടെ ലക്ഷണങ്ങൾ മാർപാപ്പാ വിവരി

ക്കുന്നു. ഇന്ന് നമ്മുടെ ലോകത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന പ്രശ്ന ങ്ങളിലേക്ക് മാർപാപ്പാ വിരൽ ചൂണ്ടുന്നു. പല ആശയങ്ങളും പല സംവിധാനങ്ങളും ഇന്ന് വികലമായിപോയിരിക്കുന്നു. ഉദാഹര ണത്തിന്, ജനാധിപത്യം, സ്വാതന്ത്ര്യം, നീതി എന്നിവയൊക്കെ വിക ലമായി തീർന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിപ ണിയാണ് എല്ലാറ്റിനെയും നയിക്കുന്നത്; ലാഭമാണ് ഏറ്റവും പ്രധാന പ്പെട്ടത് എന്ന് കരുതപ്പെടുന്നു. ഐക്യത്തിന്റെ സ്വപ്നങ്ങൾ തകർക്ക പ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് European Union, Union of Latin American Countries. പല രാജ്യങ്ങളിലും ശക്തമായ ദേശീയവാദം (nationalism) ഉയരുന്നു; സാംസ്ക്കാരിക അധീശത്വത്തിനുള്ള ശ്രമങ്ങൾ നടക്കുന്നു. ലോകത്തെ മുഴുവൻ ആശ്ലേഷിക്കുന്ന ഒരു പദ്ധതി (plan) ഇല്ലാതായിരിക്കുന്നു (ഖപ.15-17). പാപ്പാ വിവരിക്കുന്നു: “ഒരു വസ്തുത കൂടി നാം തിരിച്ചറിയണം. അതായത്, ക്രൈസ്തവർ ഉൾപ്പെടെയുള്ള മതവിശ്വാസികളിൽ ചിലപ്പോൾ തീവ്രവാദത്തിന്റെ വിനാശകരമായ രൂപങ്ങൾ കാണപ്പെടുന്നുണ്ട്. ‘ഇന്റർനെറ്റിലൂടെയും ഡിജിറ്റൽ കമ്മ്യൂ ണിക്കേഷന്റെ വിവിധ മാർഗങ്ങളിലൂടെയും വാചികാക്രമണത്തിന്റെ നെറ്റുവർക്കുകളിൽ അവരും കുടുങ്ങിപ്പോകാം. കത്തോലിക്കാ മീഡി യയിൽപോലും അതിരു കടക്കലുണ്ടാകാം, അപകീർത്തിപ്പെടുത്തലും അപവാദം പറയലും സാധാരണമായേക്കാം, എല്ലാ ധാർമ്മിക മാനദ ണ്ഡങ്ങളും മറ്റുള്ളവരുടെ സത്പേരിനോടുള്ള ആദരവും കാറ്റിൽ പറ ത്തപ്പെട്ടേക്കാം” (ഖ. 46).

മാത്രമല്ല, പകർച്ച വ്യാധികൾ, തൊഴിലില്ലായ്മ, സ്ത്രീകളോടുള്ള മര്യാദയില്ലാത്ത അവഗണന നിറഞ്ഞ പെരുമാറ്റം, മതമൗലികവാദം, ഭീകരവാദം, വർഗീയവാദം, വംശീയവാദം, മനുഷ്യകടത്ത് (human trafficking) ശരീര ഭാഗങ്ങളുടെ കടത്ത് (organ trafficking), ഗർഭഛിദ്രം, മതിലുകളുടെ സംസ്കാരം എന്നിവയെല്ലാം ഉരുണ്ടുകൂടുന്ന കാർമേ ഘങ്ങളുടെ ലക്ഷണങ്ങളാണ്. എന്നുമല്ല, ഒരു കാരണവശാലും കുടി യേറ്റക്കാരെയും അഭയാർത്ഥികളെയും കയറ്റുകയില്ല എന്ന് ചില രാജ്യ ങ്ങൾ തീരുമാനിക്കുന്നു;

എന്നാൽ ഇനിയും പ്രത്യാശയ്ക്കു വകയുണ്ട്. കുറച്ചാളുകളെ ക്കൊണ്ട് ലോകത്തിന്റെ മുറിവുകൾ ഉണക്കാനാകും. ഇക്കാര്യം അവ തരിപ്പിക്കാനായി ഫ്രാൻസിസ് പാപ്പാ യേശു പറഞ്ഞ നല്ല സമറിയാ ക്കാരന്റെ ഉപമ ചാക്രികലേഖനത്തിന്റെ രണ്ടാമദ്ധ്യായത്തിൽ വ്യാഖ്യാ



നിക്കുന്നു. ഈ ലേഖനം സന്മനസുള്ള ഏതൊരാളെയും ഉദ്ദേശിച്ചിട്ടുള്ളതാകയാൽ തന്റെ മതവിശ്വാസവും ബോധ്യങ്ങളും എന്തായാലും ഈ അന്യാപദേശം ഏതൊരാൾക്കും പ്രസക്തവും വെല്ലുവിളി ഉയർത്തുന്നതുമാണെന്നു പാപ്പാ പറയുന്നു (ഖ. 56).

## "വഴിയിൽ ഒരു അപരിചിതൻ"

നല്ല സമറിയാക്കാരന്റെ ഉപമ (ലൂക്ക 10,25-37) വ്യാഖ്യാനിച്ചുകൊണ്ട് പാപ്പാ പറയുവാൻ ഉദ്ദേശിക്കുന്നത്, നമ്മൾ സ്നേഹംകൊണ്ട് പാലം പണിയുന്നവർ ആകണം എന്നാണ്. നല്ല സമറിയാക്കാരൻ തന്റെ വസ്തുക്കളും സമയവും ആ അപരിചിതനായ മനുഷ്യനുവേണ്ടി ചിലവഴിക്കാൻ തയ്യാറായി (ഖ. 63), നല്ല സമറിയാക്കാരനെപോലെ ആകുക എന്നതാണ് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വം. വളരെയേറെ ചിന്തകൾക്കു വഴി നല്കുന്നതാണ് ഈ ഉപമ.

ഈ ഉപമയിലെ ഓരോ കഥാപാത്രവും ഓരോ പ്രവൃത്തിയും ശ്രദ്ധേയമാണ്. "മുറിവേറ്റ മനുഷ്യനോ അയാളെ സഹായിച്ചയാളോ കോപിക്കുന്നതിനോ പകരംവീട്ടാനോ ഇടയായാൽ എന്തു സംഭവിക്കുമായിരുന്നുവെന്ന് യേശു ചോദിക്കുന്നില്ല. മനുഷ്യന്റെ അന്തരാത്മാവിലെ അത്യുത്തമമായതിൽ യേശു പ്രതീക്ഷവയ്ക്കുന്നു; ഈ ഉപമ വഴി സ്നേഹത്തിൽ നിലനില്ക്കാനും സഹനത്തിന് അന്തസ്സേകാനും സമൂഹം എന്ന പേരിനർഹമായ ഒന്നിനെ കെട്ടിപ്പടുക്കുവാനും അവിടുന്നു പ്രോത്സാഹിപ്പിക്കുന്നു"(ഖ. 71). പാപ്പാ തുടർന്നു പറയുന്നു "കട

ന്നുപോകുന്നവരെകുറിച്ചുള്ള ഒരു വിശദാംശം വ്യക്തമായി നമുക്കു കാണാം. അവർ മതവിശ്വാസികളാണ്; ദൈവാരാധനയിൽ നിഷ്ഠയു ള്ളവരുമാണ്; ഒരു പുരോഹിതനും ഒരു ലേവായനും ഈ വിശദാംശം അവഗണിക്കാൻ പാടില്ല. ദൈവത്തിലുള്ള വിശ്വാസവും ദൈവാരാധ നയുംകൊണ്ടു മാത്രം നമ്മൾ ദൈവത്തിനിഷ്ടപ്പെട്ടവിധം യഥാർത്ഥ ത്തിൽ ജീവിക്കുന്നു എന്ന് ഉറപ്പേകുന്നില്ല" (ഖ. 74). അതുപോലെ, "എല്ലാം പൊട്ടിനശിച്ചു' എന്ന പരാതിയ്ക്കുള്ള മറുപടി 'അതു ശരി യാക്കാനാവില്ല' എന്നോ 'എനിക്കെന്തു ചെയ്യാൻ കഴിയും' എന്നോ ആണ്. ഇത് നിസ്സഹായതയെയും നിരാശയെയും പോഷിപ്പിക്കുന്നു" (ഖ. 75).

"അവസാനമായി മുറിവേറ്റ മനുഷ്യനിലേക്ക് നമുക്കു ശ്രദ്ധ തിരി ക്കാം. അയാളെപ്പോലെ ദയനീയമായവിധം മുറിവേറ്റും വഴിയരുകിൽ തള്ളപ്പെട്ടും നാം കിടക്കുകയാണെന്ന് നമുക്ക് തോന്നും. നിസ്സഹായ തയും അനുഭവപ്പെട്ടേയ്ക്കാം. കാരണം നമ്മുടെ സ്ഥാപനങ്ങൾ തിര സ്ക്കരിക്കപ്പെടുകയും അവയ്ക്ക് വിഭവങ്ങൾ ഇല്ലാതെവരികയും ചെയ്തേക്കാം. അല്ലെങ്കിൽ അവ അകത്തോ പുറത്തോ ഉള്ള കുറച്ചു വ്യക്തികളുടെ താല്പര്യങ്ങളെ മാത്രമേ കണക്കിലെടുക്കുന്നുള്ളൂ എന്നും വന്നേയ്ക്കാം" (ഖ. 76). പ്രസ്തുത സാഹചര്യങ്ങളിൽ നിരാ ശപ്പെടരുതെന്നാണ് മാർപാപ്പായുടെ ചിന്ത. ഇതിന്റെ അടിസ്ഥാനത്തിൽ നവമായി ആരംഭിക്കാൻ നാം തയ്യാറാകണം എന്നാണ് പാപ്പാ തുടർന്നു പറയുന്നത്. എല്ലാവർക്കും, ഓരോരുത്തർക്കും ഈ പ്രക്രിയയിൽ പങ്കു ചേരാനാകും. ഇക്കാര്യത്തിൽ ആഢ്യഭാവങ്ങൾക്കു പ്രസക്തിയില്ല. സമ



റിയാക്കാരനെ സദാ കളങ്കിതൻ (perpetually polluted) ആയിട്ടാണ് യഹൂദർ കരുതിയിരുന്നത്. യേശുവിനെപ്പോലും സമറിയാക്കാരനെന്നു വിളിച്ച് അവർ പരിഹസിച്ചു (യോഹ 8,48). എന്നാൽ കഥയിലെ സമറിയാക്കാരനു ജാതിയോ മതമോ ഇല്ല. അയാളെ സംബന്ധിച്ചിടത്തോളം ആവശ്യക്കാരൻ ആരുമാകാമായിരുന്നു. ജാതിയും മതവും നോക്കി ആയിരുന്നില്ല അയാൾ ആവശ്യക്കാരനെ സഹായിച്ചിരുന്നത്. അതിനാൽ നമ്മുടെ അയൽക്കാരനാകാൻ തക്കവിധം ആരാണ് സമീപസ്ഥൻ എന്നു തീരുമാനിക്കുന്നതിനു പകരം നമ്മൾ തന്നെയും എല്ലാവർക്കും അയൽക്കാരനായിത്തീരണം എന്നു യേശു നമ്മോട് ആവശ്യപ്പെടുന്നു (ഖ. 80). പാപ്പാ പിന്നെയും നിരീക്ഷിക്കുന്നു: "**ഈ വിചിന്തനങ്ങളുടെ അടിസ്ഥാനത്തിൽ** അടിമത്തത്തെയും വിവിധരൂപങ്ങളിലുള്ള അക്രമത്തെയും അസന്ദിഗ്ധമായി തള്ളിപ്പറയുന്നതിന് സഭ ഇത്ര നീണ്ട കാലമെടുത്തുവെന്നത് എന്നെ ചിലപ്പോൾ ആശ്ചര്യപ്പെടുത്തുന്നുണ്ട്. നമ്മുടെ ആദ്ധ്യാത്മികശാസ്ത്രവും ദൈവ വിജ്ഞാനീയവും ഇത്രയ്ക്കു വികസിതമായ ഇന്ന് നമുക്ക് യാതൊരു ഒഴിവുകഴിവുമില്ല. എന്നിട്ടും സങ്കുചിതവും അക്രമസ്വഭാവമുള്ളതുമായ ദേശീയതയുടെയും വിദേശവിദ്വേഷത്തിന്റെയും വെറുപ്പിന്റെയും തങ്ങളിൽനിന്നും വിഭിന്നരായവരെ നിന്ദിക്കുന്നതിന്റെയും വിവിധരൂപങ്ങളെ പിന്തുണയ്ക്കാൻ തങ്ങളുടെ വിശ്വാസത്താൽ പ്രോത്സാഹിപ്പിക്കപ്പെട്ടവരെന്നോ അല്ലെങ്കിൽ അനുവദിക്കപ്പെട്ടവരെന്നെങ്കിലുമോ കരുതുന്നവരുണ്ട്"(ഖ. 86).

മനുഷ്യരെല്ലാം സഹോദരീസഹോദരന്മാരാണോ അഥവാ അപ്രകാരം ആയിത്തീരേണ്ടതാണോ എന്നതാണ് ഈ ചാക്രികലേഖനം ഉന്നയിക്കുന്ന അടിസ്ഥാന ചോദ്യം. അതായത്, അപ്രകാരം എല്ലാവരും സഹോദരരായിരിക്കുന്നതാണ് നമ്മുടെ സ്വത്വം; ആയതിനാൽ അതാണ് നമ്മുടെ വിളി എന്നതാണ് ഇതിൽ ഉരുത്തിരിയുന്ന അടിസ്ഥാന ഭാവന. നമുക്കു ഒരിക്കലും സങ്കല്പിക്കാനാവാത്ത വിധം ക്രിസ്തുവിൽ എല്ലാവരും സഹോദരരായി ഭവിക്കണം എന്നതാണ് ഈ ലേഖനത്തിലെ ക്ഷണം. ഇത് ബൈബിളിൽ ആദ്യപുസ്തകമായ ഉൽപത്തിയിൽ തുടങ്ങിയതാണ്. "സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?" (ഉൽപ 4,9) എന്നു ആദ്യം കായേൻ ചോദിക്കുന്നെങ്കിൽ അവസാനം ജോസഫ് പറയും "അടുത്തു വരുക... നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ. എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ. കാരണം, ജീവൻ നിലനിറുത്താൻവേണ്ടി ദൈവമാണ് എന്നെ

നിങ്ങൾക്കു മുമ്പേ ഇങ്ങോട്ടയച്ചത്" (ഉൽപ 45,4-5). ശത്രുതയുടെമേൽ സാഹോദര്യം വിജയം വരിച്ചതിലൂടെയാണ് ഇസ്രായേൽ ജന്മമെടുത്തതെന്ന് ഉൽപത്തിയുടെ ഗ്രന്ഥകാരൻ പറയുകയാണ് (Timothy Radcliffe, p. 8 കാണുക). ഈ വിശ്വസാഹോദര്യത്തിന്റെ കഥ തന്നെയാണല്ലോ നല്ല സമറിയാക്കാരന്റെ ഉപമയും പറയുന്നത്

യഥാർത്ഥത്തിൽ ആ നിയമജ്ഞൻ ചോദിച്ചത് ആരാണ് എന്റെ അയൽക്കാരൻ എന്നാണ്. ഉത്തരമായ് യേശു പറഞ്ഞത് നിങ്ങൾക്ക് എങ്ങനെ അപരർക്ക് അയൽക്കാരായ് തീരാൻ സാധിക്കും എന്നുള്ളതാണ്. മുൻവിധികളില്ലാതെ, വ്യക്തിപരമായിട്ടുള്ള താല്പര്യങ്ങൾ ഇല്ലാതെ, ചരിത്രപരവും സാംസ്കാരികപരവുമായ മതിലുകൾ സൃഷ്ടിക്കാതെ, അവയെയെല്ലാം തകർത്തുകൊണ്ട് നമ്മൾ പെരുമാറേണ്ട ആവശ്യമുണ്ട്. എല്ലാ മനുഷ്യരും സ്നേഹത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. തിരസ്കൃതരായ ആളുകളുടെ മുഖത്ത് യേശുക്രിസ്തുവിന്റെ മുഖം എപ്പോൾ ക്രിസ്ത്യാനികൾക്ക് കാണാൻ സാധിക്കുമോ അപ്പോൾ അവർ ശരിയായ ക്രിസ്ത്യാനികൾ ആയി മാറും.

## തുറവുള്ളൊരു ലോകം

'തുറവുള്ള ഒരു ലോകം വിഭാവന ചെയ്യുകയും സാധ്യമാക്കുകയും ചെയ്യുക' (ഖഛ 87-127) എന്നതാണ് മൂന്നാമത്തെ അദ്ധ്യായത്തിന്റെ തലക്കെട്ട്. മനുഷ്യന്റെ അസ്ഥിത്വത്തിന്റെ പൂർണത കൈവരുന്നത് മനുഷ്യർ മറ്റുള്ളവരിലേക്ക് ചാഞ്ഞിരിക്കുമ്പോഴാണ്. ഒരാൾ യഥാർത്ഥത്തിൽ തന്നെതന്നെ അറിയുന്നത് അപരനിലേക്ക് ചരിഞ്ഞിരിക്കുമ്പോഴാണ്. തന്നെതന്നെ കാണാൻ സാധിക്കാത്തവിധം ചിലപ്പോൾ ചില കാര്യങ്ങൾ ഒരാളെ അടക്കിഭരിക്കുമ്പോഴാണ് വർഗീയത, വംശീയത, വ്യക്തിവാദം എന്നീ ചിന്തകൾ ഉടലെടുക്കുന്നത്.

വ്യക്തിവാദം ഒരു വൈറസ് ആണ്. വൈറസ് അസുഖമുണ്ടാക്കുകയും, മുറിപ്പെടുത്തുകയും ചെയ്യുന്നു. അത് ചിലപ്പോൾ തെളിഞ്ഞും. ചിലപ്പോൾ ഒളിഞ്ഞും മനുഷ്യരെ ബുദ്ധിമുട്ടിക്കുന്നു (ഖ. 105). അതിന് പരിഹാരമാണ് ദയാവായ്പും (benevolence) (ഖ. 112), ബലഹീനരായവരോടുള്ള പ്രത്യേക ഐക്യദാർഢ്യവും (solidarity) (ഖ. 114).

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരുമയുടെയും പങ്കുവയ്ക്കലിന്റെയും ശ്രദ്ധയുടെയും കരുതലിന്റെയും മൂല്യങ്ങൾ ജീവി

ച്ചുകൈമാറുന്നതിൽ പ്രഥമസ്ഥാനം കുടുംബങ്ങളുടേതാണ്. അമ്മമാർ തങ്ങളുടെ മക്കൾക്കു പഠിപ്പിച്ചുകൊടുക്കുന്ന ലളിത ഭക്ത്യാഭ്യാസങ്ങളിൽ തുടങ്ങുന്ന വിശ്വാസത്തിന്റെ കൈമാറ്റം നടക്കുന്ന വിശേഷവേദിയും കുടുംബങ്ങൾ തന്നെയാണ്. കുട്ടികളെയും യുവജനങ്ങളെയും വിദ്യാലയങ്ങളിലും മറ്റു സാഹചര്യങ്ങളിലും വിദ്യ അഭ്യസിപ്പിക്കുക എന്ന വെല്ലുവിളിയാണ് ആ ദൗത്യം ഏറ്റെടുത്തിരിക്കുന്ന അദ്ധ്യാപകരുടേത്. തങ്ങളുടെ ഉത്തരവാദിത്തം ജീവിതത്തിന്റെ ധാർമ്മികവും ആത്മീകവും സാമൂഹികവുമായ തലങ്ങളിലേക്ക് വ്യാപിച്ചുകിടക്കുന്നുവെന്ന് ബോധ്യമുള്ളവരായിരിക്കണം അവർ (ഖ. 114).

ഇത് വ്യക്തിപരമായി ഒരാൾക്ക് മാത്രം ഉണ്ടായാൽ പോരാ. ഇത് ഒരു സാമൂഹ്യ ക്രമമായിട്ട് മാറേണ്ട ആവശ്യമുണ്ട്. അന്താരാഷ്ട്ര ബന്ധങ്ങളുടെ ഒരു ധാർമ്മികതയുണ്ടാകണം (an ethics of international relationship). കാരണം, ഒരു രാജ്യവും ആ ദേശത്ത് വസിക്കുന്ന ആളുകളുടെ മാത്രമല്ല. എല്ലാ രാജ്യങ്ങളും വിദേശീയരുടെയും കൂടിയാണ്. എല്ലാ രാജ്യങ്ങളിലുമുള്ള സദ്വിഭവങ്ങളും സ്രഷ്ടാവ് നല്കിയിരിക്കുന്നത് എല്ലാവർക്കും വേണ്ടിയാണ്. ഒരു രാജ്യത്ത് സദ്വിഭവങ്ങൾ കൂടുതൽ ഉണ്ടായേക്കാം, ചില രാജ്യങ്ങളിൽ അത് കുറവുമായേക്കാം. എന്നാൽ എല്ലാ സ്ഥലത്തുമുള്ള മനുഷ്യർക്കുവേണ്ടിയാണ് ഈ ഭൂമിയിലെ എല്ലാ മനുഷ്യർക്കും വേണ്ടിയാണ്, ഈ ഭൂമിയിലെ വിഭവങ്ങൾ എല്ലാംതന്നെ ദൈവം/സ്രഷ്ടാവ് നല്കിയത്. അതുകൊണ്ട് ഒരു രാജ്യവും ആരുടെയും പൂർണമായി സ്വന്തമല്ല. എല്ലാ രാജ്യങ്ങളും വിദേശീയരുടെ കൂടി ആണെന്ന് മാർപാപ്പാ പഠിപ്പിക്കുന്നു (ഖ. 124). മാത്രമല്ല, "ഓരോ മനുഷ്യ വ്യക്തിക്കും നിഷേധിക്കപ്പെടാനാവാത്ത ഒരന്തസ്സുണ്ടെങ്കിൽ, എല്ലാ മനുഷ്യരും നമ്മുടെ സഹോദരീസഹോദരന്മാരും ആണെങ്കിൽ, ലോകം യഥാർത്ഥത്തിൽ എല്ലാവർക്കുമായിട്ടുള്ളതാണെങ്കിൽ, എന്റെ അയൽവാസി എന്റെ രാജ്യത്താണോ ജനിച്ചത് എന്നത് അപ്രധാനമാണ്. എന്റെ സ്വന്തം രാജ്യത്തിന് അവന്റെയും അവളുടെയും വികസനത്തിനും പങ്കുണ്ട്" (ഖ. 125).

ഇത് സ്വകാര്യ സ്വത്തിനെ സംബന്ധിച്ച ഒരു പുതിയ കാഴ്ചപ്പാടിലേക്കു നയിക്കുന്നു. "ക്രൈസ്തവ പാരമ്പര്യം സ്വകാര്യ സ്വത്തിനുള്ള അവകാശത്തെ പരിധിയില്ലാത്തതും അഭേദ്യവുമായ ഒന്നായി ഒരിക്കലും അംഗീകരിച്ചിട്ടില്ല; മാത്രമല്ല എല്ലാത്തരം സ്വകാര്യസ്വത്തിന്റെയും സാമൂഹിക ലക്ഷ്യത്തിന് അത് ഊന്നൽ നൽകിയിട്ടുണ്ട്. സൃഷ്ട

വസ്തുക്കളുടെ പൊതു ഉപയോഗമെന്ന തത്ത്വമാണ് നീതിശാസ്ത്ര പരവും സാമൂഹിക ക്രമീകരണത്തിന്റെയും പ്രഥമ തത്ത്വം. സ്വകാര്യ സ്വത്തിനുള്ള അവകാശത്തെ, സൃഷ്ടവസ്തുക്കളുടെ സാർവത്രികമായ നിയോഗമെന്ന തത്ത്വത്തിൽ നിന്ന് ഉരുത്തിരിയുന്ന രണ്ടാം തരത്തി ലുള്ള അവകാശമായ ഒന്നായി മാത്രമെ പരിഗണിക്കാനാവൂ. സമൂഹ ത്തിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കേണ്ട വസ്തുനിഷ്ഠമായ പ്രതിഫലനങ്ങളുണ്ടിതിന്. പലപ്പോഴും രണ്ടാംതരം അവകാശങ്ങൾ പ്രഥമവും സർവ്വപ്രധാനവുമായ അവകാശങ്ങളെ പുറംതള്ളുകയും പ്രായോഗികതലത്തിൽ അപ്രസക്തങ്ങളാക്കുകയും ചെയ്യുന്നുണ്ട്" (ഖ. 120). യഥാർത്ഥത്തിൽ നമ്മുടെ ഇന്നത്തെ ലോകം ഒരു വലിയ കച്ച വട സ്ഥാപനമായി മാറിയിരിക്കുന്നു (a massive shopping mall). ഏതാണ്ട് 17-ാം നൂറ്റാണ്ടുമുതൽ എല്ലാം വില്പനചരക്കാണ്: ഭൂമി, ജലം, എന്നു വേണ്ട മനുഷ്യർപോലും (അടിമക്കച്ചവടം). ഓരോരുത്തരും തങ്ങളുടെ ശരീരംപോലും സ്വകാര്യസ്വത്തായി കരുതുന്നു. ആയതിനാൽ, അമ്മ യുടെ ഉദരത്തിൽ ഉരുവാകുന്ന നേരം മുതൽ മരണം വരെ അതിനെ കുറിച്ച് തീരുമാനമെടുക്കാൻ ഓരോരുത്തർക്കും അവകാശമുണ്ടെന്നു കരുതപ്പെടുന്നു (Timothy Radcliffe, p. 8 കാണുക).

ഈ പശ്ചാതലത്തിൽ മാർപാപ്പാ വിദേശ കടത്തെകുറിച്ച് പറ യുന്നു. ചില ദരിദ്ര രാഷ്ട്രങ്ങളുടെ വിദേശകടം (foreign debt) വലു താണ്. കടങ്ങളെല്ലാം തിരിച്ചടക്കേണ്ടതെന്നുള്ളത് ഒരു യാഥാർ ത്ഥ്യംതന്നെ. അതേസമയംതന്നെ വിദേശകടം ഉള്ള ദരിദ്രരായ രാഷ്ട്ര ങ്ങൾ അത് തിരിച്ചടക്കുക വഴിയായ് കൂടുതൽ ദരിദ്രരായി തീരുകയും അത് അവരുടെ വികസനത്തിന് വിഘാതമായിട്ട് മാറുകയും ചെയ്താൽ അവയെകുറിച്ച് രണ്ടാമതൊന്ന് ആലോചിക്കേണ്ട ആവശ്യമുണ്ട്. ഈ കടങ്ങൾ തിരിച്ചടയ്ക്കേണ്ട ആവശ്യം ഉണ്ടോ എന്ന ചോദ്യം ഉന്നയി ക്കേണ്ടതായുണ്ട്. ആ പശ്ചാതലത്തിലാണ് ഇവിടെ ഒരു അന്തർദേ ശീയ ബന്ധത്തെകുറിച്ചു ഒരു ധാർമ്മികത (ethics of international relationship) ഉണ്ടാകണമെന്ന് മാർപാപ്പ പറയുന്നത് (ഖ. 126).

"തീർച്ചയായും ഇതെല്ലാം വ്യത്യസ്തമായ ഒരു ചിന്താരീതിക്കായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു ചിന്താധാരയി ലേക്ക് പ്രവേശിക്കാൻ ശ്രമിക്കാതിരുന്നാൽ ഞാൻ ഇവിടെ പ്രസ്താ വിച്ചിട്ടുള്ള കാര്യങ്ങൾ വളരെയധികം അപ്രായോഗികം (utopian) ആയി തോന്നിയേക്കാം. എന്നാൽ മറുവശത്ത് മനുഷ്യവ്യക്തിയുടെ മാഹാ

ത്മ്യത്തിൽനിന്നും ഉടലെടുത്ത നിഷേധിക്കാനാവാത്ത അവകാശങ്ങളുണ്ടെന്ന മഹത്തായ തത്ത്വം നമ്മൾ സ്വീകരിച്ചാൽ, ഒരു പുതിയ മാനവികതയെ വിഭാവന ചെയ്യാനുള്ള വെല്ലുവിളിയിലേക്ക് നമുക്ക് ഉയരാനാകും" (ഖ. 127).

## തുറന്നിരിക്കുന്ന ഒരു ഹൃദയം

"ലോകം മുഴുവനിലേക്കും തുറന്നിരിക്കുന്ന ഒരു ഹൃദയം" എന്നാണ് നാലാം അധ്യായത്തിന്റെ പേര് (ഖഖ. 128-153). ഈ അദ്ധ്യായത്തിൽ പൂർണമായും സംസാരിക്കുന്നത് കുടിയേറ്റക്കാരെയും അഭയാർത്ഥികളെയും കുറിച്ചാണ്. കുടിയേറ്റക്കാരെയും അഭയാർത്ഥികളെയും സംബന്ധിച്ച് ഒരു ആഗോള ഭരണ സംവിധാനം ഉണ്ടാകണം എന്നാണ് മാർപാപ്പാ പറയുന്നത്. അത് ഒരു ദീർഘകാല പദ്ധതിയായ് മാറണം. യഥാർത്ഥത്തിൽ കുടിയേറ്റം പാടില്ലാത്തതാണ്. എന്തുകൊണ്ട് കുടിയേറ്റം നടക്കുന്നു? ഒരു വ്യക്തിക്ക് തന്റെതന്നെ രാജ്യത്ത് താമസിച്ചുകൊണ്ട് അവിടെ തന്റെ വ്യക്തി വികാസത്തിനും തന്റെ കുടുംബത്തിന്റേതുമായിട്ടുള്ള പുരോഗതിക്കും സാധ്യത ഉണ്ടാക്കികൊടുക്കുക എന്നത് ഒരു ആവശ്യമാണ്. അത് സാധിക്കാതെ വരുമ്പോഴാണ് കുടിയേറ്റം നടക്കുന്നത്. ഒരുവൻ തന്റെതന്നെ രാഷ്ട്രത്തിൽ ആയിരിക്കുകയും എല്ലാ അവകാശങ്ങളും അവനുണ്ടായിരിക്കുകയും വ്യക്തിവികാസം നടത്തുവാനുള്ള എല്ലാ സാധ്യതകളും ഉണ്ടായിരിക്കുകയുമാണ് ഉത്തമം. എന്നാൽ അത് നടക്കാതെ വന്നാൽ അവനും തന്റെ കുടുംബ



ത്തിനും മറ്റൊരു സ്ഥലത്തേക്ക് മാറി താമസിക്കാനുള്ള അവകാശം ഉണ്ടെന്നുകൂടി കരുതേണ്ടിയിരിക്കുന്നു എന്ന് മാർപാപ്പ പഠിപ്പിക്കുന്നു. ഇന്നു നമ്മൾ കാണുന്നതുപോലെ വളരെപ്പേർ നടന്നു നീങ്ങുന്നതു ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടുള്ളതല്ല. പട്ടിണിയും, ദാരിദ്ര്യവും, അക്രമവും, യുദ്ധവും ഒക്കെമൂലം മനുഷ്യർ ഒരു രാജ്യത്തിൽ നിന്നു മറ്റൊന്നിലേക്കു കുടിയേറിക്കൊണ്ടിരിക്കുന്നു. എന്നാൽ പാശ്ചാത്യ ലോകം മതിലുകൾ കെട്ടി ഉയർത്തി അവരെ ഉപരോധിക്കുന്നു. കുടി യേറ്റക്കാരായ അപരിചിതരെ അവർ ഭയപ്പെടുകയും തങ്ങളുടെതന്നെ സമൂഹങ്ങളുടെ സ്വത്വത്തെയും സുരക്ഷിതത്ത്വത്തെയും അവർ നശി പ്പിക്കുമോ എന്നു ആശങ്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ എങ്ങനെ യാണ് അപരിചിതരായവരെ സഹോദരീസഹോദരന്മാരായി കാണാ നാവുന്നത്? വ്യത്യസ്തതയോടുള്ള ഭയം അവസാനിപ്പിക്കയാണ് ആദ്യം വേണ്ടത്. ഫലദായകമാംവിധം അന്യനുമായി ഇടപെടുമ്പോഴാണ് ഓരോ സംസ്ക്കാരവും കൂടുതൽ ഫലദായകമാകുന്നത്. നാം അന്യ രിൽനിന്നു വെട്ടിമുറിക്കപ്പെട്ട് ഒറ്റ തുരുത്തായി മാറിയാൽ നമ്മുടെതന്നെ സംസ്ക്കാരം പെട്ടെന്നു മൃതിയടഞ്ഞുപോകും. സമ്പന്നമായ ഒരു ഐക്യവും പ്രാദേശിക ഐക്യവും പരസ്പരപൂരിതവും പരസ്പരം പ്രോജ്വലിപ്പിക്കുകയും ചെയ്യുന്നതാണെന്നു നാം മനസ്സിലാക്കേണ്ടി യിരിക്കുന്നു (Timothy Radcliffe, p. 8 കാണുക).

ഈ പശ്ചാതലത്തിൽ തങ്ങളുടെ വാതിലുകളിൽ ആരെങ്കിലും വന്ന് മുട്ടിവിളിച്ചാൽ ഓരോരുത്തരും എന്തൊക്കെ ചെയ്യണമെന്നു പറ യുമ്പോൾ 4 കാര്യങ്ങളെ കുറിച്ച് പറയുന്നു: സ്വീകരിക്കുക, സംരക്ഷിക്കു ക, പ്രോത്സാഹിപ്പിക്കുക, ഉൾ ക്കൊള്ളുക (ഖ. 129). ചിലപ്പോഴെങ്കിലും അവർക്കെല്ലാവർക്കും പൂർണമായ പൗരത്വം നല്കാനായ് സാധി ക്കേണ്ട ആവശ്യം ഉണ്ട്. അവരെ മാറ്റി നിർത്തി രണ്ടാംതരം പൗരന്മാ രായിട്ട് കരുതാൻ പാടില്ല (ഖ. 131). അവർക്ക് സാമൂഹ്യസുര ക്ഷിതത്വം, തൊഴിൽ, അവകാശങ്ങൾ, സ്വാതന്ത്ര്യം, പ്രത്യേകിച്ച് മതസ്വാതന്ത്ര്യം എന്നിവ ഉണ്ടാകണം. സാമൂഹ്യപരമായിട്ടുള്ള അനുരൂപണം (inclusion) ഉണ്ടാകണം. ഇത് പറയുമ്പോഴാണ് പ്രത്യേ കമായി ഒരു അന്താരാഷ്ട്ര ഭരണക്രമം/ഭരണതത്ത്വംതന്നെ കുടിയേറ്റ ക്കാരെകുറിച്ചും അഭയാർത്ഥികളെകുറിച്ചും ഉണ്ടാകേണ്ടതിനെകുറിച്ചു മാർപാപ്പാ പഠിപ്പിക്കുന്നത്. പാപ്പാ പറയുന്നു: ”ലോകത്തിലുള്ള വ്യത്യ സ്തത രാജ്യങ്ങളുടെ യഥാർത്ഥ മൂല്യം അളക്കപ്പെടുന്നത്, അവ കേവ

ലമൊരു രാജ്യമല്ല, വിശാലമായ മാനവകുലത്തിന്റെ ഭാഗമാണെന്നു ചിന്തിക്കാൻ കഴിവുറ്റവരാകുമ്പോഴാണ്. പ്രതിസന്ധികളുടെ സമയത്ത് ഇത് പ്രത്യേകമായും കാണാം” (ഖ. 141). പാപ്പാ തുടരുന്നു : “വാസ്തവത്തിൽ ആരോഗ്യകരമായ തുറവ് ഒരിക്കലും നമ്മുടെ സ്വത്വത്തിന് ഭീഷണിയല്ല. മറ്റിടങ്ങളിൽ നിന്നുള്ള ഘടകങ്ങൾ ചേർന്ന് സമ്പുഷ്ടമാകുന്ന ഒരു ജീവിക്കുന്ന സംസ്ക്കാരം, ആ ഘടകങ്ങളുടെ ഒരു തനിപ്പകർപ്പിനെയല്ല ഉണ്ടാക്കുന്നത്. എല്ലാവർക്കും ഗുണകരമായി ഭവിക്കുന്ന പുതിയ സങ്കലനമാണ് ഇതിന്റെ ഫലം” (ഖ. 148).

## ഒരു മെച്ചപ്പെട്ട രാഷ്ട്രീയ രീതി

അഞ്ചാം അദ്ധ്യായം (ഖഖ. 154–197) ഒരു മെച്ചപ്പെട്ട രാഷ്ട്രീയ രീതി എന്നതിനെകുറിച്ചു പറയുന്നു. യഥാർത്ഥത്തിൽ ഉപവിയുടെ വിപ്ലവത്തിന്റെ ഉത്തമമായ വേദിയാണ് രാഷ്ട്രീയം. കാരണം, പൊതുപ്രവർത്തനംകൊണ്ട് ഉദ്ദേശിക്കുന്നത് പൊതു നന്മയെ ആണ്. എന്റെ രാഷ്ട്രീയ പ്രവർത്തനം എന്റെ ഈശ്വരാരധനയ്ക്ക് സമമാണെന്ന് ഗാന്ധിപറയുകയുണ്ടായി. ഈ ചിന്ത ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മഹാത്മഗാന്ധിയുടെ രചനകളിലുടനീളം ഇക്കാര്യം കാണാനാകും. ഉദാഹരണത്തിനു 1934-ൽ അദ്ദേഹം “ഹരിജനി”ൽ എഴുതി : “മതമില്ലാതെ ഒരു നിമിഷംപോലും എനിക്കു ജീവിക്കാനാവില്ല. എന്റെ രാഷ്ട്രീയംപോലും മതത്തിൽനിന്നും ഉരുത്തിരിയുന്നതാണെന്നതിനാൽ എന്റെ പല രാഷ്ട്രീയ സുഹൃത്തുക്കളും എന്നെപ്രതി നിരാശപ്പെടുന്നു. അവർ അക്കാര്യത്തിൽ ശരിതന്നെ. എന്റെ രാഷ്ട്രീയവും എന്റെ മറ്റ് പ്രവൃത്തികളും എന്റെ മതത്തിൽ നിന്നാണ് വരുന്നത്. ഞാൻ ഇതിൽ കൂടുതൽ പറയട്ടെ: വിശ്വാസിയായ ഒരു മനുഷ്യന്റെ ഓരോ പ്രവൃത്തിയും ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവം നിങ്ങളുടെ ഓരോ ശ്വാസത്തെയും നിയന്ത്രിക്കുന്നു.” Young India - യിൽ 1925-ൽ ഗാന്ധി എഴുതി : “എന്നെ സംബന്ധിച്ചിടത്തോളം മതത്തോടു ബന്ധമില്ലാത്ത രാഷ്ട്രീയം സമ്പൂർണമായും മാലിന്യം ആണ്; അത് ഒഴിവാക്കേണ്ടതാണ്. ആകയാൽ രാഷ്ട്രീയം വഴി നമ്മൾ സ്വർഗരാജ്യത്തെ സ്ഥാപിക്കണം.”

ഈ തരത്തിലുള്ള രാഷ്ട്രീയം ജനത്തിന്റെ പ്രാധാന്യം പൂർണമായും മനസ്സിലാക്കുന്ന ഒന്നാണ് എന്ന് പാപ്പാ പറയുന്നു. ജനത്തോട് എല്ലാവരോടും സംവാദത്തിലേർപ്പെടുന്ന ഒരു വേദി സൃഷ്ടിക്കുന്ന

തിനു സാധിക്കണം. തൊഴിൽരഹിതരെ സംരക്ഷിക്കണം. ദാരിദ്ര്യത്തിനെതിരേ പ്രതിരോധം സൃഷ്ടിക്കണം. അതോടൊപ്പംതന്നെ പാവപ്പെട്ട ഒരാളെ സഹായിക്കുക എന്ന്പറയുന്നത് അയാളെ പണംകൊണ്ട് സഹായിക്കുക എന്നതല്ല. അതിനുപരിയായിട്ട് മഹത്ത്വപൂർണമായിട്ടുള്ള ഒരു ജീവിതം നയിക്കുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക എന്നതാണ് (ഖ. 186-188).

ഭക്ഷണം ഇല്ലാതെയിരിക്കുക എന്നത് ഒരു കുറ്റകരമായ അവസ്ഥയായി (hunger is criminal) മാർപാപ്പാ നിർവചിക്കുന്നു. ഭക്ഷണം എല്ലാവർക്കും കൊടുക്കുക എന്നത് ഭരണകൂടത്തിന്റെതന്നെ ഉത്തരവാദിത്വമാണെങ്കിൽ ഭരണകൂടം ആ ഉത്തരവാദത്തിൽനിന്ന് പിന്നാക്കം പോയി കഴിഞ്ഞാൽ അത് ഒരു crime ആയി മാറും. "ഊഹധനം ഭക്ഷ്യവിലയിൽ തിരിമറി നടത്തുമ്പോൾ, അതിനെ വെറുമൊരു ചരക്കായി കാണുമ്പോൾ, ദശലക്ഷക്കണക്കിന് മനുഷ്യർ സഹിക്കുകയും പട്ടിണിയാൽ മരിക്കുകയും ചെയ്യേണ്ടിവരുന്നു. അതേസമയം, ടൺകണക്കിന് ഭക്ഷണം എറിഞ്ഞുകളയുന്നു. ഇത് ശരിക്കും ബഹുജന ധാർമിക രോഷമുണർത്തുന്നതാണ്. പട്ടിണിയിൽ ആയിരിക്കുന്നത് കുറ്റകരമായ അവസ്ഥയാണ്. ഭക്ഷണം നമ്മുടെ അടർത്തിമാറ്റാനാവാത്ത അവകാശമാണ്" (ഖ. 189).

## സമൂഹത്തിലെ സംഭാഷണവും സൗഹൃദവും

6-ാം അദ്ധ്യായം സമൂഹത്തിൽ നടക്കേണ്ട സംവാദത്തെയും ഉണ്ടായിരിക്കേണ്ട സൗഹൃദത്തെയുംകുറിച്ച് പ്രതിപാദിക്കുന്നു (ഖഖ. 198-224). 3 കാര്യങ്ങളെകുറിച്ച് മാർപാപ്പ ഇവിടെ പറയുന്നു: ഒന്നാമത്തേത്, ആത്മാർത്ഥമായ സംഭാഷണം (true dialogue); രണ്ടാമത്തേത്, ശരിയായ കണ്ടുമുട്ടൽ (true encounter); മൂന്നാമത്തേത്, ദയ (kindness). സംഭാഷണം എന്നുപറയുന്നത് സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അവേശകരമായ അഭിപ്രായപ്രകടനമല്ല, അത് പലപ്പോഴും സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള വിശ്വസനീയമല്ലാത്ത വിവരങ്ങളിൽ അധിഷ്ഠിതമാണ്. യഥാർത്ഥ സാമൂഹികസംവാദത്തിൽ അപരന്റെ വീക്ഷണത്തെ ആദരിക്കണം; അതിൽ ന്യായമായ ബോധ്യങ്ങളും ഉൽക്കണ്ഠകളും അന്തർലീനമായിരിക്കുന്നു. ഉദാരതയോടെ മറ്റുള്ളവരെ കണ്ടുമുട്ടാനും പൂർണ സത്യത്തെ പിന്തുടരാനും, ശുശ്രൂഷിക്കാനും, അടിസ്ഥാനവർഗങ്ങളോടു അടുത്തു വരാനും പൊതുനന്മയെ പ്രോത്സാഹിപ്പിക്കാനും ഉതകുന്നതാണ് ഇന്നത്തെ വാർത്താവിനിമയ

രൂപങ്ങൾ എന്നു ഉറപ്പുവരുത്തണം (ഖഖ. 200;203;205). ഇതിനായി സമൂഹത്തിലെ എല്ലാവരുമായി സംസാരിക്കേണ്ട ആവശ്യമുണ്ട്, ഏറെ പ്രത്യേകിച്ച് ഏറ്റം തിരസ്കൃതരോടും, ചില നാടുകളിലെ തദ്ദേശീയ ജനതകളോടും (original dwellers).

ചില നാടുകളിലെ തദ്ദേശീയ ജനതകളെ തള്ളിമാറ്റി മറ്റുള്ളവർ കടന്നുകയറി അവരുടെമേൽ ആധിപത്യം പുലർത്തിയ ചരിത്രപരവും സാംസ്കാരികപരവുമായ യാഥാർത്ഥ്യത്തെ കണ്ടുകൊണ്ടായിരിക്കണം പാപ്പാ ഇപ്രകാരം സംസാരിക്കുന്നത്. ഓരോരുത്തരും അവരവരുതന്നെയായിരിക്കാനും വ്യത്യസ്തരായിരിക്കാനുമുള്ള അവകാശം അംഗീകരിക്കാനുമുള്ള കഴിവാണ് ഇതാവശ്യപ്പെടുന്നത് (ഖ. 218). സമൂഹത്തിൽ നിലനില്ക്കുന്ന വ്യത്യസ്ത ലോകവീക്ഷണങ്ങളെയും സംസ്ക്കാരങ്ങളെയും ജീവിതശൈലികളെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു സാമൂഹിക-സാംസ്ക്കാരിക ഉടമ്പടി ഉണ്ടാകേണ്ടിയിരിക്കുന്നു (ഖ. 219). ഈ പശ്ചാത്തലത്തിലാണ് ദയയെ വീണ്ടും കണ്ടെത്തേണ്ടി വരുന്നത്. ദയ അഭിപ്രായൈക്യത്തിനുള്ള അന്വേഷണത്തെ സുഗമമാക്കും. ശത്രുതയും സംഘർഷവും പാലങ്ങൾ തകർക്കാൻ സാധ്യതയുള്ള സ്ഥലത്ത് ദയ പുതിയ പാതകൾ തുറക്കും (ഖ. 224). ക്ഷമാപൂർവവും പ്രതിജ്ഞാബദ്ധവുമായ അന്വേഷണം വഴിയായി അഭിപ്രായൈക്യത്തിലേക്ക് എത്തിച്ചേരാനാകും; അത് വസ്തുനിഷ്ഠമായ സത്യത്തെ നിരാകരിക്കുന്നതോ സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ താത്പര്യങ്ങളെ തള്ളിക്കളയുന്നതോ ആവുകയില്ല (Major Archbishop-Catholicos Baselios Cardinal Cleemis, "Dialogue, the Path of Universal Fraternity," *L'Osservatore Romano,* 20 November 2020 pp. 5.7 കാണുക).

## നവീകൃതകണ്ടുമുട്ടലിന്റെ പാതകൾ

7-ാം അദ്ധ്യായം 'നവീകൃതകണ്ടുമുട്ടലിന്റെ പാതകൾ' അവതരിപ്പിക്കുന്നു (ഖഖ. 225-270 ). സമാധാനത്തിന്റെ പാതകൾ പിന്തുടരണം എന്നാണ് ഇവിടെ മുഖ്യമായും പ്രതിപാദിക്കപ്പെടുന്നത്. സമാധാനം കെട്ടിപ്പടുത്തേണ്ടത് സത്യത്തിന്റെയും, നീതിയുടെയും, കരുണയുടെയും അടിസ്ഥാനത്തിലായിരിക്കണം; ഇത് ഒരിക്കലും അവസാനിക്കാത്ത ഒരു വലിയ പ്രക്രിയയാണ് (ഖഖ. 225-235).

അതേസമയം, നമ്മുടെ അവകാശങ്ങൾ അടിയറവയ്ക്കുന്നതോ, അഴിമതിക്കാരായ ഉദ്യോഗസ്ഥരുമായുള്ള പോരാട്ടത്തിൽനിന്നു പിന്മാ

റുന്നതോ, കുറ്റവാളികളുമായി സന്ധിചെയ്യുന്നതോ, നമ്മുടെ അന്ത സിനെ മാനിക്കാത്ത സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതോ അല്ല അനുരഞ്ജനം എന്നതുകൊണ്ട് അർഥമാക്കുന്നത്. ആരെയും ഒഴിവാക്കാതെ എല്ലാവരെയും സ്നേഹിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഒരു പീഡകനെ സ്നേഹിക്കുക എന്നതിനർത്ഥം നമ്മെ അടിച്ചമർത്താൻ അവനെ അനുവദിക്കുകയോ അല്ലെങ്കിൽ അവൻ ചെയ്യുന്നത് സ്വീകാര്യമാണെന്ന് ചിന്തിക്കാൻ അനുവദിക്കുകയോ അല്ല. നമ്മളിൽ ഏൽപ്പിക്കുന്ന അടിച്ചമർത്തൽ അവസാനിപ്പിക്കാൻ അയാളെ പ്രേരിപ്പിക്കുന്നതാണ് യഥാർത്ഥ സ്നേഹം (ഖ. 241).

സമാധാനസ്ഥാപനത്തിൽ മാപ്പ് കൊടുക്കൽ (forgivenes) എന്ന്പറയുന്ന അടിസ്ഥാനപരമായ ഒരു കാര്യമുണ്ട്. മാപ്പ് കൊടുക്കൽ അതേ സമയം മറക്കുക എന്നല്ല (to forgive does not mean to forget). ചില തൊക്കെ ഓർക്കേണ്ട ആവശ്യമുണ്ട്. ഉദാഹരണത്തിന്, രണ്ടാംലോക മഹായുദ്ധത്തിൽ നടന്ന holocaust, (shoah) കൂട്ടക്കൊല. അത് ഏതാണ്ട് 6 ദശലക്ഷം യഹൂദരെ ഇല്ലാതാക്കി. അത് എങ്ങനെ മറക്കാൻ സാധിക്കും? അതോടൊപ്പംതന്നെ നാഗാസാക്കിയും, ഹിരോഷിമയുമൊക്കെ മറക്കാൻ ആവില്ലല്ലോ? ഇവയൊന്നും വിസ്മരിപ്പിക്കപ്പെടാൻ പാടില്ല. കൊളോണിയൽ കാലത്തെ ജാലിയൻ വാലാബാഗ് സംഭവം ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വിസ്മരിക്കാനാവുന്ന അധ്യായമല്ലല്ലോ! ക്രിസ്ത്യൻ മിഷണറിയായിരുന്ന ഗ്രഹാം സ്റ്റെയിനിനെയും രണ്ടുമക്കളെയും ചുട്ടുകൊന്നതും, സിസ്റ്റർ റാണി മരിയയെ വധിച്ചതും ഒക്കെ മറക്കാനാവാത്ത ഓർമ്മകൾ നിലനിറുത്തുന്നു. എന്നാൽ ഇവരോട് തിന്മ ചെയ്തവർക്കെല്ലാം മാപ്പുകൊടുക്കാവുന്നതാണ്. പക്ഷേ, മനുഷ്യരാശിയുടെ മന:സാക്ഷിയെ എപ്പോഴും അലട്ടുന്നവയായി ഇവ നമ്മുടെ മുന്നിൽ നില്ക്കണം.

മാപ്പ് കൊടുക്കൽ എന്ന്പറയുമ്പോൾ തിന്മയുടെ ശക്തിയെ ഇല്ലാതാക്കുകയും അതോടൊപ്പംതന്നെ പ്രതികാരം ഒഴിവാക്കുകയും ചെയ്യുക എന്നതാണ്. തിന്മയുടെ ശക്തിവഴിയായിട്ടാണ് അനർത്ഥങ്ങൾ ഉണ്ടാകുന്നത്. അനർത്ഥങ്ങൾ ഇനിയും ഉണ്ടാകുവാൻ പാടില്ല (ഖ. 243). തിന്മയ്ക്കെതിരായുള്ള പോരാട്ടം വെറുപ്പിന്റേതല്ല, പ്രത്യുത അത് സത്യത്തിന്റെയും സ്നേഹത്തിന്റെയും പക്ഷത്തു നിന്നുള്ളതാണ്. മഹാത്മ ഗാന്ധി പറഞ്ഞിരുന്നതുപോലെ വെറുപ്പു കലരാത്ത പോരാട്ടമാണ് ("fight without hate") നമുക്കാവശ്യം.

ഈ അദ്ധ്യായത്തിന്റെ അടുത്ത ഭാഗത്തേക്ക് വരുമ്പോൾ നീതി പൂർവമായ യുദ്ധംപോലും ഒഴിവാക്കണമെന്ന് മാർപാപ്പാ പറയുന്നു. യുദ്ധം ഇനി ഒരിക്കലും ഉണ്ടാകുവാൻ പാടില്ല. കത്തോലിക്ക ദൈവ ശാസ്ത്രത്തിൽ പറയുന്ന, ന്യായമായ യുദ്ധത്തെ (just war), സ്വീകാര്യ മായി കരുതാനുള്ള ഒരു ചിന്തയും ഇനി ഉണ്ടാകാൻ പാടില്ല. കാര ണം, ഇന്ന് അണ്വായുവും രാസായുധവും ജൈവായുധവുമൊക്കെ നമ്മുക്ക് സ്വന്തമായുള്ള പശ്ചാതലത്തിൽ ഏത് തരത്തിലായിരിക്കും ന്യായമായ അഥവാ നീതിപൂർവകമായിട്ടുള്ള യുദ്ധം നടക്കുന്നതെന്ന് ചിന്തിക്കാൻപോലും സാധിക്കുകയില്ല. അതുകൊണ്ട് ന്യായമായ യുദ്ധം എന്ന്പറയുന്ന തത്ത്വംതന്നെ ഉപേക്ഷിക്കേണ്ട ആവശ്യകതയിലേക്ക് സഭ കടന്നുവന്നിരിക്കുന്നു (ഖ. 256-260).

യുദ്ധമെന്നത് മനുഷ്യരാശിയുടെ പരാജയത്തിന്റെ ലക്ഷണമാണ്. യുദ്ധസന്നാഹങ്ങൾ ഒരുക്കാൻവേണ്ടി ഉപയോഗിക്കുന്ന പണം പട്ടിണി അകറ്റാൻവേണ്ടി ഉപയോഗിക്കുന്ന ആഗോള ധനശേഖരമാക്കി (global fund) മാറ്റണം. ഭാരതവും ഇതര രാഷ്ട്രങ്ങളും എത്രമാത്രം പണമാണ് യുദ്ധസാമഗ്രികൾ വാങ്ങിച്ചുകൂട്ടാൻ ഉപയോഗിക്കുന്നത്? അതേസമയം ദരിദ്രരായ ജനകോടികളുടെ പട്ടിണിമാറ്റാൻ കഴിയാതെ പോകുന്നു.

ഈ ചാക്രിക ലേഖനം എഴുതിയ ശേഷം 2020 ഡിസംബർ 1-ാം തീയതി പ്രസിദ്ധീകരിച്ച "Let us Dream" (“നമുക്കു സ്വപ്നം കാണാം”) എന്ന ഫ്രാൻസിസ് പാപ്പായുടെ പുസ്തകം ഏറെ ശ്രദ്ധേയമായി. പാപ്പാ യുടെ ജീവചരിത്രകാരനായ ബ്രിട്ടീഷ് പത്രപ്രവർത്തകനായ ഓസ്റ്റെൻ ഐവർഎയ്ഗുമായുള്ള സംഭാഷണ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന പുസ്തകത്തിൽ അദ്ദേഹം കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ, ലോക ത്തിലുള്ള എല്ലാ മനുഷ്യർക്കും ലഭിക്കേണ്ട ഒരു അടിസ്ഥാനവേതന ത്തെകുറിച്ച് സംസാരിക്കുന്നു: എല്ലാ മനുഷ്യർക്കും, അവരവരുടെ മനു ഷ്യമഹത്ത്വം അനുസരിച്ച് ജീവിക്കാനുള്ള ഒരു പ്രതിമാസ ശമ്പളം ലഭ്യമാക്കണം; അത് സർക്കാരുകൾ തങ്ങളുടെ നികുതി പിരിവിൽ നിന്നു ക്രമീകരിക്കുന്നതായിരിക്കണം. 25 വയസ്സ് കഴിഞ്ഞ യുവതി യുവാക്കൾ തൊഴിലില്ലായ്മ അനുഭവിക്കുന്ന പശ്ചാത്തലത്തിലാണ് എല്ലാവർക്കും ഒരു വേതനം ലഭ്യമാകുന്ന ഒരു സാഹചര്യത്തെകുറിച്ച് മാർപാപ്പാ സ്വപ്നം കാണുന്നത്. ഇതുപോലെ സ്വപ്നം കണ്ടയാളാ യിരുന്നു, വിമോചനവക്താവായ, പാപ്പായെ സ്വാധീനിച്ചു എന്നുപറ യുന്ന, മാർട്ടിൻ ലൂഥർ കിംഗ് 1963 ആഗസ്റ്റ് 28-ാം തീയതി വാഷിംഗ്ട

ണിൽ നടത്തിയ "I have a Dream" എന്ന സുപ്രസിദ്ധ പ്രസംഗം. തൊഴിലിനും, സ്വാതന്ത്ര്യത്തിനുംവേണ്ടിയാണ് അദ്ദേഹം മുറവിളികൂട്ടിയത്. അമേരിക്കൻ ഐക്യനാടുകളിൽ വർണവിവേചനം അവസാനിപ്പിക്കണമെന്നും പൗരത്വ അവകാശങ്ങളും സാമ്പത്തിക അവകാശങ്ങളും (civil and economic rights) എല്ലാവർക്കും ലഭ്യമാകണമെന്ന് അദ്ദേഹം അന്ന് ആവശ്യപ്പെട്ടു.

ഈ പശ്ചാതലത്തിൽതന്നെ മുന്നോട്ട് പോകുമ്പോൾ വധശിക്ഷ ഒഴിവാക്കേണ്ടതാണെന്ന് മാർപാപ്പ പഠിപ്പിക്കുന്നു. Capital punishment ഒഴിവാക്കണം എന്നത് വത്തിക്കാൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നു. ജീവപരന്ത്യം എന്ന ശിക്ഷ വധ ശിക്ഷയ്ക്ക് തുല്യമാണെന്ന് പാപ്പാ പറയുന്നു. സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ട് ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന ആളുകൾ യഥാർത്ഥത്തിൽ അനുഭവിക്കുന്ന വേദനതന്നെ അവരെ നിരന്തരം ഇല്ലാതാക്കുന്നു. ഇവിടെ കുറ്റം, ശിക്ഷ, കുറ്റവാളിക്കു മാപ്പുകൊടുക്കുക എന്നിവയെക്കുറിച്ച് പാപ്പാ പ്രതിപാദിക്കുന്നു. യഥാർത്ഥത്തിൽ നീതി നടപ്പാക്കേണ്ടത് ഒരാവശ്യമാണ്. യഥാർത്ഥമായ നീതി കുറ്റ കൃത്യങ്ങളെ തടയുന്നു; പൊതു നന്മയെ അതു ലക്ഷ്യം വയ്ക്കുകയും ചെയ്യുന്നു. നീതി എന്നതു വ്യക്തിപരമായ വിദ്വേഷത്തിന്റെയും പ്രതികാരത്തിന്റെയും പ്രതിഫലനമല്ല (ഖ. 252). ഈ പശ്ചാത്തലത്തിലാണ് മാർപാപ്പാ വധശിക്ഷയെകുറിച്ച് പഠിപ്പിക്കുന്നത്. മുൻകാലങ്ങളിൽ വധശിക്ഷയെ അനുകൂലിക്കുന്ന ഒരു നിലപാടായിരുന്നു സഭയ്ക്ക് ഉണ്ടായിരുന്നത്. എന്നാൽ 1995 തുടങ്ങി സഭ വധശിക്ഷയെ അനുകൂലിക്കാനാവില്ല എന്ന ഒരു നിലപാടെടുത്തു തുടങ്ങി. ഇപ്പോൾ അക്കാര്യം ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നു. ഇക്കാര്യം സമർത്ഥിക്കാനായി സഭയുടെ ചരിത്രത്തിൽ തൽസംബന്ധമായി ഉണ്ടായിട്ടുള്ള ചില ചിന്തകളെ മാർപാപ്പാ പിൻബലമായി കരുതുന്നു. ഇവിടെ 265-ാം ഖണ്ഡികയിൽ, രണ്ടു പുരോഹിതരെ വധിച്ച കുറ്റത്തിന്റെ വിചാരണ നടന്ന സമയത്ത് അവരെ വധിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് വിശുദ്ധ അഗസ്റ്റിൻ എഴുതിയത് മാർപാപ്പാ ഉദ്ധരിക്കുന്നു. അഗസ്റ്റിൻ പറഞ്ഞു: "ഇത്തരം കുറ്റകൃത്യങ്ങൾ ഇനിയും ആവർത്തിക്കുന്നതിൽ നിന്ന് ഈ കുറ്റവാളികളെ തടയാനുള്ള നിങ്ങളുടെ അവകാശത്തെ എതിർക്കുന്നില്ല. പക്ഷേ, അവരുടെ ജീവൻ എടുക്കാതെയും ശരീരം ഛേദിക്കാതെയുമുള്ള നീതി നിർവഹണമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതേസമയം, അവരുടെ

കുറ്റവാസനയെയും തിന്മയിലേക്കുള്ള സഞ്ചാരത്തെയും നിങ്ങൾക്കു അധികാരമുള്ള നിയമത്തിന്റെ നിയന്ത്രണങ്ങളിലൂടെ തടയുകയും സമൂഹത്തിനു ഗുണപ്രദമായ ഫലം പുറപ്പെടുവിക്കുന്നവരായി അവരെ മാറ്റുകയും വേണം. അതും ഒരു ശിക്ഷാവിധിയായിത്തന്നെ കണക്കാക്കണം. ക്രൂരമായ അക്രമം നടത്തുന്നതിൽ നിന്നു തടയുകയും മാനസാന്തരത്തിനുള്ള വഴിതുറക്കുകയും ചെയ്യുമ്പോൾ അത്, കേവലം ഒരു ശിക്ഷാവിധി എന്നതിനപ്പുറം ഫലം പുറപ്പെടുവിക്കുന്ന പ്രവർത്തിയായി മാറുന്നു." ആകയാൽ മാർപാപ്പാ വധശിക്ഷ, ശരിയായ ശിക്ഷാനടപടി അല്ലെന്നു വാദിക്കുന്നു. യഥാർത്ഥത്തിൽ ശിക്ഷവഴിയായി നടക്കേണ്ടത് കുറ്റകൃത്യംവഴി സംഭവിച്ച മുറിവുണക്കലും കുറ്റവാളിയുടെ മാനസാന്തരവും സമൂഹവുമായുള്ള പുന:സംയോജനവുമാണ്. എന്നാൽ, വധശിക്ഷയിൽ കുറ്റവാളിയുടെ സമൂഹവുമായുള്ള പുന:സംയോജനം നടക്കുന്നില്ല. കുറ്റവാളിയിൽത്തന്നെ ഉണ്ടായ മുറിവും ഉണങ്ങുന്നില്ല എന്നു പറയാനാകും. വധശിക്ഷയ്ക്കുപകരം ജീവപര്യന്തമാണ് വിധിക്കുന്നതെങ്കിൽ കുറ്റവാളി അനുഭവിക്കുന്ന വേദന തന്നെ അയാളെ നിരന്തരം ഇല്ലാതാക്കുന്നു.

മാർപാപ്പായുടെ വധശിക്ഷയെ സംബന്ധിച്ച് ഈ സമീപനം നമ്മുടെ ഈ കാലത്ത് ഉയർന്നുവന്നിട്ടുള്ള പുരോഗമനപരമായ ചിന്തയോട് ചേർന്നുപോകുന്നതാണ്. 2012 നടന്ന് ദില്ലിയിലെ നിർഭയ പീനഡക്കേസിനെ തുടർന്ന് സ്ത്രീ സുരക്ഷ, സ്ത്രീ പീഡനം, അതിന്റെ ശിക്ഷ എന്നിവയെകുറിച്ച് പഠനം നടത്താനായി കേന്ദ്രസർക്കാർ നിയോഗിച്ച ജസ്റ്റിസ് വർമാ കമ്മീഷൻ 2013-ൽ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തൽസംബന്ധമായി 2020 മാർച്ച് 21-ാം തീയതി The Hindu പത്രത്തിൽ "കുറ്റവും ശിക്ഷയും" (crime and punishment) എന്നപേരിൽ മുഖപ്രസംഗം എഴുതുകയുണ്ടായി. പീഡന കേസുകൾക്ക് വധശിക്ഷ വിധിക്കുന്നത് ശിക്ഷാവിധിക്രമത്തിലും കുറ്റവാളിയെ നവീകരിക്കുന്നതിലുമുള്ള പ്രക്രിയയിൽ നാം പിന്നാക്കം പോകുന്നു (A regressive step in the field of sentencing and reformation) എന്ന നിഗമനത്തിൽ എത്തിച്ചേരുകയുണ്ടായി. വധശിക്ഷയ്ക്കു പകരം ജീവപര്യന്ത്യമുള്ള കഠിനതടവാണ് കമ്മീഷൻ ശുപാർശ ചെയ്തത്. 2020 ഒക്ടോബർ 6-ാം തീയതി The New Indian Express പത്രവും ഇക്കാര്യത്തെക്കുറിച്ച് പത്രാധിപകുറിപ്പ് എഴുതുകയുണ്ടായി. ബലാൽസംഗത്തിനു വധശിക്ഷ നല്കിയതുകൊണ്ട് അത് ഇരയെ സഹായിക്കുന്നില്ല എന്ന

വർ പറഞ്ഞു (Capital punishment for rape does not help the vulnerable). പകരം വീട്ടുന്ന വിധത്തിലുള്ള വധശിക്ഷ ക്രമസമാധാനത്തിനു ഒരു പകരം അല്ല. അത് ഉപദ്രവിക്കപ്പെട്ട ആളിനെ സംരക്ഷിക്കുകയുമില്ല. (Retributive capital punishment is no substitute for law and order, and it clearly does not protect the Vulnerable). ശിക്ഷവഴിയായി നടക്കേണ്ടത് മുറിവുണക്കലും അതോടൊപ്പം സമൂഹവുമായിട്ട് വീണ്ടും സംയോജിപ്പിക്കപ്പെടലുമാണ് (healing of wounds and re-integration of people into the society); അതു മരണശിക്ഷയിൽ നടക്കില്ല.

മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള യേശു പറഞ്ഞ കളകളുടെ ഉപമ ഇവിടെ (മത്താ 13,24–30) പ്രസക്തമാണ്. ഒരു മനുഷ്യൻ തന്റെ വയലിൽ നല്ല വിത്തു വിതച്ചു. എന്നാൽ അവയോടൊപ്പം കളകളും വളർന്നു വന്നു. അവന്റെ വേലക്കാർ വന്നു തങ്ങൾ കളകൾ പറിച്ചുകളയട്ടെ എന്നുചോദിച്ചപ്പോൾ അപ്രകാരം ഉടനെ ചെയ്യേണ്ടാ എന്നും വിളവെടുപ്പു സമയത്ത് കളകളും നല്ല ഫലങ്ങളും ഒരേപോലെ പറിച്ചെടുക്കാമെന്നും കളകൾ അഗ്നിക്കിരയാക്കാമെന്നും വീട്ടുടമസ്ഥൻ മറുപടി പറഞ്ഞു. നമ്മുടെ ഈ ലോകം പൂർണമായും നല്ലതല്ല. ഇവിടെ കളകളും ഗോതമ്പും ഒരേപോലെ വളരുന്നുണ്ട്. അവസാനം കളകളെ നശിപ്പിച്ചുകളയുക എന്നത് യജമാനന്റെ ഉത്തരവാദിത്ത്വമാണ്. അതുവരെ എല്ലാവരും സഹുഷ്ണതയോടെ എല്ലാവരെയും അവരുടെ കുറവുകളോടെ അംഗീകരിച്ചു ജീവിക്കേണ്ടിവരും.

വധശിക്ഷ ഒഴിവാക്കണം എന്നു വാദിക്കുന്ന അവസരത്തിൽ ജയിലിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിനെക്കുറിച്ചും മാർപാപ്പാ പ്രതിപാദിക്കുന്നു. കാരണം, സ്വാതന്ത്ര്യം ഹനിക്കപ്പെട്ടു ജയിൽവാസം അനുഭവിക്കുന്നവർക്കു മനുഷ്യാന്തസ്സ് നിലനിർത്തുവാനുള്ള അവകാശമുണ്ട്. യഥാർത്ഥത്തിൽ ഒരു കൊലപാതകിപോലും അവന്റെ മനുഷ്യാന്തസ് നഷ്ടപ്പെടുത്തുന്നില്ല (ഖഛ. 268–269) കാണുക). തടവറകൾ മനുഷ്യമുഖമുള്ളവയാകണമെന്നും മനുഷ്യന്റെ അന്തസിനു ചേർന്നതാകണം എന്നും ഇന്ത്യയിലെ സുപ്രീം കോടതി നിർദ്ദേശിക്കുകയുണ്ടായി. 2020 ഡിസംബർ 3-ാം തീയതി പത്രങ്ങൾ റിപ്പോർട്ട് ചെയ്തതുപ്രകാരം രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മറ്റ് അന്വേഷണ ഏജൻസികളുടെ ഓഫീസുകളിലുമൊക്കെ നൈറ്റ് വിഷനും ഓഡിയോ റിക്കാർഡിംഗുമുള്ള സിസിടിവി ക്യാമറകൾ സ്ഥാപിക്കണ

മെന്ന് സുപ്രീംകോടതി നിർദ്ദേശിക്കുകയുണ്ടായി. സി.ബി.ഐ., എൻ.ഐ.എ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലും ഇവ സ്ഥാപിക്കണമെന്നും പ്രതികളെ ചോദ്യം ചെയ്യുന്ന മുറികളിലും ലോക്കപ്പുകളിലും സ്റ്റേഷന്റെ പ്രവേശന കവാടത്തിലും ക്യാമറകൾ സ്ഥാപിക്കണമെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി (2020 ഡിസംബർ 3, *ദീപിക* കാണുക). കോടതിയുടെ ഈ നിർദ്ദേശത്തെ പുരസ്ക്കരിച്ച് 2020 ഡിസംബർ 5-ാം തീയതി ദീപിക പത്രം മുഖപ്രസംഗമെഴുതുകയുണ്ടായി. പരിഷ്കൃത പോലീസിന് എന്തിനു മൂന്നാം മുറയെന്ന് പത്രാധിപർ ചോദിക്കുന്നു. കുറ്റവാളികളോട് ദാക്ഷിണ്യം കാണിക്കണം എന്നുപറയുന്നില്ലെങ്കിൽപ്പോലും എല്ലാവരുടെയും മനുഷ്യാവകാശങ്ങൾ മാനിക്കപ്പെടണമെന്നു ചൂണ്ടികാണിക്കപ്പെടുന്നു. 2019-ൽ ഇന്ത്യയിൽ 1731 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ് കണക്ക്. അവയെല്ലാം ആത്മഹത്യകളായിരുന്നില്ല. പരിഷ്കൃത രാജ്യങ്ങളിൽ പോലീസ് ജനത്തിന്റെ സഹായിയും ഉപകാരിയും ആയി മാറുമ്പോൾ ഇന്ത്യയിലെ സ്ഥിതി ഏറെ മോശമാണെന്ന ദു:ഖസത്യം പറയാതെ വയ്യാ. അതിനു ഒരു പരിഹാരം ഉണ്ടാകണമന്നാണ് സുപ്രീം കോടതി വിധിയുടെ ഉദ്ദേശ്യം.

## മതവും സാഹോദര്യത്വവും

8-ാമത്തെ അദ്ധ്യായത്തിൽ ‘‘മതങ്ങൾ നമ്മുടെ ലോകത്ത് സാഹോദര്യത്തിന്റെ ശുശ്രൂഷ” (ഖക. 271-287) നടത്തണം എന്ന് മാർപാപ്പാ പറയുന്നു. മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള, മതമൗലികവാദം, ഭീകരവാദം എന്നിവ ഒരു വിശ്വാസത്തിന്റെയോ ഒരു മതഗ്രന്ഥത്തിന്റെയോ അടിസ്ഥാനത്തിലല്ല. മതമൗലീകവാദവും, മതവിദ്വേഷവും, വൈരാഗ്യവും ഭീകരതയും സംഭവിക്കുന്നെങ്കിൽ അതു വിശ്വാസങ്ങളുടെ തെറ്റായ വ്യാഖ്യാനവും അതുപോലെതന്നെ വിശ്വാസ ഗ്രന്ഥങ്ങളുടെ/മതഗ്രന്ഥങ്ങളുടെ തെറ്റായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലുമാണ്. ശരിയായ വ്യാഖ്യാനം ഒരിക്കലും ഹിംസയ്ക്കും അക്രമത്തിനും വഴി വയ്ക്കുകയില്ല (ഖക. 281-282).

വിവിധമതാനുയായികൾ തമ്മിലുള്ള സംവാദം ആവശ്യമാണെന്നു സമർത്ഥിക്കാൻ പാപ്പാ ഭാരത മെത്രാൻസമിതിയെ ഉദ്ധരിക്കുന്നു : “സംവാദത്തിന്റെ ലക്ഷ്യം എന്നത് സൗഹൃദം, സമാധാനം, ഐക്യം ഇവ സ്ഥാപിക്കുന്നതോടൊപ്പം ആത്മീയവും ധാർമ്മികവുമായ മൂല്യ

ങ്ങളും അനുഭവങ്ങളും സത്യത്തിന്റെയും സ്നേഹത്തിന്റെയും അരൂപിയിൽ പങ്കിടുകയുമാണ്" (ഖ. 271: Statment of CBCI, 9 March 2016, "Response of the Church in India to the Present Day Challenges").

ഇവിടെ "മറ്റുമതങ്ങളിൽ ദൈവം പ്രവർത്തിക്കുന്ന വഴികളെ സഭ വിലമതിക്കുന്നു. ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നിനെയും സഭ തിരസ്കരിക്കുന്നില്ല. സർവ്വ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി പ്രതിബിംബിപ്പിക്കുന്ന അവരുടെ പ്രവർത്തനരീതികളെയും ജീവിതമുറകളെയും പ്രമാണങ്ങളെയും സിദ്ധാന്തങ്ങളെയും സഭ അതിയായി ബഹുമാനിക്കുന്നുമുണ്ട്" (ഖ. 277) എന്ന പ്രസ്താവന വളരെ ശ്രദ്ധേയമാണ്. ഇത് അവിടെ തുടർന്ന് ഉദ്ധരിച്ചിരിക്കുന്ന "അക്രൈസ്തവ മതങ്ങൾ" (ഖ. 2), എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രസ്താവനയ്ക്കും ഇതര മതങ്ങളിൽ "മറഞ്ഞുകിടക്കുന്ന വചനത്തിന്റെ വിത്തുകൾ"എന്ന കൗൺസിലിന്റെ തന്നെ "പ്രേഷിതപ്രവർത്തനം" എന്ന രേഖയിലെ (ഖ. 11) പരാമർശനത്തിനും ഉപരിയായി നില്ക്കുന്നതാണ്. "ഇതര മതങ്ങളിൽ ദൈവം പ്രവർത്തിക്കുന്നു" എന്നുപറയുമ്പോൾതന്നെ ഇതരമതങ്ങളെ സംബന്ധിച്ച ദൈവികപദ്ധതി എന്താണെന്നുള്ള ദൈവശാസ്ത്രപരമായി ന്യായമായുള്ള ചോദ്യം ഉയരുന്നു. അതിന്റെ ഉത്തരം ഇനിയും കണ്ടെത്തേണ്ടതായിട്ടുണ്ട്, കാരണം ഇതര മതങ്ങൾ അവയുടെ കോടിക്കണക്കിനു അനുയായികളുടെ ആദ്ധ്യാത്മികത രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് അംഗീകരിക്കാതിരിക്കാനാവില്ല. എന്തെന്നാൽ കൗൺസിൽ തന്നെ പഠിപ്പിക്കുന്നു: "ക്രൈസ്തവരെ സംബന്ധിച്ചു മാത്രമല്ല, പിന്നെയോ ആരുടെ ഹൃദയങ്ങളിൽ അദൃശ്യമാംവിധം പ്രസാദവരം പ്രവർത്തിക്കുന്നുവോ ആ സന്മനസ്സുള്ള സകല മനുഷ്യരെ സംബന്ധിച്ചും ഇതെല്ലാം വാസ്തവമാണ്. കാരണം ക്രിസ്തു മരിച്ചത് എല്ലാവർക്കും വേണ്ടിയാണ്. മനുഷ്യന്റെ ആത്യന്തികമായ ആഹ്വാനം ഏകമാണ്; ദിവ്യവുമാണ്. തന്മൂലം എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാധ്യത ദൈവത്തിനുമാത്രം ഗ്രാഹ്യമായ രീതിയിൽ പവിത്രാത്മാവ് നല്കുന്നുണ്ടെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു" (സഭ ആധുനിക ലോകത്തിൽ, 22; തിരുസ്സഭ, 16 ഉം കാണുക). അതേസമയം ക്രിസ്തു രഹസ്യത്തെ പ്രകടാമാംവിധം പ്രകാശിതമാകുന്ന സുവിശേഷത്തിന്റെ അഥവാ സദ്വാർത്തയുടെ പ്രഘോഷണത്തിൽ നിന്നും സഭയ്ക്ക് പിന്നാക്കം പോകാൻ സാധിക്കുകയില്ല.

ഭീകരതയെ പണംകൊണ്ടോ ആയുധംകൊണ്ടോ മാധ്യമങ്ങളെ കൂട്ടുപിടിച്ചോ പിൻന്താങ്ങാൻ പാടില്ല. മതനേതാക്കളെല്ലാവരും സമാധാനം സ്ഥാപിക്കാൻ വേണ്ടിയുള്ള ശരിയായ മധ്യവർത്തികളായി പ്രവർത്തിക്കേണ്ട ആവശ്യമുണ്ട് (mediators of authentic humanity and fraternity).

## ഉപസംഹാരം

ഉപസംഹാരമെന്ന ഒരു ശീർഷകം ഈ ചാക്രിക ലേഖനത്തിൽ ഇല്ല. 286-ാമത്തെ ഖണ്ഡികയിൽ, മുകളിൽ സൂചിപ്പിച്ചതുപോലെ, ലേഖനമെഴുതുന്നതിൽ ആരൊക്കെ മാർപാപ്പായ്ക്ക് പ്രചോദനമായി മാറിയെന്നു പറയുന്നു: മാർട്ടിൻ ലൂഥർ കിംഗും ഡെസ്മണ്ട് ടുട്ടുവും മഹാത്മഗാന്ധിയും. അതിനുശേഷം സഭയിൽ തന്നെയുള്ള ചാൾസ് ഡേഫുക്കേ എന്നുപറയുന്ന വിശുദ്ധനായ മനുഷ്യന്റെ ജീവിത ശൈലിയുടെ ചിത്രീകരണത്തിലേക്ക് മാർപാപ്പാ പോകുന്നു. സർവസാഹോദര്യത്തിന്റെ ഒരു അടയാളമായിരുന്നു ഈ വിശുദ്ധനായ മനുഷ്യൻ എന്ന് പാപ്പാ പറയുന്നു.

ഈ ചാക്രിക ലേഖനം മനുഷ്യ-സാമൂഹ്യ മന:സാക്ഷിയോടുള്ളൊരു യാചന (appeal) യാണ്. ഓരോ ആളിനും മനുഷ്യൻ എന്ന നിലയിൽ വളരെ വലിയ വ്യക്തിത്വ മാഹാത്മ്യം ഉണ്ട്. അത് തിരിച്ചറിയേണ്ടതായുണ്ട്. എല്ലാവരും സഹോദരീസഹോദരന്മാരാണ് - ഏത് മതത്തിൽപ്പെട്ടവരായാലും, ഏത് രാഷ്ട്രത്തിൽപ്പെട്ടവരായാലും ഏത് സംസ്കാരത്തിൽപ്പെട്ടവരായാലും. ലംക്സംബർഗിലെ ആർച്ച്ബിഷപ്പും യൂറോപ്യൻ സമൂഹത്തിലെ മെത്രാൻസമിതികളുടെ കമ്മീഷന്റെ പ്രസിഡന്റുമായ (President of the Commission of Episcopal Conferences of the European Community) കർദിനാൾ ജീൻ-ക്ലൗഡ് ഹോളറിഹ് പറയുന്നതുപോലെ ഈ ലേഖനത്തിൽ ശുദ്ധമായ സുവിശേഷമാണ് നിഴലിക്കുന്നത്. സുവിശേഷത്തിന്റെ കാതലാണ് ഇതിലുള്ളത്. ദൈവപുത്രന്റെ മനുഷ്യാവതാരംതന്നെ സാഹോദര്യത്തിന്റെ ഭാവമുണർത്തുന്നു. ദൈവം മനുഷ്യനാകുകവഴിയായി മനുഷ്യരുടെ സഹോദരനാകുകയും സ്വയം പങ്കുവയ്ക്കുകയും ചെയ്യുന്നു. ഈ ലേഖനം അപരനെ ഒരു ധനമായി (wealth) ആയി കാണാൻ പഠിപ്പിക്കുന്നു; അപരനിലുള്ള നന്മയെ എപ്പോഴും തിരിച്ചറിയണം. നമ്മെ അകറ്റുന്ന കാര്യങ്ങൾക്കുപരി നമ്മെ അടുപ്പിക്കുന്നവയെപ്പറ്റി സംസാരിക്കണം. അപ്പോൾ നാം

എല്ലാവരും സഹോദരരാകും (Cardinal Jean-Claude Hollerich, "This is the Gospel" *L’Osservatore Romano*, 13 November 2020, p. 6).

---

*ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ പ്രൊഫസറായ ലേഖകൻ ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായിരുന്നു. ഇപ്പോൾ കെസിബിസിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പിഒസി ബൈബിൾ റിവിഷൻ കമ്മിറ്റിയിലെ കോർ ടീം മെമ്പറായി പ്രവർത്തിച്ചുവരുന്നു.



# ‘ഫ്രത്തെല്ലി തൂത്തി’യിലെ ക്രൈസ്തവവിശ്വാസവും ആത്മീയതയും

റവ. ഡോ. ജോഷി മയ്യാറ്റിൽ*

ആബേലിനെക്കുറിച്ചും കായേനെക്കുറിച്ചും കരുതലുള്ള ദൈവസ്വരം ഒരിക്കൽക്കൂടി മുഴങ്ങുകയാണ്. കാതങ്ങൾക്കിപ്പുറം സാഹോദര്യത്തെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകൾ അനിവാര്യമായ ആധുനികയുഗത്തിന്റെ കർണപുടങ്ങളിൽ ‘നിന്റെ മുഖം വാടിയിരിക്കുന്നത് എന്തുകൊണ്ട്’ എന്നും ‘നിന്റെ സഹോദരൻ എവിടെ’ എന്നുമുള്ള ദിവ്യമന്ത്രണങ്ങളുടെ അലയടികൾ പരക്കുകയാണ്. കത്തോലിക്കാസഭാതലവനിലൂടെയാണ് വിശ്വസാഹോദര്യത്തിന്റെയും സാമൂഹികസൗഹൃദത്തിന്റെയും പാലം പണിയാനുള്ള ഹൃദ്യമായ ഈ ക്ഷണം വിശ്വത്തിനു സിദ്ധിക്കുന്നത്. അതിവിശാലമാണ് ഈ ചാക്രിക ലേഖനത്തിന്റെ പശ്ചാത്തലം. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-അന്തർദ്ദേശീയ സാഹചര്യങ്ങൾ ഈ രേഖയുടെ പിന്നാമ്പുറമായുണ്ട്. വിവിധകോണുകളിൽനിന്നുള്ള കാഴ്ചപ്പാടുകളും ഈ രേഖയിൽ നിഴലിക്കുന്നുണ്ട്.[1] ആധുനിക കാലഘട്ടത്തിലെ പൊള്ളുന്ന പല പ്രശ്നങ്ങളും ചർച്ചചെയ്യാൻ ഈ രേഖ ധൈര്യപ്പെടുന്നു. അതിനാൽത്തന്നെ, സാമൂഹിക ചാക്രികലേഖനം എന്നാണ് ഇത് അറിയപ്പെടുന്നത്.

എന്നാൽ, ക്രിസ്തുവിശ്വാസത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണിലാണ് ഇതിന്റെ വേരോട്ടം. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെയും ആധ്യാത്മികതയുടെയും ധാർമികതയുടെയും ലളിതവും നവീനവും സമഗ്രവും കാലികവും പ്രായോഗികവും അതിസുന്ദരവുമായ പ്രകാശനമാണ് 'ഫ്രത്തെല്ലി തൂത്തി'. ഈ രേഖയുടെ ഊടും പാവും എന്തെന്നു ചോദിച്ചാൽ, വിശുദ്ധഗ്രന്ഥമായ ബൈബിളും ക്രൈസ്തവദൈവശാസ്ത്രവുമാണ് എന്ന് നിസ്സംശയം പറയാനാകും. ആമുഖവും എട്ട് അധ്യായങ്ങളുമുള്ള ചാക്രികലേഖനത്തിലെ 287 ഖണ്ഡികകളിലും നിറഞ്ഞുനില്ക്കുന്നത് ദൈവത്തിന്റെ പിതൃത്വത്തെയും മനുഷ്യവ്യക്തികളുടെ ശ്രേഷ്ഠതയെയും കുറിച്ചുള്ള ബോധ്യങ്ങളാണ്. ഈ ബോധ്യങ്ങൾ പങ്കുവയ്ക്കാൻ സഭാപിതാക്കന്മാരായ വി. ഇരണേവൂസ്, വി. അഗസ്തീനോസ്, വി. അംബ്രോസ്, വി. ബേസിൽ, വി. ജോൺ ക്രിസോസ്റ്റം എന്നിവരെയും സഭാപണ്ഡിതനായ വി. പീറ്റർ ക്രിസലോഗസിനെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളെയും തന്റെ മുൻഗാമികളായ മഹാനായ വി. ഗ്രിഗറി, പിയൂസ് പതിനൊന്നാമൻ, വി. ജോൺ ഇരുപത്തിമൂന്നാമൻ, വി. പോൾ ആറാമൻ, വി. ജോൺ പോൾ രണ്ടാമൻ, ബെനഡിക്ട് പതിനാറാമൻ എന്നീ പാപ്പമാരുടെ പ്രബോധനങ്ങളെയും പ്രമുഖ ദൈവശാസ്ത്രജ്ഞരായ വി. ബൊനവെഞ്ചർ, വി. തോമസ് അക്വിനാസ്, കാൾ റാനർ എന്നിവരെയും ഫ്രാൻസിസ് പാപ്പ ഉദ്ധരിച്ചിരിക്കുന്നു.

ഈ ലേഖനത്തിന് മുഖ്യമായും മൂന്നു ഭാഗങ്ങളാണുള്ളത്. ആദ്യത്തെ ഭാഗം ക്രൈസ്തവികതയുടെ വിശ്വാസകേന്ദ്രമായ ത്രിയേകദൈവവിശ്വാസം ഈ ചാക്രികലേഖനത്തിന്റെ ആശയാടിത്തറയായി നിലകൊള്ളുന്നതെങ്ങനെ എന്നാണ് പരിശോധിക്കുന്നത്. രണ്ടും മൂന്നും ഭാഗങ്ങളാകട്ടെ, ഈ രേഖയിലെ സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും പ്രായോഗികവശങ്ങൾ എങ്ങനെയാണ് ക്രൈസ്തവസ്നേഹത്തിന്റെ രീതിശാസ്ത്രത്തിലും ക്രൈസ്തവ ആധ്യാത്മികശാസ്ത്രത്തിലും വേരുറപ്പിച്ചിരിക്കുന്നത് എന്നും പരിശോധിക്കുന്നു. ഇതിൽ രണ്ടാം ഭാഗം രേഖയുടെ രണ്ടാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന നല്ല സമരിയാക്കാരന്റെ ഉപമയുടെ വിവിധവശങ്ങൾ വിചിന്തനം ചെയ്യുന്നു. മൂന്നാം ഭാഗം ഈ രേഖയിൽ പാപ്പ നടത്തിയിരിക്കുന്ന ക്രൈസ്തവ ആധ്യാത്മികപ്രയോഗങ്ങളെ പരാമർശിക്കുന്നു.

## I. ത്രിയേക ദൈവവിശ്വാസം മുഴങ്ങുന്ന രേഖ

ഈ രേഖയുടെ കേന്ദ്രപ്രമേയങ്ങളായ മനുഷ്യവ്യക്തിയുടെ ശ്രേഷ്ഠതയും കൂട്ടായ്മയുടെ അനിവാര്യതയും പരസ്പരപൂരകങ്ങളാണ്. സത്യത്തിൽ, ത്രിത്വൈകദൈവവിശ്വാസത്തിന്റെ സ്വാഭാവികമായ പരിണതിയാണിത്. കേവല ഏകാകിത്വമല്ല (absolute singularity) ക്രിസ്തു വെളിപ്പെടുത്തിയ ദൈവസങ്കല്പം; മറിച്ച്, പരിശുദ്ധ ത്രിത്വമാണ്. ഈ ഏകത്വത്തിലെ നാനാത്വത്തെ വ്യക്തിശ്രേഷ്ഠതയുടെയും സഹവർത്തിത്വത്തിന്റെയും അടിസ്ഥാനതത്ത്വമായി മനസ്സിലാക്കാൻ അല്പംപോലും ക്ലേശിക്കേണ്ടിവരില്ല. "മൂന്നു ദൈവികവ്യക്തികളുടെ കൂട്ടായ്മയിലാണ് സമൂഹത്തിലെ എല്ലാ ജീവിതത്തിന്റെയും ഉദ്ഭവവും പരിപൂർണമാതൃകയും നാം കണ്ടുമുട്ടുന്നത്" എന്നു പാപ്പ കുറിക്കുമ്പോൾ (ഫ്രത്തെല്ലി തൂത്തി, 85) ഈ ചാക്രികലേഖനത്തിന്റെ ദൈവശാസ്ത്രഅടിത്തറതന്നെയാണ് അദ്ദേഹം വെളിവാക്കുന്നത്. മനുഷ്യൻ ബന്ധാധിഷ്ഠിതജീവിയാണെന്ന (relational animal) ദാർശനിക കാഴ്ചപ്പാട് ത്രിത്വച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണു മനുഷ്യൻ എന്ന സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ബൈബിളനുസരിച്ച്, "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉത്പ 1,26) എന്നായിരുന്നല്ലോ ദൈവത്തിന്റെ ആത്മഗതം. ഒരു മനുഷ്യനും ഒരു ദ്വീപല്ല എന്ന ചൊല്ലിൽ പതിരു തീരെയില്ലെങ്കിൽ അതിനു കാരണം മനുഷ്യനിലെ ഈ ദൈവികച്ഛായയാണ്.

പാരസ്പര്യമില്ലാത്ത മനുഷ്യജീവിതം ദൈവനിഴൽ പതിയാത്ത ഊഷരഭൂമിയാണ്. രാഷ്ട്രങ്ങളും സമൂഹങ്ങളും നിലനില്ക്കുന്നത് സന്തുലനാധിഷ്ഠിതമായാണ്-വ്യക്തിയും സമൂഹവും തമ്മിലുള്ള സന്തുലിതത്വത്തിൽ. എവിടെ സമൂഹത്തിന്റെ ഭീമപാദത്തിൻ കീഴിൽ വ്യക്തി ചവിട്ടിമെതിക്കപ്പെടുന്നുവോ, അവിടെ വർത്തമാനവും ഭാവിയും ഇരുളടഞ്ഞതാണ്. എവിടെ വ്യക്തിബോധം സാമൂഹികബോധത്തെ കശാപ്പുചെയ്യുന്നുവോ, അവിടെ അരാജകത്വം കൊടികുത്തി വാഴും. വ്യക്തിയും സമൂഹവും തമ്മിലുള്ള സമഞ്ജസമായ സമ്മേളനവും സർഗാത്മകവും കരുതലലിൽ അധിഷ്ഠിതവുമായ പരസ്പരാപേക്ഷികതയുമാണ് ഈ ചാക്രികലേഖനത്തിന്റെ ഊന്നൽ. ത്രിത്വവിശ്വാസം അതിൽത്തന്നെ (immanent Trinity) ഇതിന്റെ താത്ത്വിക അടിത്തറയായി വർത്തിക്കുന്നുണ്ടെങ്കിലും ഇതിലെ സാഹോദര്യ-സൗഹൃദ ദർശനങ്ങൾ ത്രിത്വദൗത്യവുമായും (economic Trinity) സഭാദൗത്യവുമായും (ecclesial mission) ബന്ധപ്പെട്ടതാണ്.

## പിതൃത്വം, പുത്രത്വം, സാഹോദര്യം

ഫ്രാൻസിസ് പാപ്പ സാർവത്രിക സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും ശീലുകൾ പാടുന്നത് ദൈവത്തിന്റെ പിതൃത്വവും ക്രിസ്തുവിൽ പ്രകടമായ സ്നേഹപൂർണതയും സഭയുടെ മിഷനറിദൗത്യവും പശ്ചാത്തലസംഗീതമായി മീട്ടിക്കൊണ്ടാണ്. "എല്ലാവരുടെയും പിതാവിലേക്ക് തുറവിയില്ലാതെ, സാഹോദര്യത്തിനായി വാദിക്കാൻ സാരവും സ്ഥായിയുമായ കാരണങ്ങൾ കണ്ടെത്താനാവില്ല" എന്നു പാപ്പ വ്യക്തമാക്കുമ്പോൾ (ഫ്രത്തെല്ലി തൂത്തി, 272) ദൈവത്തിന്റെ പിതൃത്വത്തെക്കുറിച്ചുള്ള ക്രൈസ്തവദർശനവും അതു സമ്മാനിക്കുന്ന സാഹോദര്യബോധവുമാണ് അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുന്നത്. ''ഏവരുടെയും പിതാവായ ഏകദൈവം'' ('ഹെയിസ് ഥെഓസ് കായ് പാത്തെർ പാന്തോൺ') എന്ന വി. പൗലോസിന്റെ കാഴ്ചപ്പാടുതന്നെയാണ് പാപ്പ ഈ രേഖയിലൂടെ ഏവർക്കും



സ്വീകാര്യമായ ഭാഷയിൽ പറഞ്ഞുവയ്ക്കുന്നത്. ഒരുവിധത്തിൽ പറഞ്ഞാൽ, സാമൂഹികവും വംശീയവും സാമ്പത്തികവും മതപരവുമായ സകല വേർതിരിവുകളും നീക്കിക്കളയുന്ന 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയുടെ പ്രയോഗവത്കൃത (applied prayer) പ്രബോധനമാണ് ഈ ചാക്രികലേഖനം.

കർത്തൃപ്രാർത്ഥന പഠിപ്പിച്ചുതന്നത് യേശുക്രിസ്തുവാണ്. സ്നേഹനിധിയായ പിതാവായി ദൈവത്തെ മനുഷ്യകുലത്തിന് ചൂണ്ടിക്കാണിച്ചുതന്നതും ആ പിതാവിന്റെ മക്കളായി ജീവിക്കാൻ നമ്മെ പ്രാപ്തരാക്കിയതും മനുഷ്യാവതാരം ചെയ്ത ദൈവപുത്രനാണല്ലോ. “മനുഷ്യശ്രേഷ്ഠതയുടെയും സാഹോദര്യത്തിന്റെയും ഉറവ യേശു ക്രിസ്തുവിന്റെ സുവിശേഷത്തിലാണ്. ... ബന്ധത്തിനും അപരനെന്ന വിശുദ്ധരഹസ്യത്തെ കണ്ടുമുട്ടുന്നതിനും മാനവകുടുംബംമുഴുവനു മായുള്ള സാർവത്രികകൂട്ടായ്മയ്ക്കും ക്രൈസ്തവചിന്താധാരയിലും സഭാപ്രവർത്തനത്തിലും നല്കപ്പെട്ടിട്ടുള്ള പ്രാഥമികത്വം അതിൽനിന്ന് ഉടലെടുക്കുന്നതാണ്” എന്ന് വ്യക്തമാക്കുന്ന 277-ാം ഖണ്ഡികയിലെ പ്രസ്താവന ഏറെ ശ്രദ്ധേയമാണ്. “നാമോരോരുത്തർക്കുംവേണ്ടി ക്രിസ്തു തന്റെ രക്തം ചിന്തി... ആരും അവിടത്തെ സാർവത്രിക സ്നേഹത്തിന്റെ വ്യാപ്തിക്കു പുറത്തല്ല” (85) എന്നു പാപ്പ കുറിക്കു മ്പോൾ ക്രിസ്തുവിൽ വസ്തുനിഷ്ഠമായി സാക്ഷാത്കൃതമായ ദൈവ മക്കളുടെ സാഹോദര്യത്തിലേക്കാണ് പാപ്പ വിരൽചൂണ്ടുന്നത്. രക്ഷ കനായ ഈശോമിശിഹായുടെ പീഡാസഹനമരണോത്ഥാനങ്ങളിലൂ ടെയാണ് സകല മനുഷ്യരും ദൈവമക്കളായി മാറിയത്. പക്ഷേ, തിരുവചനത്തിന്റെ വെളിച്ചത്തിൽ, നാം ദൈവപുത്രരാകുന്നത് യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് (റോമാ 3,26; 4,6). ക്രിസ്തു വിശ്വാസത്തിലൂടെതന്നെയാണ് നാം പരസ്പരം സഹോദരങ്ങളുമാ കുന്നത്. അതായത്, ഏവർക്കും വ്യക്തിഗതമായി ക്രിസ്തുവിൽ വിശ്വ സിക്കേണ്ട ആവശ്യമുണ്ട്. ക്രിസ്തുവിശ്വാസത്തിലൂടെ ഹൃദയ ങ്ങളിലേക്കു ചൊരിയപ്പെടുന്ന (റോമാ 5,5) ദൈവാത്മാവിനാൽ നയി ക്കപ്പെടുന്നവരാണ് ദൈവമക്കൾ (റോമാ 8,14).

അതിനാൽത്തന്നെയാണ് സുവിശേഷപ്രഘോഷണത്തിനായി ക്രിസ്തു സഭയെ സ്ഥാപിച്ചത്. ക്രിസ്തുവിനെ പ്രഘോഷിക്കുക എന്നത് സാർവത്രികസാഹോദര്യത്തിനും സാമൂഹികസൗഹൃദത്തിനും അത്യ ന്താപേക്ഷിതമാണ്. ഒരു സാമൂഹിക ചാക്രികലേഖനമാണിത് എന്നതു കൊണ്ട് പാപ്പ ഈ വിഷയത്തിൽ മിതത്വം പാലിച്ചുണ്ടെങ്കിലും ‘എവഞ്ചേലീ ഗൗദിയും’, ‘ക്രിസ്തൂസ് വീവിത്’ എന്നീ രേഖകളിൽ അതു വളരെ വ്യക്തമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കർത്താവിനോ ടുള്ള വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ വഴി ഇന്നത്തെ ലോക ത്തിൽ സാക്ഷ്യംവഹിക്കുന്നവൾ എന്ന സഭയെക്കുറിച്ചുള്ള അദ്ദേഹ

ത്തിന്റെ പരാമർശത്തിൽ എല്ലാമുണ്ട്: "സാർവത്രിക സാഹോദര്യ ത്തിന്റെയും മാനവികതയുടെയും പുരോഗതിക്കായി അവൾ അക്ഷീണം യത്നിക്കുന്നു. ഭൗമികശക്തികളോട് മത്സരിക്കാമെന്ന് അവൾ അവ കാശപ്പെടുന്നില്ല. എന്നാൽ, കർത്താവ് തന്റെ മുൻഗണനാർഹമായ കരുതലാൽ സ്നേഹിക്കുന്നവർക്കുവേണ്ടിയും കർത്താവിനോടുള്ള വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ വഴി ഇന്നത്തെ ലോകത്തിൽ സാക്ഷ്യം വഹിക്കുന്നതിനുവേണ്ടിയും തുറവുള്ള സഭ, കുടുംബ ങ്ങൾക്കിടയിലെ ഒരു കുടുംബമായി അവളെത്തന്നെ സമർപ്പിക്കുന്നു. തുറന്ന വാതിലുകളുള്ള ഒരു ഭവനമാണ് സഭ. കാരണം, അവൾ അമ്മ യാണ്" (276).

## II. 'നല്ല സമരിയാക്കാര'ന്റെ സാംഗത്യം

നല്ല സമരിയാക്കാരന്റെ ഉപമയും അതിനു പാപ്പ നല്കുന്ന കാലി കമായ വ്യാഖ്യാനവും ഈ ചാക്രികലേഖനത്തിന്റെ ഹൃദയമായിത്തന്നെ ഗ്രഹിക്കേണ്ടതുണ്ട്. സാഹോദര്യത്തിനും സൗഹൃദത്തിനും വിരുദ്ധ മായി സമകാലീനലോകത്തിൽ പടർന്നിരിക്കുന്ന കാർമേഘവും കൂരി രുളും ഒന്നാമധ്യായത്തിൽ വ്യക്തതയോടെ ചൂണ്ടിക്കാണിച്ചതിനു ശേഷം, ഈ പശ്ചാത്തലത്തിൽ സുവിശേഷം കൊളുത്തുന്ന പ്രത്യാശ യുടെ നാളം എന്ന രീതിയിലാണ് രണ്ടാമധ്യായം (56–86) പാപ്പ



ക്രമീകരിച്ചിരിക്കുന്നത്. സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദ ത്തിന്റെയും പ്രമേയത്തിന് അനിതരസാധാരണമായ സൗന്ദര്യമാണ് ഈ അധ്യായം പ്രദാനംചെയ്യുന്നത്.

നല്ല സമരിയാക്കാരന്റെ ഉപമ നല്കുന്ന സന്ദേശത്തിന് സാമൂഹി കവും സാംസ്കാരികവും സാമ്പത്തികവും ദേശീയവും അന്തർദ്ദേശീ യവുമായ മാനങ്ങളുണ്ടെന്നാണ് ഈ ചാക്രികലേഖനം വ്യക്ത മാക്കുന്നത്. “നമ്മുടെ രാഷ്ട്രങ്ങളുടെയും മുഴുവൻലോകത്തിന്റെയും പൗരന്മാരെന്നനിലയിൽ പുതിയൊരു സാമൂഹികബന്ധത്തിന്റെ നിർമ്മാ താക്കളാകാൻ നമുക്കുള്ള വിളി കണ്ടെത്താൻ യേശുവിന്റെ ഉപമ നമ്മെ ക്ഷണിക്കുന്നു” (66) എന്ന പാപ്പയുടെ നിരീക്ഷണം ഇതിലേക്കുള്ള സൂചനയാണ്. മുന്നോട്ടുള്ള ഓരോ അധ്യായത്തിലും കാണുന്ന ഗഹ നങ്ങളായ ആശയങ്ങളിലും പ്രായോഗികങ്ങളായ നിർദേശങ്ങളിലും ആ നല്ല സമരിയാക്കാരൻ മറഞ്ഞുനില്ക്കുന്നതു ഗ്രഹിക്കാൻ ശ്രദ്ധാ ലുവായ ഒരു അനുവാചകൻ ഏറെ ക്ലേശിക്കേണ്ടതില്ല. അയല്ക്കാരനെ തേടിയവനോട് അയല്ക്കാരൻ ആകാൻ ക്രിസ്തു ആവശ്യപ്പെടുമ്പോൾ, സാഹോദര്യത്തിനായി തയ്യാറാക്കുന്ന ചെറുപട്ടികകൾ വലിച്ചെറിഞ്ഞ് ഏവർക്കും സംലഭ്യരാകുന്ന ഹൃദയവിശാലത സ്വന്തമാക്കാനാണ് അവി ടന്ന് നമ്മോട് ആഹ്വാനംചെയ്യുന്നത്.

സാധാരണഗതിയിൽ വിവിധങ്ങളായ മാനദണ്ഡങ്ങളിലൂടെ നിര വധിയായ വർഗീകരണങ്ങൾക്ക് വിധേയമാകുന്ന മനുഷ്യരാശിയെ രണ്ടേ രണ്ടു ഗണങ്ങളായി മാത്രമേ ചാക്രികലേഖനം കാണുന്നുള്ളൂ: കടന്നുപോകുന്നവരും കരുതലുള്ളവരും (70). മുറിവേറ്റവന്റെ മുന്നി ലാണ് ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ആഗോളസമൂഹംമുഴുവന്റെയും സ്വത്വസത്യം വെളിപ്പെടുന്നത്. മുറിവേറ്റ വനെ കണ്ടിട്ട് മറുവശത്തുകൂടെ കടന്നുപോകാനുള്ള മനുഷ്യന്റെ മിഥ്യാ പ്രവണതയ്ക്ക് ശക്തമായ ഒരു തിരുത്തും, കരുതലുള്ളവരായി കടന്നു ചെല്ലുന്ന യഥാർത്ഥ മാനുഷികപ്രവണതയ്ക്കുള്ള പ്രോത്സാഹന വുമാണ് ‘ഫ്രത്തെല്ലി തൂത്തി’. മുറിവേറ്റവനായി വിട്ടുകൊടുക്കാൻ ഒരു കഴുതപ്പുറവും അല്പം എണ്ണയും വീഞ്ഞും രണ്ടു ദനാറയും ഏതാനും മണിക്കൂറുകളും സ്വന്തമായി ഇല്ലാത്തവരായി ഒരു മനുഷ്യനും സമൂ ഹവും രാഷ്ട്രവും ഇല്ല എന്ന ശക്തവും ഭാവാത്മകവും സർഗാത്മക വുമായ സന്ദേശമാണ് ഈ ഉപമയിലൂടെ ലോകത്തിനു ലഭിക്കുന്നത്. സ്നേഹത്തിന്റെ കരുതലിനായുള്ള സർവസന്നാഹങ്ങളും സ്വന്തമാ

യുള്ളവരാണ് മനുഷ്യരാശി എന്ന അവബോധം പകർന്നുതരാൻ പര്യാപ്തമാണ് ക്രിസ്തുവിന്റെ ഈ ഉപമ. “നമ്മുടെ പൊതുമാനുഷികതയുടെ സാരാംശപരവും മിക്കപ്പോഴും വിസ്മരിക്കപ്പെടുന്നതുമായ ഒരു വശത്തെപ്പറ്റി അതു നമ്മോടു പറയുന്നു: അതായത്, സ്നേഹത്തിൽ മാത്രം കണ്ടെത്താനാവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധ്യമല്ല. ഒരു സമുദായഭ്രഷ്ടനെപ്പോലെ ജീവിതത്തിലൂടെ കടന്നുപോകാൻ ആരെയും അനുവദിക്കാൻ നമുക്കു സാധ്യമല്ല.” (68)

കരുതലിന് ഏറ്റവും വലിയ തടസ്സം മുറിവേറ്റവന്റെ വംശമോ ജാതിയോ നാടോ മതമോ അന്വേഷിക്കുന്ന ഏർപ്പാടാണ്, അഥവാ വിഭജിക്കുന്ന വ്യത്യസ്തതയ്ക്ക് പ്രാധാന്യം നല്കലാണ്. മുറിവേല്പിച്ചവനും മുറിവേറ്റു കിടന്നവനും കടന്നുപോയവരും കടന്നുവന്നവനും ഒരേപോലെ മനുഷ്യരാണ്, സഹോദരരാണ്. ആ തിരിച്ചറിവുണ്ടായാൽത്തന്നെ വേർതിരിവുകളും അന്യതാബോധവും അപരഭയവും കടന്നുപോകാനുള്ള പ്രലോഭനവും നമ്മെ വിട്ടുപോകും. പഴയനിയമവും പുതിയനിയമവും ക്രമാനുഗതമായി വെളിപ്പെടുത്തിയതും കർത്താവായ യേശുക്രിസ്തുവിൽ ആത്യന്തികമായി ഇതൾവിരിഞ്ഞതുമായ വിശ്വസാഹോദര്യബോധ്യങ്ങളും സാഹോദര്യത്തിലേക്കുള്ള തിരുവചനക്ഷണങ്ങളും അതിസുന്ദരമായി ചൂണ്ടിക്കാണിച്ചുതരാൻ പാപ്പയ്ക്കു കഴിഞ്ഞിരിക്കുന്നു. പുതിയനിയമം മുന്നോട്ടുവയ്ക്കുന്ന സാഹോദര്യക്കാഴ്ചകളുടെ വിശാലത വെളിവാക്കാൻ, “തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും” (1 തെസ്സ 3,12) ഉള്ള സ്നേഹത്തിൽ വളരാനുള്ള പൗലോസിന്റെ ആഹ്വാനം സൂചിപ്പിച്ചുകൊണ്ട് ഇട്ടാവട്ടങ്ങളുടെ സ്നേഹത്തിൽ ഒതുങ്ങാൻ ക്രൈസ്തവർക്കുള്ള പ്രലോഭനത്തെക്കുറിച്ച് പാപ്പ മുന്നറിയിപ്പും നല്കുന്നുണ്ട്.

ക്രൈസ്തവ ആധ്യാത്മികതയും ദൈവശാസ്ത്രവും ഏറെ വികസിതമായിരിക്കുന്ന ഈ കാലഘട്ടത്തിലും ഇടുങ്ങിയ ദേശീയവാദവും അപരഭയവും വ്യത്യസ്തവരായവരോടുള്ള മോശമായ പെരുമാറ്റവും പലരും പുലർത്തുന്നുണ്ടെന്നും ഇക്കാര്യങ്ങളിൽ ക്രൈസ്തവ വിശ്വാസവും അത് പ്രചോദിപ്പിക്കുന്ന മാനവികതയും നിരന്തര ജാഗ്രതയും വിമർശനാത്മകതയും പുലർത്തണമെന്നും പാപ്പ വ്യക്തമാക്കുന്നു. ഇതിനായി വിശ്വാസപരിശീലനത്തിലും പ്രഘോഷണത്തിലും അസ്തിത്വത്തിന്റെ സാമൂഹികമാനങ്ങളെക്കുറിച്ചും ആത്മീയതയുടെ

സാഹോദര്യതലത്തെക്കുറിച്ചും ഓരോ വ്യക്തിയുടെയും ഒഴിവാക്കാനാവാത്ത ശ്രേഷ്ഠതയെക്കുറിച്ചും എല്ലാ സഹോദരങ്ങളെയും സ്നേഹിക്കാനും സ്വീകരിക്കാനും നമുക്കുള്ള കാരണങ്ങളെക്കുറിച്ചും വ്യക്തതയോടും നേരിട്ടും സംസാരിക്കണം എന്നാണ് അദ്ദേഹത്തിന്റെ പക്ഷം (86).

## III. ക്രൈസ്തവ ആധ്യാത്മികശാസ്ത്രത്തിന്റെ മഹാസദ്യ

സാമൂഹിക ചാക്രികലേഖനമായി വിശേഷിപ്പിക്കപ്പെടുന്ന 'ഫ്രത്തെല്ലി തൂത്തി' ക്രൈസ്തവ ആധ്യാത്മിക പാരമ്പര്യത്തിന്റെ അതിസുന്ദരമായ ഉൾക്കാഴ്ചകളാലും ആശയങ്ങളാലും പ്രയോഗങ്ങളാലും സമ്പന്നമാണ്. അതിന്റെ കാരണം 276-ാം ഖണ്ഡികയിൽ നാം കാണുന്നുമുണ്ട്: "സമൂഹത്തിന്റെ അഭിവൃദ്ധിയിൽ സംഭാവന നല്കാൻ കഴിയുന്ന ആത്മീയോർജം പുനരുജ്ജ്വലിപ്പിക്കുന്നതിൽ സഭ പരാജയപ്പെടാൻ പാടില്ല". ഈ കാഴ്ചപ്പാടാണ് വെറും സ്വകാര്യമണ്ഡലത്തിലേക്ക് ഒതുങ്ങിക്കൂടാതെ. മെച്ചപ്പെട്ട ഒരു ലോകത്തെ വാർത്തെടുക്കുന്നതിൽ ശ്രദ്ധയുള്ളവളായി സഭ മുന്നോട്ടു നീങ്ങുന്നതിനു പിന്നിലുള്ളത്. ഇത്തരം സംഭാവനകൾ നല്കാൻ മതങ്ങൾക്കു കെല്പുണ്ടെന്ന് ഈ രേഖയിലൂടെ പാപ്പ ശക്തിയുക്തം വാദിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. "നമ്മുടെ പൊതുചർച്ചകളിൽ കേൾക്കപ്പെടേണ്ട



ശബ്ദം കേവലം ശക്തരുടെയും 'വിദഗ്ധരുടെയും' മാത്രമാകുന്നത് ന്യായവിരുദ്ധമാണ്. നൂറ്റാണ്ടുകളുടെ അനുഭവത്തിന്റെയും അറിവിന്റെയും കലവറയാകുന്ന മതപാരമ്പര്യങ്ങളിൽനിന്നു ജന്മംകൊണ്ട വിചിന്തനങ്ങൾക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്" (275) എന്ന പ്രസ്താവനയിലൂടെ പൊതുരംഗത്ത് മതവിശ്വാസങ്ങൾക്കുള്ള പ്രസക്തിയിലേക്ക് പാപ്പ വിരൽചൂണ്ടുകയാണ്.

പ്രായോഗികസ്നേഹം എന്ന ഒറ്റ പ്രയോഗംകൊണ്ട് അടയാളപ്പെടുത്താവുന്ന ഈ രേഖ, 'സ്നേഹത്തിലുള്ള വിശ്വാസമാണ് ക്രൈസ്തവവിശ്വാസം' എന്ന അടിസ്ഥാനപരമായ ധാരണയുടെ (cf. യോഹ 4,16) ചുവടുപിടിച്ചുതന്നെയാണ് മുന്നേറുന്നത്. മനുഷ്യകുലത്തിന് ആവശ്യമുള്ളത് ഉപവിയുടെ രാഷ്ട്രീയമാണെന്ന്[2] വ്യക്തമാക്കുന്ന പാപ്പ, യഥാർത്ഥത്തിൽ ഉപവിയെന്ന ദൈവശാസ്ത്രപുണ്യത്തിന്റെ ദേശീയവും അന്തർദ്ദേശീയവുമായ മാനങ്ങളെയാണ് ഇതിലൂടെ ഉയർത്തിക്കാണിക്കുന്നത്. പ്രയോഗത്തിൽ, ഇത് ദരിദ്രരോടു സദ്വാർത്ത അറിയിക്കുക എന്ന ക്രിസ്തുദൗത്യത്തിന്റെ (ലൂക്കാ 4,18) തുടർക്കഥതന്നെയാണ്. ഏറ്റവും ആവശ്യത്തിലിരിക്കുന്നവരോടുള്ള മുൻഗണനാസ്നേഹമാണ് ഉപവിയുടെ രാഷ്ട്രീയം. അത്തരക്കാരുടെ രാഷ്ട്രീയാവകാശത്തെപ്പറ്റിയുള്ള പ്രസ്താവന 194-ാം നമ്പരിൽ കാണാം: "രാഷ്ട്രീയജീവിതത്തിലെ നിത്യവ്യാപാരങ്ങൾക്കിടയിൽത്തന്നെ ഏറ്റവും ചെറിയവർ, ഏറ്റവും ദുർബലർ, ഏറ്റവും ദരിദ്രർ എന്നിവർ നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കണം. തീർച്ചയായും അവർക്ക് നമ്മുടെ ഹൃദയത്തിലും ആത്മാവിലും കയറിപ്പറ്റാനുള്ള 'അവകാശമുണ്ട്'. ഉപവിയാൽ രൂപാന്തരപ്പെട്ട നോട്ടമാണ് രാഷ്ട്രീയത്തിന്റെ ശുദ്ധചൈതന്യകേന്ദ്രമെന്നും അതാണ് ഏവരുടെയും - പ്രത്യേകിച്ച് അധഃസ്ഥിതരുടെ - ശ്രേഷ്ഠത ഉറപ്പാക്കുന്നതെന്നും 187-ാം നമ്പർ വ്യക്തമാക്കുന്നു.

സാഹോദര്യത്തിന്റെ ആത്മീയതയ്ക്ക് ഒഴിച്ചുകൂടാനാകാത്ത 'സൗജന്യദാനം' എന്ന ആശയം 139-141 ഖണ്ഡികകൾ മുന്നോട്ടുവയ്ക്കുന്നു. ഇത് ത്യാഗഭരിതമായ ദാനമാണെന്നു വ്യക്തമാണ്. സ്നേഹത്തിന്റെ ഈ ത്യാഗഭാവത്തിന് വ്യക്തിഗതമായ ഒരു ആധ്യാത്മിക ഭാവം എന്നതിൽനിന്ന് വ്യത്യസ്തമായി, സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും അനിവാര്യമായ ഒരു നയം എന്ന കാഴ്ചപ്പാടു നല്കാനാണ് പാപ്പ ശ്രമിക്കുന്നത്. "സന്നദ്ധതയോടും സൗജന്യമായും

അപരരെ സ്വാഗതം ചെയ്യുന്ന ഒരു സാമൂഹിക-രാഷ്ട്രീയ സംസ്കാരത്തിനു മാത്രമേ ഭാവിയുള്ളൂ” എന്നാണ് പാപ്പയുടെ പക്ഷം. ഇത്തരം ഒരു രാഷ്ട്രീയത്തിന് പരാർത്ഥസഹനത്തിന്റെ പരമകോടിയായ ക്രിസ്തുരഹസ്യവുമായി ബന്ധമുണ്ടാകാതിരിക്കുമോ?

നല്ല രാഷ്ട്രീയത്തെക്കുറിച്ചുള്ള വിചിന്തനത്തിൽ ഹൃദയത്തിന്റെയും മനോഭാവങ്ങളുടെയും ജീവിതശൈലികളുടെയും മാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ചു പരാമർശിക്കുന്നിടത്ത് മനുഷ്യവംശത്തിന്റെ ആരംഭംമുതൽ സന്നിഹിതവും യുഗങ്ങളിലൂടെ പരിവർത്തനവിധേയവും വിവിധരൂപങ്ങൾ എടുത്തണിഞ്ഞിട്ടുള്ളതും ‘ഭോഗാസക്തി’ (concupiscence) എന്നു ക്രൈസ്തവപാരമ്പര്യം വിശേഷിപ്പിക്കുന്നതുമായ ദുർഗുണത്തെ ദൈവസഹായത്തോടെ കീഴടക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പാപ്പ കാര്യമായി പരാമർശിക്കുന്നു (166). കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം, സമ്പന്നപ്രീണനം, കോർപ്പറേറ്റുവത്കരണം, ലിബറലിസം എന്നിങ്ങനെയൊക്കെ ആധുനികസമൂഹം പേരിട്ടുവിളിക്കുന്ന വ്യക്തിപരവും സാമൂഹികവും രാഷ്ട്രീയവും അന്തർദ്ദേശീയവുമായ ഗൗരവമേറിയ പ്രശ്നങ്ങളെത്തന്നെയാണ് ഈ ദുർഗണപരാമർശത്തിലൂടെ പാപ്പ ചൂണ്ടിക്കാണിക്കുന്നത്.

സംവാദത്തെയും സൗഹൃദത്തെയുംകുറിച്ചുള്ള ആറാം അധ്യായത്തിൽ ക്രൈസ്തവ ആധ്യാത്മികശാസ്ത്രത്തിലെ ഒരു മണിമുത്ത് പാപ്പ ഉപയോഗിച്ചിരിക്കുന്നു (222-224). ഗലാ 5,22-ൽ പരാമർശിതമായിരിക്കുന്ന ‘ദയ’ എന്ന പരിശുദ്ധാത്മാവിന്റെ ഫലമാണത്. സൗമ്യവും സന്തോഷകരവും പിന്തുണനല്കുന്നതുമായ മനോഭാവത്തെയാണ് അത് സൂചിപ്പിക്കുന്നത്. തികച്ചും വ്യക്തിഗതം എന്നു നമ്മൾ കരുതിയിരുന്ന ഇത്തരം പ്രമേയങ്ങൾക്ക് പ്രാദേശികസമൂഹത്തിന്റെയും രാഷ്ട്രങ്ങളുടെയും അന്താരാഷ്ട്രസമൂഹത്തിന്റെയും പെരുമാറ്റരീതികളിലുള്ള പ്രസക്തി ചൂണ്ടിക്കാണിക്കാൻ ഈ സാമൂഹിക ചാക്രികലേഖനത്തിൽ ഫ്രാൻസിസ് പാപ്പ ശ്രമിച്ചിരിക്കുന്നത് കാണാതെപോകാനാവില്ല.

സമാധാനസംസ്ഥാപനത്തിന്റെ നവീനപാതകളെക്കുറിച്ചു വിചിന്തനം ചെയ്യുന്ന ഏഴാം അധ്യാത്തിൽ ക്ഷമയ്ക്കും അനുരഞ്ജനത്തിനുമുള്ള സ്ഥാനം ഏറെ പ്രധാനപ്പെട്ടതാണ്. അക്രമത്തെയും അസഹിഷ്ണുതയെയും പൂർണമായി തള്ളിപ്പറയുന്ന ഈശോയുടെ ശൈലി

ഈ അധ്യായത്തിൽ പാപ്പ വ്യക്തമായി അവതരിപ്പിക്കുന്നു (237-239). ഏഴെഴുപതു പ്രാവശ്യം ക്ഷമിക്കാനുള്ള ക്രിസ്ത്വാഹ്വാനം ഈ അധ്യായത്തിൽ നന്നായി മുഴങ്ങിക്കേൾക്കാം. എന്നാൽ, സമാധാനസംസ്ഥാപനത്തിൽ അനിവാര്യവും സാധുവുമായ സംഘർഷത്തെക്കുറിച്ചുള്ള അവിടത്തെ കാഴ്ചപ്പാടും (cf. മത്താ 10,34-36) ഇതിൽ സുന്ദരമായി അനാവരണം ചെയ്തിരിക്കുന്നു (240).

മതവിശ്വാസികളുടെ അടിസ്ഥാനഭാവങ്ങൾ ദൈവസ്നേഹവും പരസ്നേഹവുമാണെന്നും അടിസ്ഥാന മതബോധ്യങ്ങളിൽ അക്രമത്തിന് സ്ഥാനമില്ലെന്നും അവയുടെ വളച്ചൊടിക്കലാണ് അക്രമഹേതുവാകുന്നതെന്നും പാപ്പ വ്യക്തമാക്കുന്നു. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല; എന്തെന്നാൽ, ദൈവം സ്നേഹമാണ്" (1യോഹ 4,8). ആഫ്രിക്കൻ മരുഭൂമിയിൽ സാർവത്രികസാഹോദര്യത്തിന്റെ സാക്ഷ്യമായി ജീവിച്ച വാഴ്ത്തപ്പെട്ട ചാൾസ് ഡി ഫുക്കോയെ പരാമർശിച്ചുകൊണ്ടാണ് 287-ാം ഖണ്ഡിക അവസാനിക്കുന്നത്. അങ്ങനെ ക്രൈസ്തവ ആധ്യാത്മികതയുടെ മൗലികജീവിതശൈലിയായ സന്യാസത്തെത്തന്നെ വിശ്വസാഹോദര്യത്തിന്റെയും സാമൂഹികസൗഹൃദത്തിന്റെയും മാതൃകയായി അവതരിപ്പിക്കാൻ ഈ രേഖയ്ക്ക് കഴിഞ്ഞിരിക്കുന്നു.

## ഉപസംഹാരം

2013-ൽ 'സുവിശേഷത്തിന്റെ ആനന്ദം' എന്ന അപ്പസ്തോലികാഹ്വാനത്തിൽ കാപ്പിറ്റലിസ്റ്റു വ്യവസ്ഥിതിയെക്കുറിച്ച് ഫ്രാൻസിസ് പാപ്പ നടത്തിയ ചില നിരീക്ഷണങ്ങൾ 'വത്തിക്കാനിലെ കമ്മ്യൂണിസ്റ്റുകാരൻ' എന്ന കളിപ്പേര് അദ്ദേഹത്തിനു നല്കാൻ റഷ് ലിംബോയെപ്പോലുള്ള ചില അമേരിക്കൻ വിമർശകരെ പ്രേരിപ്പിച്ചിട്ടുള്ളതാണ്. ഈ ചാക്രികലേഖനത്തോടെ അത് കേരളത്തിൽ ഉറപ്പിച്ചെടുക്കാൻ ചിലർ തത്രപ്പെടുന്നതായി തോന്നുന്നു.[3] കാപ്പിറ്റലിസത്തെക്കുറിച്ചുള്ള പാപ്പയുടെ നിരീക്ഷണങ്ങൾ കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിനുള്ള അംഗീകാരമായിട്ടാണ് പലരും വ്യാഖ്യാനിക്കുന്നത്. ആഴമായ ദൈവവിശ്വാസവും വർഗീകരണമില്ലാത്ത സാർവത്രികസ്നേഹവും ഓരോ വ്യക്തിയുടെയും അതുല്യമായ ശ്രേഷ്ഠതയുമാണ് ഈ രേഖയുടെ ഊടും പാവും എന്നു തിരിച്ചറിയാനാവത്തതിന്റെ ദോഷമാണ് അത്തരം വ്യാഖ്യാനങ്ങൾക്കുള്ളത്. ഗബ്രിയേൽ മാർസലിനെയും പോൾ റിക്കറെയും പോലുള്ളവരുടെ ദർശനങ്ങളിൽ പാപ്പ കാണിക്കുന്ന താല്പ



ര്യവും തത്പരകക്ഷികളുടെ കണ്ണിൽ പെട്ടിട്ടില്ല. മാത്രമല്ല, ലിയോ പതിമൂന്നാമൻ പാപ്പയുടെ 'റേരും നൊവാരും' (1891) മുതലിങ്ങോട്ടുള്ള സാമൂഹികപ്രബോധനങ്ങളിൽ വെളിവാകുന്ന, ഇടത്തു-വലത്തുപ്രത്യയശാസ്ത്രങ്ങളിൽ നിന്നു വ്യത്യസ്തമായി സഭയ്ക്കുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ഇവർക്ക് ഒരു ധാരണയും ഇല്ലെന്നും വ്യക്തമാണ്. വിപണിയെ കേന്ദ്രീകരിക്കുന്ന കാപ്പിറ്റലിസവും അധികാരത്തെ കേന്ദ്രീകരിക്കുന്ന കമ്മ്യൂണിസവും സഭയ്ക്ക് ഒരുപോലെ അനഭിമതങ്ങളാണെന്ന് 'റേരും നൊവാരും' മുതൽ 'ഫ്രത്തെല്ലി തൂത്തി' വരെ നീളുന്ന സഭാപ്രബോധനങ്ങളും പ്രൊഫ. മൗറിസ് ഗ്ലാസ്മാനെപ്പോലുള്ളവരുടെ[3] കൃതികളും വായിച്ചാൽ മനസ്സിലാകും.

ത്രിത്വബോധം സമ്മാനിക്കുന്ന സഭയുടെ സിനഡൽസ്വഭാവം, പാപ്പയുടെ മറ്റു പ്രബോധനങ്ങളിലെന്നതുപോലെ, ഈ ചാക്രികലേഖനത്തിലും സുവിദിതമാണ്. വിവിധ രാജ്യങ്ങളിൽനിന്നുള്ള പന്ത്രണ്ടു മെത്രാൻസമിതികളുടെ സാഹോദര്യദർശനങ്ങൾ ഈ പ്രബോധനത്തിൽ ഉൾച്ചേർക്കാൻ ഫ്രാൻസിസ് പാപ്പ ശ്രദ്ധിച്ചിട്ടിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, അപ്പസ്തോലികസാഹോദര്യം വ്യക്തമായി പ്രകടിപ്പിച്ചുകൊണ്ടാണ് വിശ്വസാഹോദര്യത്തെക്കുറിച്ചും സാമൂഹികസൗഹൃദത്തെക്കുറിച്ചുമുള്ള ഈ രേഖ പാപ്പ തയ്യാറാക്കിയിരിക്കുന്നത്.

ഈ ലേഖനത്തിലൂടെ ഞാൻ കുറിക്കാൻ ശ്രമിച്ച കാര്യങ്ങൾ ഒറ്റ വാക്യത്തിൽ ചുരുക്കിയെഴുതിക്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പി

ക്കുന്നു: 'ഫ്രത്തെല്ലി തൂത്തി' മുന്നോട്ടുവയ്ക്കുന്ന സാഹോദര്യദർശനം പൂർണമായും ക്രൈസ്തവവിശ്വാസത്തിലും തിരുവചനത്തിലും ക്രൈസ്തവആധ്യാത്മികതയിലും അധിഷ്ഠിതമാണ്.

Notes

1. രണ്ടാം ക്രിസ്തു എന്നു വിളിക്കപ്പെടുന്ന അസീസിയിലെ വി. ഫ്രാൻസിസിന്റെ ആത്മീയമായ ഉൾക്കാഴ്ചകളും ജീവിതശൈലിയും നിലപാടുകളും ഭാരതത്തിന്റെ രാഷ്ട്രപിതാവും ഹൈന്ദവനുമായ മഹാത്മാഗാന്ധിയുടെ ദർശനങ്ങളും അമേരിക്കയിൽ ബാപ്റ്റിസ്റ്റു മിനിസ്റ്ററായിരുന്ന മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ പൗരാവകാശദർശനങ്ങളും ആംഗ്ലിക്കൻ സഭയിലെ ആർച്ചുബിഷപ്പായിരുന്ന ദക്ഷിണാഫ്രിക്കയിലെ ഡെസ്മണ്ട് ടുട്ടുവിന്റെ വംശീയസമത്വത്തിനായുള്ള ആഹ്വാനങ്ങളും സമരങ്ങളും 2019 ഫെബ്രുവരി 4-ാം തീയതി ഫ്രാൻസിസ് പാപ്പയും അബുദാബിയിലെ അൽ അസ്ഹർ മോസ്കിലെ ഗ്രാൻഡ് ഇമാം ഷേക് അഹ്മദ് അൽ തായേബും തമ്മിലുണ്ടായ കൂടിക്കാഴ്ചയും അവർ ഒപ്പുവച്ച *ലോകസമാധാനത്തിനും സഹവർത്തിത്വത്തിനും വേണ്ടി മനുഷ്യ സാഹോദര്യം* എന്ന സംയുക്തപ്രസ്താവനയും ഈ ചാക്രികലേഖനത്തിനു പ്രചോദനമായിട്ടുണ്ടെന്ന് പാപ്പതന്നെ കുറിച്ചിട്ടുണ്ട്. ആ സംയുക്തപ്രസ്താവന ചാക്രികലേഖനത്തിൽ എട്ടു പ്രാവശ്യം ഉദ്ധരിച്ചിരിക്കുന്നു എന്നത് ഈ വിഷയത്തിൽ അതിനുള്ള പ്രാധാന്യം വെളിപ്പെടുത്തുന്നു. ദാർശനികരായ അരിസ്റ്റോട്ടിൽ, ഗെയോർഗ് സിമ്മെൽ, ഗബ്രിയേൽ മാർസെൽ, പോൾ റിക്കർ എന്നിവരുടെ തത്വശാസ്ത്ര സ്വാധീനങ്ങളും ഹെയിം ഹോയോവാസ്കെ എസ്.ജെ. തുടങ്ങിയ സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണങ്ങളും സാൽബാ എസ്. ജെ., റോയോ മറീൻ എന്നീ ധാർമിക ദൈവശാസ്ത്രജ്ഞരുടെ ആശയങ്ങളും റെനേ ഫൊയ്‌ലൂം തുടങ്ങിയവരുടെ ആത്മീയചിന്തകളും ഈ ചാക്രികലേഖനത്തിൽ പലയിടത്തും പ്രകടമാണ്. കോവിഡുകാലം പോലും സാഹോദര്യത്തിലേക്കും സാമൂഹിക സൗഹൃദത്തിലേക്കുമുള്ള ക്ഷണമായി ധ്യാനിക്കാൻ പാപ്പയ്ക്കു കഴിഞ്ഞിരിക്കുന്നു!

2. The Guardian പത്രത്തിൽ 2017-ൽ ഫിലിപ്പ് മാക് കിബ്ബിൻ പ്രസിദ്ധീകരിച്ച 'It is time to imagine our entire politics in loving terms' എന്ന ലേഖനം ശ്രദ്ധേയമാണ്.

3. 'ഫ്രത്തെല്ലി തൂത്തി'യെക്കുറിച്ച് ഇതിനകം കേരളത്തിൽ പുറ

ത്തിറങ്ങിയ പല ലേഖനങ്ങളിലും എഡിറ്റോറിയലുകളിലും സോഷ്യൽമീഡിയാ ലൈവുകളിലും ലേഖകരുടെ നിക്ഷിപ്തതാത്പര്യങ്ങൾ വല്ലാതെ മുഴച്ചുനില്ക്കുന്നുണ്ട്.

4. അനേകം ഗ്രന്ഥങ്ങളുടെ കർത്താവായ പ്രൊഫ. മൗറിസ് ഗ്ലാസ്മാൻ ഇംഗ്ലണ്ടിലെ ഒരു രാഷ്ട്രമീമാംസാവിദഗ്ധനും പാർലിമെന്റേറിയനുമാണ്. ലേബർ പാർട്ടിക്ക് പാരമ്പര്യങ്ങളിൽ ഊന്നിയുള്ള ‘ബ്ലൂ ലേബർ’ പുതുമുഖം നിർദേശിക്കുന്ന അദ്ദേഹം ഡുർഹാം സർവകലാശാലയിൽ 2013 മെയ് 17ന് അവതരിപ്പിച്ച Catholic Social Teaching as Political Economy എന്ന പ്രബന്ധം ഏറെ ശ്രദ്ധപിടിച്ചുപറ്റി.

---

*കൊച്ചി രൂപതാംഗവും ബൈബിൾ പണ്ഡിതനും സെമിനാരി അധ്യാപകനുമായ ലേഖകൻ കെസിബിസി മുൻ ബൈബിൾ കമ്മീഷൻ സെക്രട്ടറിയാണ്. ഇപ്പോൾ പിഒസി ബൈബിൾ പരിഷ്കരണ കമ്മിറ്റി കോർഡിനേറ്ററായി പ്രവർത്തിക്കുന്നു.



# ഫ്രത്തെല്ലി തൂത്തിയും ബൈബിൾ ആത്മീയതയും

റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ*

**ആമുഖം**

നവീകൃതമായ കണ്ടുമുട്ടലുകളുടെയും സംഭാഷണങ്ങളുടെയും പാതയിലൂടെ സാഹോദര്യത്തിലേക്കും സാമൂഹിക സൗഹൃദത്തിലേക്കുമുള്ള സാർവത്രിക അഭിലാഷങ്ങളുടെ പുനർജനനത്തിലൂടെ ഒരു മെച്ചപ്പെട്ട രാഷ്ട്രീയ സംവിധാനത്തിലേക്കും കൂടുതൽ തുറവിയുള്ള ലോകത്തിലേക്കും അതുവഴി സംജാതമാകുന്ന സാമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയുമായ ഒരു ലോകം ലക്ഷ്യംവക്കാൻ ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള ഫ്രാൻസിസ് മാർപാപ്പയുടെ മൂന്നാമത്തെ ചാക്രികലേഖനം, ഫ്രത്തെല്ലി തൂത്തി (എല്ലാവരും സഹോദരർ), ചർച്ചയ്ക്കും വിശകലനത്തിനും വിഷയമായിരിക്കുകയാണ്.

പുതിയ ചാക്രികലേഖനം സഭയുടെ ഒരു സാമൂഹിക പ്രബോധനമായാണ് പാപ്പ പ്രസദ്ധീകരിച്ചിരിക്കുന്നത്. സഭയുടെ സാമൂഹിക

പ്രബോധനങ്ങളുടെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കാവുന്ന റേരും നൊവേരും എന്ന ചാക്രികലേഖനത്തെ തുടർന്ന് കാലാകാലങ്ങളിൽ മാർപാപ്പമാർ സഭയുടെ സാമൂഹിക ദർശനം പങ്കുവയ്ക്കുകയും വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ ലേഖനവും അപ്രകാരം ഒരു സാമൂഹീക പ്രബോധനമാണ്. സാധാരണ മാർപാപ്പമാർ ചാക്രികലേഖനം എഴുതുമ്പോൾ വിശ്വാസികളെയാണ് അഭിസംബോധനചെയ്യുന്നതെങ്കിൽ ഇത് എഴുതുന്നത് സന്മനസുള്ള സകലരെയും ഉദ്ദേശിച്ച് എന്നാണ് പാപ്പ പറയുന്നത്. ഈ ചാക്രികലേഖനത്തെക്കുറിച്ച് ചിലർ നടത്തുന്ന വിമർശനങ്ങൾ ഇത് വളരെ സെക്കുലർ ആയിപ്പോയി, ദൈവവചനത്തിനും മുൻകാല സഭാ പ്രബോധനങ്ങൾക്കും (too secular than biblical and ecclesial) അധികം പ്രാധാന്യം നല്കിയിട്ടില്ല, ക്രിസ്തീയതയേക്കാൾ ഫ്രാൻസിസ്കനിസത്തിന് (too Franciscan than Christian) എന്നൊക്കെയാണ്. ഈ ചാക്രികലേഖനത്തിന്റെ ദൈവവചനദർശനം, ക്രിസ്തീയമാനം എന്നിവയാണ് ഇവിടെ പരിചിന്തനം ചെയ്യുന്നത്.

## ഏല്ലാവരും സഹോദരർ (*Omnes fratres*)

ചാക്രികലേഖത്തിന്റെ തലവാചകവും ഉള്ളടക്കത്തിന്റെ അന്തഃസത്തയും വിശുദ്ധ ബൈബിളിന്റെ ആദ്യ അധ്യായങ്ങൾ നല്കുന്ന മനുഷ്യർ എല്ലാവരും സഹോദരങ്ങൾ എന്ന പാഠത്തിലേക്കാണ്. മനുഷ്യർ എല്ലാവരും സഹോദരങ്ങൾ ആകുന്നത് എല്ലാറ്റിന്റെയും സ്രഷ്ടാവായ ദൈവം പിതാവാകുന്നതുകൊണ്ടാണ്. ഉത്പത്തിപുസ്തകം നല്കുന്ന ചിന്ത ഈ പ്രപഞ്ചത്തിലെ സകലതും ദൈവത്തിന്റെ സൃഷ്ടിയാണ്, സകലമനുഷ്യരും ഒരേപിതാവിന്റെ മക്കൾ ആണ് എന്ന സത്യമാണ്. യഹൂദ വിശ്വാസത്തിന്റെ അടിത്തുണും ഒരു ദൈവം, ഒരു ജനത, ഒരു ദേശം എന്നതാണ്. ദൈവം ഇസ്രായേൽ ജനത്തെ പ്രത്യേകം വിളിച്ചിട്ടുണ്ടെങ്കിൽ അത് എല്ലാജനതയ്ക്കും അനുഗ്രഹമാകുവാൻ വേണ്ടി തങ്ങളുടെ ദൗത്യം ചെയ്യുവാനാണ്. എല്ലാജനപദങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണെന്നും സഹോദരർ ആണന്നും അവതരിപ്പിച്ചുകൊണ്ട് ജനപദങ്ങളുടെ വംശാവലി ഉത്പത്തിപുസ്തകം പത്താം അധ്യായം അവതരിപ്പിക്കുന്നു. സഹോദരന്റെ കാവൽക്കാരാനാകേണ്ടവനാണ് ഓരോ ആളും എന്ന ചിന്ത നല്കുന്ന ചോദ്യമാണ് ദൈവം കായേനോട് നടത്തുന്നത്.

എല്ലാവരും സഹോദരർ എന്ന ശീർഷകം വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സഹോദരങ്ങൾക്കു നല്കുന്ന ഉപദേശങ്ങളിൽ ആറാമത്തെ ഉപദേശത്തിന്റെ ഒന്നാമത്തെ ഖണ്ഡികയിൽ കാണുന്നതാണ്. അത് ഇപ്രകാരമാണ്: നാം എല്ലാവരും സഹോദരർ (*omnes fratres*) കുരിശിൽ തന്റെ അജഗണത്തിനുവേണ്ടി പീഡയേൽക്കാൻ തയ്യാറായ നല്ലയിടയനെ അനുസ്മരിക്കുക. ഫ്രാൻസിസ് അസ്സീസി സഹോദരങ്ങൾക്ക് സുവിശേഷമൂല്യങ്ങൾ പാലിക്കുന്നതിനുള്ള ഉപദേശങ്ങൾ പറഞ്ഞുകൊടുക്കുന്ന അവസരത്തിൽ നടത്തുന്ന അഭിസംബോധനയാണ് ഇത്. ക്രൂശിതനായ മിശിഹായിലേക്കു നോക്കുവാനുള്ള ആഹ്വാനമാണ് ഈ അഭിസംബോധനയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. വിശുദ്ധമത്തായിയുടെ സുവിശേഷം 23,8 -ൽ ഈശോ പറയുന്നുണ്ട്: നിങ്ങൾ എല്ലാവരും സഹോദരരാണ്. ഈ ചാക്രികലേഖനത്തിന്റെ തലക്കെട്ട്തന്നെ പിതാവായ ദൈവത്തിലേക്കും, സ്നേഹിതനായ മിശിഹായിലേക്കും നോക്കിക്കൊണ്ട് ഏവരും സഹോദരങ്ങൾ എന്ന സത്യം മനസിലാക്കുവാനുള്ള ആഹ്വാനമാണ്.

## തമസോമാ ജ്യോതിർഗമയ

അടഞ്ഞ ലോകത്തിനുമേൽ ഇരുണ്ട മേഘങ്ങൾ (9-55) എന്ന് പേരിട്ടിരിക്കുന്ന ഒന്നാമത്തെ അധ്യായത്തിൽ സാർവ്വത്രികസാഹോദര്യത്തിന്റെ വളർച്ചയ്ക്ക് തടസങ്ങളായി നില്ക്കുന്ന ആധുനികകാലത്തെ പ്രവണതകളാണ് എടുത്തുപറയുന്നത്. അന്ധകാരത്തിൽ സ്ഥിതി



ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു (മത്താ 4,15–16; ഏശ 9,1–2) എന്ന ദൈവവചനത്തിന്റെ പ്രതിധ്വനിയായി ഈ ചാക്രികലേഖനത്തെ കാണുവാൻ സാധിക്കും. എപ്രകാരമാണ് ലോകം അന്ധകാരപൂർണമായിരിക്കുന്നത് എന്നാണ് ഒന്നാമത്തെ അധ്യായത്തിൽ പാപ്പ വരച്ചുകാട്ടുന്നത്. നന്മയാഗ്രഹിച്ചുകൊണ്ട് നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന പല നല്ല പദ്ധതികളുടെയും സംയോജനം നടക്കാതെ തകർക്കപ്പെടുന്ന സ്വപ്നങ്ങളായി മാറിയിരിക്കുന്നു. പലവിധത്തിലുള്ള മാന്ദ്യത്തിന്റെ അടയാളങ്ങൾ, കേവല ആശയങ്ങളുടെ പേരിൽ ചിലരാജ്യങ്ങളിൽ രൂപംകൊണ്ടുവരുന്നതും ദേശീതയുടെ പേരിൽ നഷ്ടപ്പെടുന്നതുമായ സാമൂഹികതയുടെ സാർവത്രികമാനം, ആരോഗ്യകരമായ സംവാദങ്ങളില്ലാത്ത രാഷ്ടീയജീവിതം, എല്ലാവർക്കുവേണ്ടിയുള്ള പദ്ധതി കളുടെ അഭാവം, വലിച്ചെറിയപ്പെടലിന്റെ സംസ്കാരം, തൃപ്തികരമല്ലാത്ത സാർവത്രിക മനുഷ്യാവകാശങ്ങൾ, പലവിധത്തിലുള്ള അടിമത്തങ്ങൾ, ഭിന്നതകളും ഭയവും, പങ്കുവയ്ക്കലിന്റെ ദിശയിലല്ലാതെയുള്ള ആഗോളവത്കരണവും പുരോഗതിയും, ചരിത്രത്തിലെ പകർച്ചവ്യാധികളും മറ്റുവിപത്തുകളും, അതിർത്തികളിൽ മനുഷ്യന്റെ അന്തസിന്റെ അഭാവം, ആശയവിനിമയത്തിന്റെ മിഥ്യ, ലജ്ജയില്ലാത്ത ആക്രമണം, വിധേയത്വത്തിന്റെയും സ്വയം അവഹേളനത്തിന്റെയും രൂപങ്ങൾ, അപരനെ അവമതിക്കുന്നവിധത്തിലുള്ള വിപണനതന്ത്രങ്ങൾ തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ. എക്കാലത്തേക്കാളുമധികമായി അപരനിൽനിന്നും അകലുന്നതിൽ വളർന്നുകൊണ്ടിരിക്കുന്നു. ജനിക്കാത്തവരെയും പ്രായമായവരെയും ആവശ്യമില്ല എന്നവിധത്തിലുള്ള മനോഭാവം, വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വങ്ങൾ, പുരുഷനോടൊപ്പമുള്ള തുല്യതയും അവകാശങ്ങളും നഷ്ടപ്പെടുന്ന സ്ത്രീ സമൂഹങ്ങൾ, യുദ്ധങ്ങൾ, ഭീകരാക്രമണങ്ങൾ, വംശീയവും മതപരവുമായ പീഡനങ്ങൾ ഇപ്രകാരമുള്ള അതിക്രമങ്ങൾ ഒരു ലോകമഹായുദ്ധത്തിന്റെ കഷണങ്ങൾ (piecemeal) സൃഷ്ടിക്കുന്നു. ചരിത്രബോധനഷ്ടം-യുവതലമുറ തങ്ങളുടെ പാരമ്പര്യവും ചരിത്രവും മറക്കുമ്പോൾ കേവലം ഉപരിവിപ്ലവമായ തത്ത്വസംഹിതകളിലേക്ക് വീണുപോകുന്നു. ഉപയോഗശൂന്യമായതിനെ വലിച്ചെറിയുന്ന സംസ്കാരം-വ്യക്തികൾ ആദരിക്കപ്പെടേണ്ടവരും സ്നേഹിക്കപ്പെടേണ്ടവരുമാണെന്നചിന്ത നഷ്ടപ്പെടുന്നു-വലിച്ചെറിയപ്പെടു

ന്നത് ക്ഷണം മാത്രമല്ല മനുഷ്യരുമാണ്. പാവപ്പെട്ടവർ, വൈകല്യമുള്ളവർ, പ്രായമായവർ, ഗർഭസ്ഥകുഞ്ഞുങ്ങൾ, എന്നിങ്ങനെയുള്ളവർ ഇപ്രകാരം വലിച്ചെറിയപ്പെടുന്നു.

മതിലുകൾ നിർമിക്കുന്ന സംസ്കാരത്തിനെതിരേ മുന്നറിയിപ്പ് നല്കുന്ന പാപ്പ മനുഷ്യകുലം ഒരു കുടുംബമെന്ന ആശയത്തിന് മങ്ങലേല്ക്കുന്നതിൽ ആശങ്കപ്പെടുന്നു. സമാധാനത്തിനും നീതിക്കുംവേണ്ടിയുള്ള പരിശ്രമങ്ങൾ കാലഹരണപ്പെട്ട ഉട്ടോപ്യൻ ആശയമായി കണ്ട് ആഗോളവത്കരിക്കപ്പെട്ട നിസംഗതയിലേക്ക് പോകുന്നത് പാപ്പ ചൂണ്ടികാണിക്കുന്നു. കോവിഡ് 19 ലേക്ക് തിരിഞ്ഞുകൊണ്ട് പാപ്പ പറയുന്നു ഈ പകർച്ചവ്യാധി ഒരുവിധത്തിൽ അപരനോടുള്ള കരുതലിന്റെ ആവശ്യകത കണ്ടെത്തുന്നതിന് പ്രേരിപ്പിക്കുന്നു. എന്നാൽ എല്ലാറ്റിനും സ്വാതന്ത്ര്യം എന്ന മനോഭാവം എതു പകർച്ചവ്യാധിയേക്കാളും മാരകമായിരിക്കും എന്ന് മുന്നറിയിപ്പ് നല്കുന്നു. ഏതുവിധത്തിലും കുടിയേറ്റക്കാരെ പ്രവേശിപ്പിക്കുകയില്ല എന്ന മനോഭാവം പാപ്പ വിമർശിക്കുന്നു.

ചാക്രിക ലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ ഇന്നത്തെ ലോകത്തിന്റെ ഇരുളടഞ്ഞ ഭാഗങ്ങൾ അവതരിപ്പിച്ചിട്ട് ആ അന്ധകാരത്തിൽനിന്ന് പുറത്തുകടക്കണമെങ്കിൽ അന്ധകാരത്തിന്റെ നിഴലിൽ കഴിഞ്ഞിരുന്നവർക്ക് പ്രകാശമായി വന്ന മിശിഹായെ (മത്താ 4,16) അനുകരിക്കണമെന്നുതന്നെയാണ് പാപ്പ പഠിപ്പിക്കുന്നത്. അതിന് രണ്ടാമത്തെ അധ്യായത്തിൽ ഈശോ പറഞ്ഞ നല്ല സമറായന്റെ ഉപമയിലെ പോലെ നല്ല അയൽക്കാരനാകുവാൻ അഹ്വാനം ചെയ്യുന്നു. അങ്ങനെ, അന്ധകാരത്തിൽനിന്ന് പ്രകാശമുദിക്കട്ടെയെന്ന (തമസോമ ജ്യോതിർഗമയ) പ്രാർഥനയും അതിനുള്ള പ്രവർത്തനമാർഗരേഖയുമാണ് ഈ ചാക്രികലേഖനം. ലോകംമുഴുവനിലേക്കും തുറന്ന ഒരു ഹൃദയം, മെച്ചപ്പെട്ട രാഷ്ട്രീയ രീതി, സംവാദത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാത, യുദ്ധങ്ങൾ അരുതേ എന്ന ആഹ്വാനം, ആയുധങ്ങക്ക് സ്വരുക്കൂട്ടുന്ന പണം പട്ടിണിമാറ്റുവാൻ ഉപയോഗിക്കുക മതങ്ങൾ ലോകസാഹോദര്യത്തിന് എന്നിങ്ങനെ ചാക്രികലേഖനത്തിൽ കാണുന്ന ആഹ്വാനങ്ങളെല്ലാം തമസ്സിലുഴലുന്നവർക്ക് പ്രകാശം കാണുവാനുള്ള മാർഗങ്ങളാണ്.

## വഴിയും വഴികാട്ടിയുമായ മിശിഹാ

ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല (യോഹ 7,12) എന്ന രുൾചെയ്ത ഈശോയുടെ പാതയിൽ മുന്നേറുവാനുള്ള ആഹ്വാന മാണ് തുടർന്നുവരുന്നതും ചാക്രികലേഖനത്തിന്റെ ഉൾക്കാമ്പ് എന്ന് വിശേഷിപ്പിക്കാവുന്നതുമായ രണ്ടാം അധ്യായം. ഈ അധ്യായത്തിൽ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽനിന്നുള്ള മനോഹരമായ ഒരു ഉപമയാണ് (ലൂക്കാ 10,25-37). നല്ല സമറായന്റെ ഉപമ അവതരിപ്പിച്ചു കൊണ്ട് ഓരോരുത്തരും അപരന് നല്ല അയൽക്കാരനാകുവാനുള്ള ആഹ്വാനമാണ്. അതിന് സുവിശേഷത്തിലെ നല്ല അയൽക്കാരനിലേക്ക് നോക്കുവാനും അവനിൽനിന്നു പഠിക്കുവാനുമാണ് പാപ്പ പറയു



ന്നത്. സഭാപിതാവായ ഒറിജന്റെ പാത പിന്തുടർന്ന് സുവിശേഷത്തിലെ ആ നല്ല സമറായൻ മിശിഹാതന്നെയാണ് എന്നാണ് ബൈബിൾ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്. തന്റെ ചാക്രിക ലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ ഇന്നത്തെ ലോകത്തിന്റെ ഇരുളടഞ്ഞ ഭാഗ ങ്ങൾ അവതരിപ്പിച്ചിട്ട് ആ അന്ധകാരത്തിൽനിന്ന് പുറത്തുകടക്കണ മെങ്കിൽ അന്ധകാരത്തിന്റെ നിഴലിൽ കഴിഞ്ഞിരുന്നവർക്ക് പ്രകാശ

മായി വന്ന മിശിഹായെ (മത്താ 4,16) അനുകരിക്കണമെന്നുതന്നെയാണ് പാപ്പ പഠിപ്പിക്കുന്നത്. ചാക്രികലേഖനത്തിൽ ഈ ഉപമയുടെ വിവിധ ഭാവങ്ങളെ വ്യാഖ്യാനിക്കുന്നതിനൊപ്പം പലയാവർത്തി നല്ല സമറായന്റെ ഭാവത്തിലേക്ക് വളരുവാൻ പാപ്പ ആഹ്വാനം ചെയ്യുന്നുണ്ട്. വിശാലമായ ലോകത്തെക്കുറിച്ചുള്ള വിഭാവനയും പ്രായോഗിക പദ്ധതിയും എന്ന തലക്കെട്ടിൽ ഉള്ള മൂന്നാം അധ്യായം ഒരു നല്ല അയൽക്കാരനാവുക എന്നത് എപ്രകാരം യാഥാർഥ്യമാക്കാം എന്നതിന്റെ പ്രായോഗിക വശമാണ് പതിപാദിക്കുന്നത്. പൗലോസ് ശ്ലീഹാ പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെ സുവിശേഷം (1കോറി 13,1-13) ഹൃദ്യസ്തമാക്കുകയും ജീവിക്കുകയും ചെയ്യുക എന്നതാണ് ഇതിന് ഉത്തമമാർഗം എന്ന് പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (92).

## പരദേശികളെ സ്നേഹിക്കുക, നിങ്ങളും പരദേശികളായിരുന്നല്ലോ

കുടിയേറ്റക്കാരേക്കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്ന ലോകം മുഴുവനിലേക്കും തുറന്ന ഒരു ഹൃദയം എന്ന നാലാം അധ്യായത്തിൽ അപരനെക്കുറിച്ചുള്ള കരുതലിനെപ്പറ്റി പറയുമ്പോൾ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിനിന്നുമുള്ള ഉദ്ധരണികൾ പങ്കുവെച്ചുകൊണ്ട് ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുന്ന ദൈവപിതാവിനെ ധ്യാനിച്ചുകൊണ്ട് (മത്താ 5,45) അപരനിലേക്കുള്ള തുറവിയിൽ സകലരെയും ഉൾപ്പെടുത്തുവാനും നീ ധർമദാനം ചെയ്യുമ്പോൾ അത് രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയാതിരിക്കട്ടെ (മത്താ 6,3-4) എന്ന് ഓർമിപ്പിച്ചുകൊണ്ട് ഒന്നും തിരിച്ചുപ്രതീക്ഷിക്കാതെ സ്വയം ദാനമാകുവാനും പാപ്പ ഓർമിപ്പിക്കുന്നു. കാരണം, ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ (മത്താ 10,8) (140). വൈവിധ്യങ്ങളെ അംഗീകരിക്കാതെ ദൈവിക പദ്ധതിക്ക് വിരുദ്ധമായ ബാബേൽ ഗോപുരങ്ങൾ (ഉത്പ 11,1-9) സൃഷ്ടിക്കുന്നവരാകാതിരിക്കുവാൻ മാർപാപ്പ പ്രബോധിപ്പിക്കുന്നുണ്ട്. മെച്ചപ്പെട്ട ഒരു രാഷ്ട്രീയ രീതി ഉണ്ടാകുന്നതിന് രാഷ്ട്രീയത്തെ ഒരു വിശിഷ്ടമായ ദൈവവിളിയായികാണണം എന്നു കാണുന്ന പാപ്പ ആ ദൈവവിളിയുടെ അടിസ്ഥാനപ്രമാണമായി പറയുന്നത് മത്തായിയുടെ സുവിശേഷം 22, 36-40 വചനങ്ങളാണ്. ദൈവസ്നേഹവും മനുഷ്യസ്നേഹവും പരിലസിക്കുന്ന ഈ പ്രമാണത്തിൽ സകല നിയ

മവും അടങ്ങിയിരിക്കുന്നു (181). സംവാദവും സൗഹൃദവും ആഴപ്പെടുന്നതിന് പരിശുദ്ധാത്മാവിന്റെ ഫലമായ കരുണ (ദയ) (ഗലാ 5,22) സ്വായത്തമാക്കേണ്ടിയിരിക്കുന്നു. (222-223). അക്രമത്തിന്റെയും അസഹിഷ്ണതയുടെയും പാതയ്ക്ക് ഒരിക്കലും പ്രോത്സാഹനം നല്കാതിരിക്കുന്നതിന് ക്രിസ്തീയതയുടെ കേന്ദ്രപ്രതിപാദ്യങ്ങളായ ക്ഷമയും അനുരഞ്ജനവും പാലിക്കേണ്ടിയിരിക്കുന്നു. ഇതിന് മത്തായി യുടെ സുവിശേഷം 20,25-26; 18, 22; 18,23-35 എന്നീ വചനഭാഗങ്ങൾ ധ്യാനവിഷയമാക്കേണ്ടിരിക്കുന്നു (237-238). പൗലോസ് ശ്ലീഹാ തിമോത്തിയോസിനും, തീത്തോസിനും കൊടുക്കുന്ന ഉപദേശങ്ങളാണ് (2 തിമോ 2,25; തീത്തോ 3,2-3) ഇവിടെ മാർഗദർശികളായി വർത്തിക്കുന്നത് (239). പീഡിപ്പിക്കപ്പെടുമ്പോഴും എല്ലാവരുടെയും പ്രീതിക്കുപാത്രമായിരുന്നു ആദിമസഭ (അപ്പ 2,47). നന്മയോട് ചേർന്ന്നിന്ന് വേണം തിന്മയെ മറികടക്കുവാൻ (റോമ 12,21) എന്ന് പാപ്പപറയുന്നു. കാരണം, തിന്മയുടെ പദ്ധതി തയ്യാറാക്കുന്നവരുടെ മനസ്സിൽ കാപട്യമുണ്ട്. പക്ഷേ സമാധാനം അന്വേഷിക്കുന്നവരുടെ ഉള്ളിൽ ആനന്ദവും ഉണ്ട് (സുഭാ 12,20) എന്ന് സുഭാഷിതങ്ങൾ ഉദ്ധരിച്ചുകൊണ്ട് ചാക്രികലേഖനം ചൂണ്ടിക്കാണിക്കുന്നു (256).

## സാഹോദര്യം സർവ്വപ്രധാനം

വ്യക്തികൾ നിയമം കൈയിലെടുക്കരുത് (റോമ 12,17.19) എന്ന് പ്രബോധിപ്പിക്കുന്നതും തെറ്റുചെയ്യുന്നവർക്ക് അധികാരികൾ തക്കതായശിക്ഷ നല്കണം (റോമ 13,4; 1പത്രോ 2,14) എന്ന് പറയുന്നതും പുതിയനിയമഗ്രന്ഥ പഠിപ്പിക്കലിനനുസൃതമായാണ് (264). വധശിക്ഷ പാടില്ല അതിനെ ന്യായികരിക്കാനാവില്ല എന്ന് ചാക്രികലേഖനത്തിലൂടെ ആവശ്യപ്പെടുന്നു. പുതിയനിയമവും പഴയനിയമ ഭാഗവും ഉദ്ധരിച്ചുകൊണ്ട് (മത്താ, 26,52; ഏശ 2,4;ഉത്പ 9,5-6) ഇക്കാര്യം വ്യക്തമാക്കുന്നു.

വ്യത്യസ്ത മതങ്ങൾ സാഹോദര്യത്തിന്റെ വക്താക്കൾ ആകണം എന്ന് ആഹ്വാനം ചെയ്യുന്ന മതങ്ങൾ ലോകസാഹോദര്യത്തിന് എന്ന പേരിലുള്ള അവസാന അധ്യായത്തിൽ കുരിശിൻചുവട്ടിലുള്ള പരിശുദ്ധ അമ്മയിലേക്ക് (യോഹ 19,26) പാപ്പ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. കുരിശിൻചുവട്ടിൽനിന്ന് ആ അമ്മ ഏറ്റെടുക്കുന്ന മാതൃത്വം സാർവത്രിക മാതൃത്വമാണ്. എല്ലാ മക്കളെയും പരിരക്ഷിക്കുന്ന അമ്മയാണ്

പരിശുദ്ധ മറിയം. എന്നാൽ സഭയ്ക്കും ക്രിസ്തീയതയ്ക്കും അതിന്റെ തനിമയിൽ സമൂഹത്തിൽ സാക്ഷ്യം വഹിക്കുന്നതിന് സാധിക്കും എന്നും പാപ്പ ഓർമിപ്പിക്കുന്നു. അതിന് സഭയിലും ക്രൈസ്തവ സമൂഹങ്ങൾക്കിടയിലുമുള്ള ഐക്യവും അനുരഞ്ജനവും ആവശ്യമാണ്. കാരണം നാം എല്ലാവരും ഒരേ ആത്മാവിൽ സ്നാനമേറ്റു (1കോറി 12,13). നാം എല്ലാവരും ഒന്നായിരിക്കണമെന്നത് മിശിഹായുടെ ആഗ്രഹമാണ് (യോഹ 17,21). ഇപ്രകാരം വിശുദ്ധഗ്രന്ഥാധിഷ്ഠിതമായും സുവിശേഷചൈതന്യത്തിലേക്കു വിളിച്ചുകൊണ്ടും എഴുതിയിരിക്കുന്ന ഈ ചാക്രികലേഖനത്തിന്റെ രചനയിൽ പ്രേരകശക്തികളായി വർത്തിച്ചവർ എന്ന് പറയുന്ന വ്യക്തികൾ -വി. ഫ്രാൻസിസ് അസ്സീസി, മാർട്ടിൻ ലൂഥർ കിംഗ്, ആർച്ച്ബിഷപ്പ് ടെസ്മണ്ട് ടുട്ടു, മഹാത്മാഗാന്ധി, ചാൾ ദെ ഫുക്കോ - എല്ലാവരും തങ്ങളുടെ ജീവിതംകൊണ്ട് സുവിശേഷം ജീവിച്ചവരാണ്. 'ഫ്രത്തെല്ലി തൂത്തി' എന്ന ചാക്രിക ലേഖനം വിശുദ്ധബൈബിൾ ലക്ഷ്യം വയ്ക്കുന്ന ഒരു ആത്മീയത ജീവിക്കുന്നതിനും അതിനായി പ്രാർഥിക്കുന്നതിനുമുള്ള ആഹ്വാനമാണ്.

---

*ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ട്രേറ്റ് നേടിയിട്ടുള്ള ലേഖകൻ ഇപ്പോൾ കോട്ടയം പൗരസ്ത്യവിദ്യപീഠത്തിലെ അധ്യാപകനായും കെസിബിസിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പിഒസി ബൈബിൾ റിവിഷൻ കമ്മിറ്റിയിലെ കോർ ടീം മെമ്പറായും പ്രവർത്തിച്ചുവരുന്നു.



# ഫ്രത്തെല്ലി തൂത്തി: സാമൂഹ്യനീതിയുടെ കാഹളം

**റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി***

ഫ്രാൻസിസ് പാപ്പായുടെ 'ഫ്രത്തെല്ലി തൂത്തി' എന്ന സാമൂഹിക ചാക്രികലേഖനം ലോകമധ്യേയുള്ള സഭയുടെ അസ്തിത്വത്തിന്റെ കാരണം ഒരിക്കൽകൂടി വിളിച്ചോതുകയാണ്. മനുഷ്യരുടെ ഇടയിൽ നല്ലിടയന്റെ ജീവിക്കുന്ന സാന്നിധ്യവും പ്രതീകവുമായ സഭ, വിമോചനത്തിന്റെയും അനുരഞ്ജനത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി എക്കാലത്തുമെന്നപോലെ ഇന്നും കാലികമായി നിലകൊള്ളുന്നുവെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു.

1891-ൽ ലെയോ പതിമൂന്നാമൻ പാപ്പായുടെ റേരും നൊവാരുമാണ് സഭയുടെ ചരിത്രത്തിലെ ആദ്യത്തെ സാമൂഹിക ചാക്രികലേഖനം. കാപ്പിറ്റലിസത്തിന്റെയും വ്യവസായവത്കരണത്തിന്റെയും ഫലമായി സോഷ്യലിസവും കമ്മ്യൂണിസവും ഉദയം ചെയ്തപ്പോൾ സൃഷ്ടിക്കപ്പെട്ട സാമൂഹിക പ്രതിസന്ധി പരിഹരിക്കാൻ കത്തോലിക്കാസഭ

ലോകജനതയ്ക്കു മുമ്പിൽവച്ച മാർഗനിർദേശങ്ങളായിരുന്നു അതിൽ അവതരിപ്പിക്കപ്പെട്ടത്. "റേരും നൊവാരും" എന്ന ചാക്രികലേഖനം പുതിയൊരു മാർഗത്തിന്റെ തുടക്കമായിരുന്നു എന്ന കാര്യത്തിൽ തർക്ക മില്ല. എന്നാൽ, സഭയ്ക്ക് സാമൂഹിക കാര്യങ്ങളിലുള്ള താത്പര്യം തീർച്ചയായും ആ പ്രമാണരേഖയോടെയല്ല തുടങ്ങുന്നത്. സഭ ഒരി ക്കലും സാമൂഹിക കാര്യങ്ങളിൽ താത്പര്യം കാണിക്കാതിരുന്നി ട്ടില്ല. ഇതുപോലെ, അടിയന്തിര സ്വഭാവമുള്ള സാമൂഹ്യ പ്രശ്നങ്ങളി ലേക്ക് ലോകശ്രദ്ധ തിരിച്ചുവിടുക എന്ന ലക്ഷ്യമാണ് സാമൂഹിക ചാക്രി കലേഖനങ്ങൾ വഴി പരിശുദ്ധ പിതാക്കന്മാർ നിറവേറ്റാറുള്ളത്. ഫ്രത്തെല്ലി തൂത്തി ഇതിനോടകം ലോകജനത ഏറ്റുവാങ്ങിക്കഴിഞ്ഞു.

## സന്മനസുള്ള എല്ലാവരോടും ഒരു അപേക്ഷ

സാമൂഹ്യനീതിയും ലോകസമാധാനവും ലക്ഷ്യംവച്ചുള്ള പ്രബോ ധനങ്ങൾ പൊതുവേ "സന്മനസ്സുള്ള എല്ലാവർക്കുംവേണ്ടി" (*hominibus bonae voluntatis*) എഴുതപ്പെടുന്ന പതിവാണുള്ളത്. 1963-ൽ ജോൺ 23-ാമൻ പാപ്പാ എഴുതിയ 'ഭൂമിയിൽ സമാധാനം' (*Pacem in Terris*) എന്ന ചാക്രികലേഖനമാണ് ഈ ഗണത്തിൽപ്പെടുന്ന ആദ്യത്തെ പ്രബോധനം. രണ്ടാം ലോകമഹായുദ്ധം (1939–1945) കഴിഞ്ഞ ശേഷ വും ലോകശക്തികളായിരുന്ന സോവിയറ്റ് യൂണിയനും അമേരിക്കയും തമ്മിൽ തുടർന്നുപോന്ന ശീതസമരം സൃഷ്ടിച്ച അസ്വസ്ഥതകളും, 1961 ലെ ബർലിൻ മതിൽ നിർമ്മാണവും, 1962 ലെ ക്യൂബൻ മിസൈൽ പ്രതിസന്ധിയുമെല്ലാം ഒരു മൂന്നാം ലോകമഹായുദ്ധത്തിനു കളമൊ രുക്കുമെന്ന ഭീതി ലോകമാസകലം ഉടലെടുത്തപ്പോൾ, ലോകത്ത് സന്മ നസ്സുള്ള എല്ലാവരെയും സമാധാനത്തിനുവേണ്ടി പ്രവർത്തിക്കാൻ അഭി സംബോധന ചെയ്തുകൊണ്ട് പുറപ്പെടുവിച്ചതാണിത്. ഇതേ അഭി സംബോധനയോടെ എഴുതപ്പെട്ട ഫ്രത്തെല്ലി തൂത്തി അതുകൊണ്ടു തന്നെ, അടിസ്ഥാനപരമായി സാമൂഹ്യനീതിയുടെ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. അതിനുവേണ്ടി നിലകൊള്ളാൻ ഫ്രാൻസിസ് പാപ്പാ നടത്തുന്ന ഒരു അപേക്ഷയാണ് ഈ പ്രബോധനം.

സമൂഹത്തെ ബാധിക്കുന്ന സാമൂഹ്യഅനീതിയുടെ എല്ലാ മേഖ ലകളെയും പഠനവിധേയമാക്കുക ദുഷ്കരമാണല്ലോ. എങ്കിലും ഈ പ്രബോധനത്തിൽ ഇന്ന് ലോകം അഭിമുഖീകരിക്കുന്ന കൂടുതൽ ഗൗര വമുള്ള എല്ലാ വിഷയങ്ങളിലേക്കും ഫ്രാൻസിസ് പാപ്പാ ലോകശ്രദ്ധ

തിരിച്ചു വിടുന്നുണ്ട്. യുദ്ധം, കാലാവസ്ഥ വ്യതിയാനം, വധശിക്ഷ, ഗർഭഛിദ്രം, ദയാവധം, അസമത്വം, മുതലാളിത്തം, വംശീയത, ദേശീയത, തൊഴിലില്ലായ്മ, തുടങ്ങിയ സാമൂഹിക തിന്മകളെല്ലാം ഫ്രത്തെല്ലി തൂത്തി ഏടുത്തുകാട്ടുന്നുണ്ട്. ഇവയുടെ ദുരന്തഫലങ്ങൾ അനുഭവിക്കുന്ന സമൂഹത്തിലെ മനുഷ്യ വിഭാഗങ്ങളെക്കുറിച്ചും പാപ്പാ ചർച്ച ചെയ്യുന്നു. അതായത്, ദരിദ്രർ, ദുർബലർ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, വൃദ്ധർ, ജയിൽവാസികൾ, ഇനിയും ജനിച്ചിട്ടില്ലാത്തവർ, ഒറ്റപ്പെട്ടവർ തുടങ്ങിയവരിലേക്ക് എല്ലാവരുടെയും പ്രത്യേകിച്ച് ഉത്തരവാദിത്തപ്പെട്ടവരുടെയും ശ്രദ്ധയുണ്ടാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആവശ്യപ്പെടുന്നു.

## മനുഷ്യാന്തസിനോടുള്ള ആദരവ്

മനുഷ്യനും അവന്റെ അന്തസുമാണ് ഫ്രത്തെല്ലി തൂത്തിയിൽ ചർച്ച ചെയ്യുന്നത്. "എല്ലാറ്റിലുമുപരി മനുഷ്യനാണ് നമ്മുടെ വിഷയം" (FT 278). സഭയുടെ സാമൂഹിക സിദ്ധാന്തത്തിലെ എല്ലാ തത്വങ്ങളുടെയും അടിസ്ഥാനവും ഉള്ളടക്കവും മനുഷ്യവ്യക്തിയുടെ മഹത്വമാണ്. ഭൗതികപദാർത്ഥങ്ങളെക്കാളും സംലഭ്യമായ അവസ്ഥകളെക്കാളും മനുഷ്യന് ശ്രേഷ്ഠവും സഹജവുമായ ഒരു മൂല്യം ഉണ്ട് എന്ന സഭയുടെ പരമ്പരാഗതമായ നിലപാട് ഈ പ്രബോധനം അരക്കിട്ടുറപ്പിക്കുന്നു.

സഭയുടെ കാഴ്ചപ്പാടിൽ, മനുഷ്യന് വ്യത്യസ്തങ്ങളായ സവിശേഷതകൾ ഉണ്ട്. അവൻ ഒരു ഭൗതികജീവിയാണ്. തന്റെ ശരീരം കൊണ്ട് അവൻ ഈ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേ സമയം അവൻ ഒരു ആധ്യാത്മിക ജീവിയുമാണ്. ആതിശായിത്വത്തിലേക്ക് തുറവിയുള്ളവനാണ് (Gaudium et Spes15). ആത്മാവിനെ ശരീരത്തിന്റെ രൂപം എന്ന് വിളിക്കത്തക്കവിധം, മനുഷ്യനിലെ ആത്മശരീരങ്ങൾ തമ്മിൽ ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നു. അവയുടെ സംയോജനഫലമാണ് 'മനുഷ്യപ്രകൃതി' (CCC 365). അക്കാരണത്താൽ, സഭ ഓരോ വ്യക്തിയിലും-സ്ത്രീയിലും പുരുഷനിലും-ദൈവത്തിന്റെ സജീവ പ്രതിച്ഛായയെ കാണുന്നു. ഓരോ മനുഷ്യനിലും, ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ (1കോറി 8:11; റോമ 14:15) ആ സഹോദരനെ അല്ലെങ്കിൽ സഹോദരിയെ തിരിച്ചറിയാൻ എല്ലാവരെയും ക്ഷണിക്കുന്നു (CCC 200). സഭയെ സംബന്ധിച്ച് മനുഷ്യാന്തസിന്റെയും സാഹോദര്യത്തിന്റെയും അരുവി യേശുക്രിസ്തുവിന്റെ സുവിശേഷത്തിലാണ് (FT 277).

മനുഷ്യൻ എന്ന ഒറ്റ ഗോത്രത്തിന്റെ മൂല്യം അംഗീകരിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിലാണ് ലോകജനത കൈകോർക്കേണ്ടത്. ഏറ്റവും അന്തസ് പേറുന്ന മനുഷ്യൻ എന്ന വ്യക്തിത്വത്തെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക പരിഗണനകൾക്കപ്പുറം കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും പൊതുനന്മയെ കരുതി ബഹുമാനിക്കുകയും വേണം. മനുഷ്യാന്തസ് എല്ലാ സാഹചര്യങ്ങളിലും ആദരിക്കപ്പെടണം. എല്ലാ സാംസ്കാരികമാറ്റങ്ങൾക്കുമപ്പുറം അത് വിലമതിക്കപ്പെടണം. ക്രിസ്തുവിന്റെ സഭ എക്കാലത്തും ഉയർത്തിക്കാട്ടുന്ന ഇതേ തത്വമാണ് ഫ്രത്തെല്ലി തൂത്തി ആവർത്തിച്ചു പ്രസ്താവിക്കുന്നത്. അത് സുവിശേഷത്തിന്റെ കാതലാണെന്നുതാനും.

മനുഷ്യവ്യക്തിയുടെ മഹത്വത്തെ ആദരവോടെ മുറുകെ പിടിച്ചാൽ മാത്രമെ നീതിപൂർവ്വകമായ ഒരു സമൂഹം യാഥാർത്ഥ്യമാകുകയുള്ളു എന്ന് സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. സമൂഹത്തിന്റെ പരമമായ ലക്ഷ്യം മനുഷ്യനാണ്. അതുകൊണ്ട് സാമൂഹിക ക്രമവും അതിന്റെ വികസനവും മനുഷ്യവ്യക്തിയുടെ ഉപകാരത്തിനായി എപ്പോഴും പ്രവർത്തിക്കണം (GS 26). 'ആനന്ദിച്ചാഹ്ലാദിക്കുവൻ' എന്ന അപ്പോസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നതുപോലെ "കല്പനകളുടെയും നിർദേശങ്ങളുടെയും കൊടുംകാട്ടിൽ രണ്ടുമുഖങ്ങൾ-ദൈവപിതാവിന്റെയും സഹോദരന്റെയും മുഖങ്ങൾ-കാണാനുള്ള വഴി യേശു വെട്ടിത്തെളിക്കുന്നു" (Gaudete et Exsultate 61).

## ജീവിക്കാനുള്ള അവകാശം

ഇന്ന് വലിച്ചെറിയപ്പെടുന്നത് ഭക്ഷണവും ഉപേക്ഷിക്കാവുന്ന വസ്തുക്കളും മാത്രമല്ല, മനുഷ്യജീവികളെ തന്നെയാണ്. മനുഷ്യജീവൻ വിലമതിക്കപ്പെടുന്നില്ല. ഒരു മനുഷ്യന് എതിരേ നടക്കുന്ന അതിക്രമം മനുഷ്യരാശി മുഴുവന്റെയും ശരീരത്തിനേൽ ക്കുന്ന മുറിവാണ്. ഓരോ മനുഷ്യനും കൊല്ലപ്പെടുമ്പോൾ മനുഷ്യൻ എന്ന നിലയിൽ നാം ചെറുതാവുകയാണ് (FT 227). ദരിദ്രരും ഭിന്നശേഷിക്കാരുമായവരെ മൂല്യമില്ലാത്ത വ്യക്തികളായി കാണുകയും വൃദ്ധജനങ്ങളെ ദുഖകരവും ഏകാന്തവുമായ അസ്തിത്വത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്ന ഒരു സംസ്ക്കാരം ശക്തി പ്പെട്ടുവരുന്നു. അന്താരാഷ്ട്രതലത്തിൽ ഒത്തിരിയേറെ ഉടമ്പടികൾ ഉണ്ടെങ്കിലും ലക്ഷക്കണക്കിനാളുകൾ സ്വാതന്ത്ര്യം



നിഷേധിക്കപ്പെട്ട് അടിമത്തസമാനമായ അവസ്ഥയിൽ കഴിയുന്നു. മനുഷ്യകടത്ത്, അവയവകടത്ത്, വ്യക്തികളെ തട്ടികൊണ്ടുപോകൽ, തുടങ്ങിയ ഹീനകൃത്യങ്ങൾ ലോകവ്യാപകമായിരിക്കുന്നു.

സമൂഹത്തിനു ഭാവിയുണ്ടാകണമെങ്കിൽ അതു നമ്മുടെ മനുഷ്യാന്തസിന്റെ നന്മയെ ആദരിക്കുകയും അതിന് വിധേയമാവുകയും വേണം. ഏറ്റവും അന്തസ് പേറുന്ന മനുഷ്യൻ എന്ന വ്യക്തിത്വത്തെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പരിഗണനകൾക്കപ്പുറം കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും പൊതുനന്മയെ പ്രതി ബഹുമാനിക്കുകയും വേണം. മനുഷ്യാന്തസിനെ നിഹനിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കെതിരെയും കർശനമായ നിയമസംവിധാനങ്ങൾ ഉണ്ടാകണം. മനുഷ്യാന്തസിനെ നാം വീണ്ടും കേന്ദ്രബിന്ദുവാക്കണം. ആ സ്തൂപത്തിന്മേൽ നമുക്കാവശ്യമായ ബദൽ സാമൂഹികഘടന കെട്ടിപടുക്കണം. നിരപരാധികളുടെ ജീവൻ പൊലിയാൻ ഇടയാകരുത്. നമ്മുടെ എല്ലാ സ്ഥാപനങ്ങളും ഈ മഹാവിപത്തുകൾക്കെതിരെയുള്ള പോരാട്ടത്തിൽ സജീവമാകണമെന്ന് പാപ്പാ ആവശ്യപ്പെടുന്നു.

ഉല്പാദനശേഷിയില്ലാത്തവരായാലും പരിമിതികളുള്ളവരായാലും ഓരോ മനുഷ്യവ്യക്തിക്കും മാന്യതയോടു കൂടി ജീവിക്കുവാനും സമ്പൂർണ്ണമായി വികസിക്കുവാനും അവകാശമുണ്ട്. ഒരു രാജ്യത്തിനും ഇത് നിഷേധിക്കാനാവില്ല. സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവരുടെ മനുഷ്യാന്തസ് വിലമതിക്ക പ്പെടണം. ജയിൽ സാഹചര്യങ്ങൾ മനുഷ്യാന്തസിന് ചേർന്നവിധം മെച്ചപ്പെടുത്തണം എന്ന ആവശ്യവും പാപ്പാ ഉന്നയിക്കുന്നു. വ്യക്തിമാഹാത്മ്യം അടിസ്ഥാനപ്പെട്ടിരിക്കുന്നത് പ്രത്യേകസാഹചര്യങ്ങളിലല്ല, ഓരോ വ്യക്തിയുടെയും അസ്തിത്വത്തിന്റെ അന്തർമൂല്യത്തിലാണ്. ഈ അടിസ്ഥാനതത്വം ഉയർത്തിപിടിച്ചില്ലെങ്കിൽ സാഹോദര്യത്തിനോ മാനവകുടുംബത്തിനോ  അതിജീവിക്കാനാവില്ല.

'ചെന്തേസിമൂസ് അന്നൂസ്' (1991) എന്ന ചാക്രികലേഖനത്തിൽ ജോൺപോൾ രണ്ടാമൻ പാപ്പാ മനുഷ്യാവകാശങ്ങളുടെ ഒരു പട്ടിക നല്കുന്നുണ്ട്. ജീവിക്കാനുള്ള അവകാശമാണ് അതിൽ ആദ്യത്തേത് (Centesimus Annus 47). ഗർഭധാരണത്തിന്റെ നിമിഷം മുതൽ മാതാവിന്റെ ഗർഭപാത്രത്തിൽ വളരാൻ ഒരു ശിശുവിനുള്ള അവകാശം ഇതിന്റെ അടിസ്ഥാനഭാഗമാണ്. ഗർഭാവസ്ഥമുതൽ സ്വാഭാവിക മരണം വരെ ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച് 'ജീവന്റെ സുവിശേഷം' (Evangelii Vitae 2) എന്ന പ്രബോധനത്തിലും അദ്ദേഹം ആവർത്തിക്കുന്നുണ്ട്. മറ്റെല്ലാ അവകാശങ്ങളും വിനിയോഗിക്കാനുള്ള അടിസ്ഥാനവ്യവസ്ഥയാണ് ഈ അവകാശം. ജനിച്ചിട്ടില്ലാത്തവരെ ഉപയോഗമില്ലാത്തവരായും (abortion) വൃദ്ധരെ ഇനിമേലിൽ ആവശ്യമില്ലാത്തവരായും (euthanasia) കാണുന്ന പ്രവണതയെ ഫ്രാൻസിസ് പാപ്പാ തള്ളിപ്പറയുന്നു.

മനുഷ്യജീവന്റെ മൂല്യം ഏതൊരവസ്ഥയിലും വിലമതിക്കപ്പെടണം. അതിനാൽ നിയമം കൈയ്യിലെടുക്കുന്ന വ്യക്തികളെ ശിക്ഷിക്കുകയുംവേണം. എന്നാൽ വധശിക്ഷയല്ല (the death penalty) അതിനു പരിഹാരം. ലോകമെങ്ങും വധശിക്ഷ നിരോധിക്കപ്പെടണമെന്ന് ഫ്രത്തെല്ലി തൂത്തി ആവശ്യപ്പെടുന്നു (FT 263). രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാനും മതപരവും സാംസ്കാരികവുമായ ന്യൂനപക്ഷങ്ങളെ അടിച്ചമർത്താനും ഏകാധിപത്യരാജ്യങ്ങൾ വധശിക്ഷ ഒരു ആയുധമായി കാണുന്നതിനെക്കുറിച്ചും പാപ്പാ മുന്നറിയിപ്പ് നല്കുന്നു. കൂടാതെ, തെറ്റിന് ഉത്തരവാദികളായവരെയും സംശയിക്കപ്പെടുന്നവരെയും സത്യം തെളിയിക്കപ്പെട്ടിട്ടില്ലാത്ത അവസ്ഥയിൽ നില്ക്കുന്നവരെയുമൊക്കെ ചില രാഷ്ട്രീയപാർട്ടികളും മാധ്യമങ്ങളും കുറ്റക്കാരായി വിധി കൽപിക്കുന്ന അനീതിയെയും പാപ്പാ ചൂണ്ടി ക്കാട്ടുന്നു. കുറ്റവാളികളുടെ കുറ്റവാസനയെയും തിന്മയിലേക്കുള്ള സഞ്ചാരത്തെയും തടയുന്നതിനുള്ള സംവിധാനം ഒരുക്കുന്നതോടൊപ്പം, അവരെ സമൂഹത്തിന് ഗുണപ്രദമായ ഫലം പുറപ്പെടുവിക്കുന്നവരാക്കി രൂപാന്തരപ്പെടുത്തുകയും വേണമെന്ന് ഫ്രാൻസിസ് പാപ്പാ ആവശ്യപ്പെടുന്നു.

## "നീതിയുക്തമായ യുദ്ധം" എന്നൊന്നില്ല

നീതിരാഹിത്യത്തിന്റെ ഒരു പ്രധാനതലം യുദ്ധമാണ്. പ്രശ്നപരിഹാരത്തിന് യുദ്ധം ഒരിക്കലും ഒരു മാർഗമായിക്കൂടാ. യുദ്ധം എന്നത് രാഷ്ട്രതന്ത്രത്തിന്റെയും മാനവികതയുടെയും പരാജയമാണ്. അത് തിന്മയുടെ മുമ്പിലുള്ള ദയനീയ പരാജയവും ലജ്ജാകരമായ കീഴടങ്ങലുമാണ് (FT 261). നീതി നിഷേധിക്കപ്പെടുന്ന കാലയളവിൽപ്പോലും യുദ്ധം ഒരു പ്രതിവിധിയായി കാണരുതെന്ന് കത്തോലിക്കാസഭ എക്കാലത്തും ലോകരാഷ്ടട്രങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. 'യുദ്ധം ഒരു ഭൂതകാല പ്രേതമല്ല. ഒരു നിരന്തര ഭീഷണിയാണ്' (FT 256). ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ അത് വിനാശത്തിന്റെ പുതിയ ഘടകങ്ങൾ സൃഷ്ടിക്കുകയും ഭയാനകത നിലനിറുത്തുകയും ചെയ്യുന്നു. യുദ്ധം അരുത് എന്ന കാര്യത്തിൽ എതിർപ്പുകളില്ലാത്ത ഒരു നിയമവാഴ്ച നടപ്പാക്കുന്നതിൽ ലോകരാഷ്ട്രങ്ങൾ കൈകോർക്കണം. സമീപകാലത്തെ യുദ്ധങ്ങളൊക്കെ ന്യായീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഏതു കാരണത്തിന്റെ പേരിലായാലും നീതിയുക്തമായ യുദ്ധം എന്നൊന്നില്ലായെന്നതാണ് സത്യം. ഭൂമിയെ മുഴുവൻ അത് ദോഷകരമായി ബാധിക്കുന്നുവെന്നു മാത്രമല്ല ഭാവിയിൽ പുതിയതും വിനാശകരവുമായ കൂടുതൽ യുദ്ധങ്ങൾക്കുള്ള സാധ്യത തുറന്നിടുകയും ചെയ്യുന്നു. ഭീതിദത്തമായ തിന്മകൾ മാത്രം സൃഷ്ടിക്കുന്ന യുദ്ധപ്രവർത്തനങ്ങളെ ഒതുതരത്തിലും ന്യായീകരിക്കാനാവില്ല.

ആയുധശേഖരണം എതിരാളികളെ യുദ്ധത്തിൽനിന്ന് പിൻതിരിപ്പിക്കാൻ പറ്റിയ ഒരു ഉപാധിയായി പലരും കാണുന്നു. അവർ അതിനെ അന്താരാഷ്ട്ര സമാധാനം ഉറപ്പുവരുത്താൻ പറ്റിയ മാർഗമായി ചിത്രീകരിക്കുന്നു. ഇതൊരു വൈരുദ്ധ്യമാണ്. ഈ വിധമുള്ള യുദ്ധം തടയൽ ഗൗരവാവഹമായ ധാർമിക അപവാദങ്ങൾക്ക് ഇട നല്കുന്നു. ആയുധമത്സരം സമാധാനം ഉറപ്പുവരുത്തുന്നില്ല. യുദ്ധകാരണങ്ങൾ തുടച്ചുമാറ്റുന്നതിനു പകരം അത് അവയെ വഷളാക്കാനാണ് സാധ്യത.

അണുബോംബിന്റെ പുതിയ സാധ്യതകൾ വികസിപ്പിക്കുകയും രാസ-ജൈവ ആയുധങ്ങൾ ഒരുക്കുകയും പുതിയ സാങ്കേതിക വിദ്യകൾ യുദ്ധമേഖലകളിൽ കൊണ്ടുവരികയും ചെയ്യുന്ന പ്രവണത ഇക്കാലത്ത് കൂടുതൽ ശക്തമായിക്കൊണ്ടിരിക്കുന്നു. ഇരുപത്തിയൊന്നാം

നൂറ്റാണ്ട് സമാധാന അന്തരീക്ഷത്തെ തകർക്കുന്ന പ്രവണതകളെ മുറുകെപ്പിടിക്കുകയും ലോകജനതയെ കൂടുതൽ ഭയവിഹ്വലരാക്കുകയും ചെയ്യുന്നു. ആണവായുധങ്ങളുടെ പൂർണമായ നിരായുധീകരണം ഒരു പരമമായ ലക്ഷ്യമായി ലോകരാഷ്ട്രങ്ങൾ കൈക്കൊള്ളണം (FT 262). മാനവീയവും ധാർമ്മികവുമായ നിലപാടായിരിക്കും അത്. ആണവ, രാസ, ജൈവ ആയുധങ്ങളുടെ ഭീഷണിയോ യുദ്ധഭീതിയോ ഇല്ലാതെ ജീവിക്കാൻ മനുഷ്യർക്കവകാശമുണ്ട്. ഭയത്തോടുകൂടെ മുന്നോട്ടുപോകാൻ ആർക്കുമാവില്ല.

യുദ്ധത്തിനുപകരം ഫ്രാൻസിസ് പാപ്പാ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ രാജ്യാന്തര മാർഗനിർദ്ദേശങ്ങൾ അങ്ങേയറ്റം ഫലപ്രദമാകാനുള്ള സാഹചര്യങ്ങളെ ഒരുക്കണമെന്നതാണ് അതിൽ പ്രധാനം. എതെങ്കിലും ഒരു രാജ്യത്തിന്റേയോ വിഭാഗത്തിന്റെയോ സ്വാർത്ഥതാത്പര്യങ്ങളും കപടനിലപാടുകളും എല്ലാവർക്കുമായി അവതരിപ്പിക്കപ്പെടരുത്. യുദ്ധം അരുത് എന്ന കാര്യത്തിൽ എതിർപ്പുകളില്ലാത്ത ഒരു നിയമവാഴ്ച നടപ്പാക്കണം. അതിനുപകരമായി ഐക്യരാഷ്ട്രസംഘടനയുടെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള നിരന്തര സംഭാഷണങ്ങളും മധ്യസ്ഥതയും തീർപ്പുകല്പിക്കലും പ്രയോഗത്തിൽ വരണം.

കൂടാതെ, സൈന്യത്തിനും യുദ്ധോപകരണങ്ങൾക്കും ആയുധശേഖരണത്തിനും ഉപയോഗിക്കുന്ന പണം സ്വരുക്കൂട്ടി ഒരു ആഗോള സമ്പാദ്യം (Global Fund) രൂപീകരിക്കണമെന്ന് പാപ്പാ ആവശ്യപ്പെടുന്നു. അത് ലോകമാസകലം ഉള്ള ദാരിദ്ര്യനിർമ്മാർജനത്തിനും ദരിദ്രരാഷ്ട്രങ്ങളുടെ വികസനത്തിനുമായി ഉപയോഗിക്കുകയും ചെയ്യാനാകുമെന്ന പോൾ ആറാമൻ പാപ്പായുടെ നിർദ്ദേശം (Populorum Progressio 26) ഫ്രാൻസിസ് പാപ്പാ ആവർത്തിക്കുന്നു.

## നീതിയുടെ ഗതി തിരിച്ചുവിടുന്ന ജനകീയവാദങ്ങളും വ്യക്തിവാദങ്ങളും

സാമൂഹ്യയാഥാർത്ഥ്യങ്ങളെ വ്യാഖ്യാനിക്കാൻ ജനകീയത ഒരു അളവുകോലാകരുതെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പ് നൽകുന്നു. ന്യായമല്ലാത്ത കാര്യങ്ങളിലേക്ക് പൊതുജനാഭിപ്രായം തിരിച്ചുവിടാൻ ഉദ്ദേശിച്ചുള്ള വക്രീകരണം അതിന്റെ പിന്നിലുണ്ടാകാം. യുക്തിബോധത്തിനു പകരം ജനവികാരങ്ങളും ജനവിധികളും ഇളക്കുന്ന അഭ്യർത്ഥ



നകളെ വിമർശനവിധേയമാക്കാതെ സ്വീകരിക്കപ്പെടരുതെന്നാണ് പാപ്പാ അർത്ഥമാക്കുന്നത്. ജനപ്രീതി വാദങ്ങളെ ജനതയുടെ സ്വരമായി മാറ്റാൻ സർക്കാരുകളും സാമ്പത്തിക-രാഷ്ട്രീയ-വാർത്താവിനിമയമേഖലകളും ശ്രമിച്ചേക്കാം. സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ജനങ്ങളെ ഇളക്കി വിട്ട് ചൂഷണം ചെയ്യുന്ന ഇത്തരം അനീതി നിറഞ്ഞ പ്രവണത കളെക്കുറിച്ച് നാം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.

അതുപോലെ തന്നെ, മൗലികമായ വ്യക്തിവാദം മറ്റൊരു വൈറ സാണെന്ന് പാപ്പാ പറയുന്നു. അത്തരക്കാർക്ക് അവരുടേത് എന്ന സ്വാർത്ഥ കാഴ്ചപാടിൽനിന്ന് നമ്മുടേത് എന്ന പ്രതിബദ്ധതയുള്ള അവ ബോധത്തിലേക്ക് വളരാൻ കഴിവില്ല. വ്യക്തികേന്ദ്രീകൃതമാകുന്ന അ ത്തരം സ്വഭാവങ്ങളും പ്രവണതകളും നിരാശ മാത്രമാണ് സമ്മാനി ക്കുന്നത്. ഇന്ന് വ്യക്തിപരമായ ക്ഷേമവും സമൂഹത്തിന്റെ ക്ഷേമവും തമ്മിൽ വലിയ വിടവുകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വ്യക്തിവാദം നമ്മളെ കൂടുതൽ സ്വതന്ത്രരോ തുല്യരോ സാഹോദര്യമുള്ളവരോ ആക്കി തീർക്കുന്നില്ല. എന്നാൽ ഇത്തരമൊരു ഭ്രമം ഇന്ന് വൈറസ് പോലെ ആഗോളതലത്തിൽ വ്യാപിച്ചുകൊണ്ടിരിപ്പുണ്ട്. മറ്റുള്ളവരെ അന്യരായും അവജ്ഞയോടെയും കാണാൻ മാത്രമാണ് അത് പ്രേരിപ്പിക്കുന്നത്.

'ഞാൻ' മറ്റുള്ളവരിൽ നിന്ന് 'എന്നെ' സംരക്ഷിക്കണമെന്ന ചിന്ത നമ്മുടെ ബന്ധങ്ങളെ ബാധിക്കുന്നു. 'അപരഭയം' ഇന്ന് ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം ഒരു ഭയത്തിലും വിശ്വാസത്തി ലുമാണ് നമ്മൾ പരിശീലിപ്പിക്കപ്പെടുന്നതെന്ന് ഫ്രത്തെല്ലി തൂത്തി

ഓർമ്മപ്പെടുത്തുന്നു. സ്വന്തം എന്ന അടിസ്ഥാന ബോധ്യം എല്ലാവരുടെയും ഉള്ളിലുണ്ട്. താൻ ജീവിക്കുന്ന സമൂഹം ഓരോ വ്യക്തിക്കും വിഭാഗങ്ങൾക്കും സ്വന്തം കുടുംബം പോലെ അനുഭവപ്പെടുന്ന സാഹചര്യമാണ് വളരേണ്ടത്. എന്നാൽ, സ്വാർത്ഥതയുടെ ചട്ടക്കൂടിൽ നിന്ന് പുറത്തു വരാൻ പലരും ('leave the nest') തയ്യാറാകുന്നില്ല.

## അനീതിയുടെ മൂടുപടമുള്ള ആഗോളവത്കരണവും തദ്ദേശിയതാവാദവും

വ്യക്തികളെ കേവലം ഉപഭോക്താക്കളായി മാത്രം കാണുന്ന ലോകമാണ് ആഗോളവത്കരണം സൃഷ്ടിക്കുന്നത്. മനുഷ്യമഹത്വത്തെ വിലകുറച്ചുകാണുന്ന ഈ സംസ്കാരം ലക്ഷ്യമിടുന്നത് എല്ലാ രാജ്യങ്ങളിലും പ്രതിബന്ധവും സങ്കീർണതകളുമില്ലാതെ നിക്ഷേപം നടത്താൻ തുറന്നുകൊടുക്കുക എന്നതുമാത്രമാണെന്ന് പാപ്പാ വ്യക്തമാക്കുന്നു. ഏക സാംസ്കാരിക മാതൃക അടിച്ചേല്പിക്കാനുള്ള ഈ പ്രവണതയിലൂടെ ചില ചെറു കൂട്ടായ്മകൾ അവരുടെ രഹസ്യ അജണ്ടകളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് ലോകം കണ്ടുകഴിഞ്ഞു. ആഗോളവത്കരണവും ആഗോളസമ്പദ്‌വ്യവസ്ഥയും ലക്ഷ്യംവയ്ക്കുന്നത് സാധാരണജനത്തെ കൊള്ളയടിക്കുകയും ജനങ്ങളുടെമേൽ ആധിപത്യം പുലർത്തുകയും ചെയ്യുക എന്നതാണ്. ദരിദ്രർ ഇല്ല എന്ന മട്ടിൽ സമൂഹത്തിന്റെ ഒരു വിഭാഗം ലോകത്തിനു മുഴുവനായുള്ളതു മുഴുവൻ ചൂഷണം ചെയ്യുമ്പോൾ അതിന്റെ പരിണിത ഫലങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന മുറിവ് വളരെ വലുതാണ്. ഏതൊരു പദ്ധതിയുടെയും മൂല്യനിർണയത്തിന്റെ മാനദണ്ഡമായി കണക്കാക്കേണ്ടത് തെരുവോരങ്ങളിൽ വ്രണിതരായി കിടക്കുന്നവരെ ഉൾക്കൊള്ളാനോ മാറ്റിനിർത്താനോ ഉള്ള തീരുമാനത്തെയാണ്. അത് സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവും മതപരവുമായ ഏതു പദ്ധതിയാണെങ്കിലും.

ഉല്പാദന വൈവിധ്യവും ബിസിനസ് ക്രിയാത്മകതയും പ്രോത്സാഹിപ്പിക്കുന്നതാവണം സാമ്പത്തികനയം. തൊഴിലുകൾ വെട്ടിക്കുറക്കുകയല്ല, തൊഴിലുകൾ സൃഷ്ടിക്കുകയാണ് സാമ്പത്തികനയത്തിന്റെ കാതൽ ഫ്രാൻസിസ് പാപ്പാ വ്യക്തമാക്കുന്നു.

ആഗോളവത്കരണംപോലെ അപകടകരമാണ് തദ്ദേശീയതയും. ഇന്ന് ലോകത്തിൽ പലയിടങ്ങളിലും വളർന്നുകൊണ്ടിരിക്കുന്ന ദേശീ

യതാബോധം ആശയങ്ങളിലും ആചാരങ്ങളിലും തളച്ചിടുന്ന ഒരുതരം 'ആത്മരതി' (narcissism) ആണെന്ന് പാപ്പാ എഴുതുന്നു. വിശാലമായ ലോകം വച്ചുനീട്ടുന്ന വലിയ സാധ്യതയും സൗന്ദര്യവും ആസ്വദിക്കാൻ അതിനുകഴിയില്ല. സാർവദേശീയ മൂല്യമില്ലാത്ത ഒരു സംസ്കാരത്തിന് യഥാർഥ സംസ്കാരമാകാൻ കഴിയില്ല. ഏതൊരു കലർപ്പിനെയും തള്ളിക്കളയുന്ന പൂർണമായി അടഞ്ഞ, ചരിത്രപരമായി നിശ്ചലമായ തദ്ദേശിയതാവാദം സാർവദേശീയ സഹോദര്യത്തിനു ഭീഷണിയാണെന്നതിൽ തർക്കമില്ല.

## ദരിദ്രന്റെ വിലാപം

സമാധാനം എന്നാൽ യുദ്ധമോ പോരാട്ടങ്ങളോ ഇല്ലാത്ത അവസ്ഥ മാത്രമല്ല. അവഗണിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്യുന്ന നമ്മുടെ സഹോദരങ്ങളുടെ അന്തസ്സത്ത അംഗീകരിക്കാനും തിരികെ നല്കാനുമുള്ള അക്ഷീണ പ്രയത്നം കൂടിയാണെന്ന് ഫ്രത്തെല്ലി തൂത്തി പ്രസ്താവിക്കുന്നു. അന്താരാഷ്ട്രതലത്തിൽ ഒത്തിരിയേറെ ഉടമ്പടികളുണ്ടെങ്കിലും ദശലക്ഷകണക്കിനാളുകൾ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട അടിമത്ത സമാനമായ അവസ്ഥയിൽ കഴിയുന്നതും അന്യരുടെ സ്ഥാനത്ത് എന്നപോലെ അവർ എണ്ണപ്പെടുകയും വില്ക്കപ്പെടുകയും ചെയ്യുന്നതിനെ പാപ്പാ അപലപിക്കുന്നു. കുടിയേറ്റക്കാർ അനുഭവിക്കുന്ന നൊമ്പരങ്ങളെക്കുറിച്ച് പാപ്പാ വാചാലനാകുന്നു. ഗുരുതരമായ മാനുഷിക പ്രതിസന്ധികളിൽനിന്നു പലായനം ചെയ്യേണ്ടിവരുന്ന കുടിയേറ്റക്കാർ ആതിഥേയരാജ്യങ്ങളിൽ സ്വന്തം രാജ്യത്ത് അനുഭവിച്ചതുപോലെയുള്ള ഭയത്തിലും അരക്ഷിതാവസ്ഥയിലും കഴിയേണ്ടിവരുന്ന സാഹചര്യങ്ങളാണ് ഇന്നുള്ളത്. മനുഷ്യക്കടത്തുകാർ, മയക്കുമരുന്നു വ്യാപാരികൾ, തുടങ്ങിയവർ അവരെ ചൂഷണം ചെയ്യുന്നു. മാനുഷികവും ശാരീരികവുമായ ദുരുപയോഗങ്ങൾക്കും അവർ വിധേയരാക്കപ്പെടുന്നു. ചിലരാകട്ടെ, അവർക്കെതിരേ പരദേശി സ്പർദ്ധയും വളർത്തുന്നു. ആതിഥേയ രാജ്യങ്ങൾ കുടിയേറ്റക്കാരെ പരിഗണിക്കുകയും, അവർക്കുവേണ്ട വിസ അനുവദിക്കുന്നത് ലളിതമാക്കൽ, യോഗ്യവും അന്തസ്സുറ്റതുമായ ഭവനം ഏർപ്പാടാക്കൽ, തിരിച്ചറിയൽരേഖ കൈവശം വയ്ക്കാൻ അവകാശം നല്കൽ, സുസ്ഥിരമായ വിദ്യാഭ്യാസം ഉറപ്പാക്കൽ, തുടങ്ങിയ കാര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് പാപ്പാ നിർദ്ദേശിക്കുന്നു.

എല്ലാവരും പരസ്പരാശ്രയത്തോടെ മുന്നേറേണ്ടവരാണെന്നും പരസ്പരം പ്രതിബദ്ധതയോടെ ജീവിക്കേണ്ടവരാണെന്നുമുള്ള ബോധ്യത്തിൽ നിന്നു മാത്രമേ ആഗോളകുടുംബം പുനർജനിക്കുകയുള്ളൂ. ആഗോള കുടുംബം എന്നത് സാർവത്രിക സാഹോദര്യത്തിന്റെ ഒരു തലം മാത്രമല്ല, സാർവത്രിക നീതി നടപ്പാക്കാനുള്ള തലം കൂടിയാണ്. ദരിദ്രരാജ്യങ്ങൾക്കു നല്കുന്ന സാമ്പത്തിക സഹായവും മറ്റും പരിമിതപ്പെടുത്താനും നിയന്ത്രിക്കാനുമുള്ള ശ്രമങ്ങളും കർശനമായ നിയമങ്ങളും പുനഃപരിശോധിക്കുകയും, ഉഭയകക്ഷി കരാറുകളേക്കാൾ സാർവദേശീയമായ പൊതുനന്മയും ദുർബലരാജ്യങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുകയും ചെയ്യുന്ന സംവിധാ നങ്ങൾക്ക് രൂപംകൊടുക്കുകയും ചെയ്യണം. ദരിദ്രന്റെ വിലാപത്തിനും അനിയന്ത്രിതമായി ചൂഷണത്തിനു വിധേയമാകുന്ന പരിസ്ഥിതിയുടെ വിലാപത്തിനും പരിഹാരം കാണാൻ വിവിധ രാജ്യങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെടുന്ന കൂട്ടായ്മയിലൂടെ, കൂടിയാലോചനകൾ, മധ്യസ്ഥത, ഒത്തുതീർപ്പ് എന്നിവയ്ക്കുള്ള അക്ഷീണപ്രയത്നമുണ്ടാകണം.

## അനീതി നിറഞ്ഞ ചരിത്രപാഠങ്ങൾ മറക്കരുത്

സുതാര്യവും സാഹോദര്യപൂർണവുമായ ഭാവി വാർത്തെടുക്കാൻ ഓർമ്മകളുണ്ടാകണം. ഓർമ്മകൾ മായുന്നില്ല, മായാൻ അനുവദിച്ചുകൂടാ എന്ന് ഫ്രത്തെല്ലി തൂത്തി ഓർമ്മിപ്പിക്കുന്നു. മനുഷ്യമനസ്സാക്ഷിയിൽ ചരിത്രത്തിന്റെ നാൾവഴികളിലെ മുറിവുകൾ പൊറുക്കാനാകും, എന്നാൽ മറക്കാൻ പാടില്ല. ക്ഷമ എന്നത് വ്യക്തിപരമായ ഒന്നാണെന്നും സാമൂഹികമായി അതു സാധ്യമല്ലെന്നും പാപ്പാ എഴുതുന്നു.

ചരിത്രത്തിന്റെ ഏടുകളിൽ ഒരിക്കലും മറന്നുകളയാനാവാത്ത ജൂതഹത്യയും ഹിരോഷിമ-നാഗസാക്കി ബോംബാക്രമണങ്ങളും മനുഷ്യചരിത്രത്തിനേറ്റ വലിയ മുറിവുകളായി പാപ്പാ എടുത്തുകാട്ടുന്നു. തിന്മയിൽ മുങ്ങിയ മനുഷ്യന്റെ സ്ഥായിയായ അടയാളങ്ങളായി ഇവ നിലകൊള്ളുന്നു. അതുപോലെ വിവിധ രാജ്യങ്ങളിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ ഹിംസയും അടിമക്കച്ചവടവും വംശഹത്യകളും മാനവരാശിക്ക് മുഴുവൻ ലജ്ജ തോന്നുന്ന സംഭവങ്ങളായി നമ്മെ ഉറ്റു നോക്കുന്നു.

ഇതിനുള്ള പരിഹാരം പ്രതികാരമല്ല. പീഡകനുനേരെ തിരിച്ച് ക്രൂരമായി പെരുമാറിയതുകൊണ്ടൊന്നും ഇതിനു പരിഹാരമാകില്ല.

പ്രതികാരം ചെയ്യാതിരിക്കുന്നതു ദൗർബല്യമല്ല, കരുത്താണ്. മറവിയുടെ അനീതിക്കു കൂട്ടുനില്ക്കാതെ കൂടുതൽ ജാഗ്രതയോടെ നീതി തേടുകയാണുവേണ്ടത്. മാനവികതയുടെ ധർമ്മബോധം ഉയർത്താൻ ഓർമ്മകളുണ്ടാകണം. മറക്കാതിരിക്കുന്നത് വിനാശത്തിന്റെ ശക്തികളുടെ മുന്നേറ്റം തടഞ്ഞുനിറുത്താനാണ്. അപ്രകാരം ചെയ്തില്ലങ്കിൽ അത് ഉഗ്രരൂപം പൂണ്ട് വീണ്ടും പ്രത്യക്ഷപ്പെടാൻ ഇടയുണ്ടെന്ന് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

## സമാപനം

ദാരിദ്ര്യം കുറ്റകരമായി കാണുകയും ഭക്ഷണം മനുഷ്യന്റെ അടർത്തി മാറ്റാനാവാത്ത അവകാശമായി തിരിച്ചറിയുകയും ദരിദ്രന്റെ പക്ഷംചേരുകയും ചെയ്യുമ്പോഴാണ് നീതിപൂർവകമായ സമൂഹം രൂപപ്പെടുത്താനാവുക എന്നതാണ് സഭയുടെ എക്കാലത്തെയും കാഴ്ചപ്പാട്. അവനവന്റേത് അവനവനുകൊടുക്കുക എന്ന ക്ലാസിക്കൽ നിർവചനത്തിനർത്ഥം, ഒരു വ്യക്തിയുടെയോ അവരുടെ സാമൂഹിക കൂട്ടായ്മയുടെയോ അന്തസ്സും അവകാശവും അതിക്രമിച്ചെടുക്കാൻ ആർക്കും അവകാശമില്ലെന്നാണെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.

കുടുംബത്തിൽ ഒരാൾക്ക് ഒരു പ്രശ്നമുണ്ടായാൽ മുഴുവൻപേരും സഹായത്തിനെത്തുന്നതുപോലെ, ആഗോളകുടുംബം എന്ന വലിയ അനുഭവം സൃഷ്ടിക്കപ്പെടുന്നതിന് എല്ലാവരും കൈകൾ കോർക്കണം.



നിരപരാധികളുടെ രക്തം ചിന്തുന്നതിനെതിരേ ആദ്യം ഇടപെടണം. ഐക്യരാഷ്ടസംഘടനയും അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങളും അന്താരാഷ്ട്ര ധനകാര്യവുമെല്ലാം അതിനനുസൃതമായി നവീകരിക്കപ്പെടുകയാണു വേണ്ടതെന്ന് പഠിപ്പിക്കുന്ന ഫ്രത്തെല്ലി തൂത്തി ലോകത്തിനുനേരെ പിടിച്ചിരിക്കുന്ന നീതിയുടെ ദർപ്പണമായി നിലകൊള്ളുന്നു.

---

* ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടർ ബിരുദം നേടിയിട്ടുള്ള ഫാ. സ്റ്റാൻലി മാതിരപ്പിള്ളി ആലുവ പൊന്തിഫിക്കൽ സെമിനാരി പ്രൊഫസർ, കെസിബിസി ഡോക്ട്രിനൽ കമ്മീഷൻ സെക്രട്ടറി, താലന്ത് ദൈവശാസ്ത്ര മാസിക ചീഫ് എഡിറ്റർ, കെസിബിസി പാസ്റ്റർ ഓറിയന്റേഷൻ സെൻറർ ഡീൻ ഓഫ് സ്റ്റഡീസ്, വരാപ്പുഴ അതിരൂപത ജനറൽ മിനിസ്ട്രി കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.



# രാഷ്ട്രീയം വിശ്വസാഹോദര്യത്തിന്റെ പര്യായം

ഡോ. കുര്യാസ് കുമ്പളക്കുഴി*

രാഷ്ട്രീയ പ്രവർത്തനം ഒരു ദൈവവിളിയാണ് എന്ന അപൂർവ നിർവചനം പ്രഥമ ശ്രവണത്തിൽ ആരെയും അമ്പരപ്പിച്ചു കളയും. സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പെരുവഴികളും ഇടവഴികളും ഭാഗ്യാന്വേഷികളുടെയും അവസരവാദികളുടെയും കൂട്ടയോട്ടക്കളങ്ങളായിത്തീർന്നിരിക്കുന്നതു കണ്ടു മൂക്കത്തു വിരൽ വച്ചു നില്ക്കേണ്ടിവരുന്നവർക്ക് ഇതു വിശ്വസിക്കാൻ കഴിഞ്ഞെന്നു വരില്ല. പക്ഷേ, രാഷ്ട്രീയത്തിന് അങ്ങനെയും ഒരു മുഖമുണ്ട്, ഉണ്ടായിരിക്കണം എന്നോർപ്പിക്കുന്നതു ഫ്രാൻസിസ് പാപ്പായാണ്.

'എല്ലാവരും സഹോദരർ' എന്ന പുതിയ ചാക്രികലേഖനത്തിൽ പാപ്പാ എഴുതുന്നു: "രാഷ്ട്രീയത്തെ പുതിയ രീതിയിൽ അംഗീകരിക്കാൻ ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്. പൊതുനന്മയെ തെരയുന്നിടത്തോളം, വൈശിഷ്യമാർന്ന ദൈവവിളിയും ഉപവിയുടെ അത്യുന്നത രൂപങ്ങളിലൊന്നുമാണത്" (180).

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം ജനാധിപത്യ സംവിധാനത്തിൽ അധികാരം പിടിക്കാനുള്ള സന്നദ്ധസംഘങ്ങളായി മാറിയിരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ പരസ്പരം അങ്കം വെട്ടുന്ന കക്ഷി രാഷ്ട്രീയത്തെക്കുറിച്ചല്ല മാർപാപ്പാ സംസാരിക്കുന്നത്. മറിച്ച് ലോകജനതയെ

മുഴുവൻ സഹോദരങ്ങളായിക്കണ്ട് അവരുടെ പൊതു ക്ഷേമത്തിനു വേണ്ടി ഓരോ രാഷ്ട്രത്തിന്റെയും വിഭവശേഷി വിനിയോഗിക്കുന്ന രാഷ്ട്രത്തലവന്മാരുടെ കൂട്ടായ്മയെക്കുറിച്ചാണ്. ഇതു മനസ്സിലായി കഴിയുമ്പോൾ നമ്മുടെ അമ്പരപ്പു മാറിക്കൊള്ളും.

പതിനൊന്നാം പീയൂസ് പാപ്പായുടെ, 1927 ലെ ഒരു പ്രഭാഷണ ത്തിലെയും 1931 ലെ 'ക്വാദ്രെജെസിമോ ആന്നോ' എന്ന ചാക്രികലേ ഖനത്തിലെയും ആശയങ്ങൾ കടമെടുത്തുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ രാഷ്ട്രീയ ഉപവി, സാമൂഹിക ഉപവി എന്നൊക്കെ രാഷ്ട്രീ യത്തെ നിർവചിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ: "വ്യക്തികൾ ആവശ്യക്കാരായവരെ സഹായിക്കുമ്പോൾ, എല്ലാവർക്കും സാഹോദര്യവും നീതിയും ലഭ്യമാകുന്ന സാമൂഹിക പ്രക്രിയകളിൽ ഒത്തുചേരുമ്പോൾ, അത് ഉപവിയാണ്. അവർ ഏറ്റവും വിശാലമായ ഉപവിയുടെ മേഖലയിലേക്ക്, രാഷ്ട്രീയ ഉപവി എന്നതിലേക്ക് പ്രവേ ശിക്കുകയാണ്. ഇതൊരു സാമൂഹിക രാഷ്ട്രീയക്രമത്തിനായുള്ള പ്രവർത്തനമാകുന്നു. അതിന്റെ ആത്മാവാണു സാമൂഹിക ഉപവി" (180). ഇതാണു പാപ്പാ വിഭാവന ചെയ്യുന്ന പുതിയ കാലത്തിന്റെ രാഷ്ട്രീയം.



ഈ പുതുകാല രാഷ്ട്രീയത്തിന്റെ സ്വഭാവം എങ്ങനെയായിരി ക്കണം എന്നു വിശകലനം ചെയ്യുന്നതിനിടയിൽ, നിഷേധാത്മകമായ ഒരു പ്രവണതയെക്കൂടി പരാമർശിച്ചു കടന്നുപോകാൻ മാർപാപ്പാ മറ ക്കുന്നില്ല. ബഹുഭൂരിപക്ഷത്തിനും ഇന്നു രാഷ്ട്രീയം രുചിക്കാത്ത ഒരു വാക്കായി മാറിയിട്ടുണ്ടെന്നാണദ്ദേഹം നിരീക്ഷിക്കുന്നത്. രാഷ്ട്രീയ

ക്കാരുടെ തെറ്റുകളും അഴിമതിയും കാര്യപ്രാപ്തിയില്ലായ്മയുമാണ് ഈ മനോഭാവത്തിനു കാരണം. രാഷ്ട്രീയത്തെ അവമതിക്കാനും ചിലർ ശ്രമിക്കുന്നുണ്ടത്രേ. സാമ്പത്തികശാസ്ത്രംകൊണ്ടോ പ്രത്യയശാസ്ത്രങ്ങൾകൊണ്ടോ രാഷ്ട്രീയത്തെ മറികടക്കാമെന്നും ചിലർ കരുതുന്നു. എന്നാൽ നമ്മുടെ ലോകത്തിനു രാഷ്ട്രീയമില്ലാതെ പ്രവർത്തിക്കാനാകില്ലെന്നാണു പാപ്പായുടെ അഭിപ്രായം. ഉറച്ച രാഷ്ട്രീയ ജീവിതമില്ലാതെ സാർവദേശീയ സാഹചര്യത്തിലേക്കും സാമൂഹിക സേവനത്തിലേക്കും വളരാനാവില്ല.

മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള സന്നദ്ധതയാണ് ഉപവി. ഈ ഉപവിയിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയ വീക്ഷണം, രാഷ്ട്രീയ പ്രവർത്തനശൈലി - അതാണ് പ്രശ്നസങ്കീർണമായ ലോകത്തിന് ആശ്വാസകരമാവുക എന്നു പാപ്പാ കരുതുന്നു. അതുകൊണ്ടാണദ്ദേഹം തന്റെ സങ്കല്പത്തിലുള്ള രാഷ്ട്രീയത്തെ മെച്ചപ്പെട്ടതരം രാഷ്ട്രീയം, ഉറച്ച രാഷ്ട്രീയം, ആരോഗ്യകരമായ രാഷ്ട്രീയം, നല്ല രാഷ്ട്രീയം എന്നൊക്കെ ആവർത്തിച്ചു വിശേഷിപ്പിക്കുന്നത്.

സാഹോദര്യത്തിന്റെ ആഗോള കൂട്ടായ്മയ്ക്ക്, പൊതുനന്മയുടെ സേവനത്തിന് സഹായകമായ രാഷ്ട്രീയത്തെയാണ് മെച്ചപ്പെട്ട രാഷ്ട്രീയം എന്നു വിളിക്കുന്നത്. കമ്പോള താത്പര്യങ്ങളുടെയും സമ്പത്തിന്റെ സ്വാർത്ഥാധിഷ്ഠിതമായ പ്രലോഭനങ്ങളുടെയും പിടിയിൽപെടാത്തവിധം, വിശാലവും സ്വതന്ത്രവുമായിരിക്കും ഉറച്ച രാഷ്ട്രീയം. സമൂഹത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യം വയ്ക്കുന്ന അടിസ്ഥാന പരിഷ്കരണത്തിനും പുതുക്കി പണിയലിനും വേണ്ട ഊർജം ഉൾക്കൊള്ളുന്നതാണ് ആരോഗ്യകരമായ രാഷ്ട്രീയം. സ്നേഹത്തെ പ്രത്യാശയിൽ കൂട്ടിവയ്ക്കുന്നതാണു നല്ല രാഷ്ട്രീയം.

ജനതയുടെ കൂട്ടായ്മയാണു രാഷ്ട്രീയം. ജനങ്ങളാൽ ഭരിക്കപ്പെടുന്നുവെന്ന ആശയം രൂപംകൊണ്ടതങ്ങനെയാണ്. ഓരോ വ്യക്തിയും ജനതയുടെ ഭാഗമാണ്. അതു പക്ഷേ, ലാഘവത്തോടെ മറികടക്കാവുന്ന ഉത്തരവാദിത്വമല്ല. 'ജനതയുടെ ഭാഗമാവുക എന്നു പറഞ്ഞാൽ, സാമൂഹിക സാംസ്കാരിക ബന്ധങ്ങളിൽ നിന്നും ഉയർന്നുവരുന്ന പങ്കാളിത്ത വ്യക്തിത്വത്തിന്റെ ഭാഗമാവുക' എന്നാണെന്നു പാപ്പാ ഓർമ്മിപ്പിക്കുന്നു. ജനതയെന്നാൽ അയല്ക്കാരൻ എന്നാണർത്ഥം.

ഇതു വിസ്മരിച്ചുകൊണ്ട്, സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി ജനങ്ങളെ സ്വാധീനിച്ച്, ജനകീയനായി, മുറിവേല്ക്കുന്നവരെക്കുറിച്ച് ഉത്ക്കണ്ഠയില്ലാതെ രാഷ്ട്രീയ പ്രവർത്തകരെന്നു ഭാവിക്കുന്നവരും ഉണ്ട്. ഇതിന്റെ പിന്നിൽ ജനവികാരങ്ങളെ ഇളക്കിവിടുന്ന ജനപ്രീതിവാദമോ, ശക്തരായവരുടെ സാമ്പത്തിക താത്പര്യങ്ങളെ സേവിക്കുന്ന മിതവാദമോ പതിയിരിക്കുന്നു എന്നാണു പാപ്പാ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ പൊതുസമൂഹത്തിന്റെ ക്ഷേമത്തിനല്ല, സ്വാർത്ഥ താത്പര്യങ്ങളുടെ സംരക്ഷണത്തിനാണു പ്രാധാന്യം. ക്രൈസ്തവ പാരമ്പര്യം ഭയജനകമായി കാണുന്ന 'പാപാസക്തി' തന്നെയാണിത്. ഇതിൽനിന്നു മോചനം നേടാൻ കഴിയാത്തവർക്ക് നല്ല ജനനേതാവോ ഭരണാധികാരിയോ ആയിത്തീരാനാവില്ല.

'വസുധൈവ കുടുംബകം' (ലോകം ഒരു കുടുംബമാണ്) എന്ന ദർശനം അവതരിപ്പിച്ചത് ആർഷ സംസ്കാരമാണ്. ലോകരാഷ്ട്രീയത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുമ്പോൾ മാർപാപ്പായും ഈ ആശയമാണു മുന്നോട്ടുവയ്ക്കുന്നത്. 'രാജ്യങ്ങളുടെ ഒരു കുടുംബം' എന്നാണദ്ദേഹം സങ്കല്പിക്കുന്നത്. ഒരു കുടുംബത്തിലെ അംഗങ്ങളെന്നതുപോലെ എല്ലാ രാജ്യങ്ങളും വിശ്വസാഹോദര്യത്തിലെ പ്രയോക്താക്കളാവുക. ലോകത്തിന്റെ വിഭവശേഷിയിൽ ഭൂരിഭാഗവും ഏതാനും രാജ്യങ്ങൾ കൈവശം വയ്ക്കുന്ന സാമ്പത്തിക-രാഷ്ട്രീയ സാഹചര്യം ഇല്ലാതാവണം. നീതിയുക്തമായ ഒരു പങ്കുവയ്ക്കൽ രാഷ്ട്രങ്ങൾക്കിടയിൽ യാഥാർത്ഥ്യമാവണം. ഇക്കാര്യത്തിൽ ക്രിയാത്മകമായ പങ്കു വഹിക്കാൻ രാഷ്ട്രീയക്കാർക്കേ കഴിയൂ എന്ന് മാർപാപ്പാ കരുതുന്നു.



ഇത്തരത്തിലൊരു വിഭവവിതരണക്രമം രൂപപ്പെടുത്തിക്കൊണ്ട് അയല്ക്കാരന്റെ ദാരിദ്ര്യം ഇല്ലാതാക്കാൻ കഴിയണം. ഇതു ദരിദ്രർക്കു നല്കുന്ന ചെറിയ സഹായങ്ങളിലൂടെയല്ല. ജനപ്രീതി നേടിയെടുക്കാൻവേണ്ടി പ്രഖ്യാപിക്കുന്ന താത്കാലിക ക്ഷേമപരിപാടികളല്ല. സ്ഥായിയായി നിലനില്ക്കുന്ന ഉപജീവനമാർഗമാണവർക്കു ലഭിക്കേണ്ടത്. താത്കാലിക സഹായങ്ങൾ അവരിൽ അപകർഷബോധം വളർത്തുകയും ദാരിദ്ര്യം തങ്ങളുടെ വിധിയെന്നു കരുതി എല്ലാം സഹിക്കാൻ അവരെ നിർബന്ധിതരാക്കുകയും ചെയ്യും. പരോപകാരപ്രദമെന്നു കരുതുന്ന പ്രവർത്തനങ്ങളിലൂടെ ദരിദ്രനെ സഹനശീലനാക്കി താഴ്ത്തുന്നതു സങ്കടകരമാണെന്നു പാപ്പാ പറയുന്നു.

സഹനം അനുഭവിക്കുന്ന ഒരാളെ സഹായിക്കുന്നത് ഉപവി പ്രവർത്തനമാണ്. എന്നാൽ തങ്ങളുടെ സഹനത്തിനു കാരണമായ സാമൂഹിക സാഹചര്യത്തിൽ മാറ്റം വരുത്താനുള്ള പ്രവർത്തനം ഉപവിയുടെ വിശിഷ്ടരൂപമാണ്. ഇവിടെയാണു രാഷ്ട്രീയക്കാരുടെ ഇടപെടൽ ക്രിയാത്മകമാകുന്നത്. പാപ്പാ എഴുതുന്നു: "ഒരു പുഴ കടക്കാൻ മുതിർന്ന ഒരാളെ സഹായിക്കുന്നത് ഉപവിയുടെ നല്ല ഉദാഹരണമാണ്. മറിച്ച്, രാഷ്ട്രീയക്കാരൻ ഒരു പാലം നിർമ്മിച്ചുകൊടുക്കുന്നു. അതും ഉപവി പ്രവർത്തനമാണ്. ഒരാൾക്കു മറ്റൊരാളെ എന്തെങ്കിലും ഭക്ഷണം നല്കി സഹായിക്കാനാവും; രാഷ്ട്രീയക്കാരൻ അയാൾക്ക് ഒരു തൊഴിലുണ്ടാക്കി കൊടുക്കുന്നു. അങ്ങനെ ഉപവിയുടെ ഉന്നതമായ രൂപംകൊണ്ട് അയാളുടെ രാഷ്ട്രീയ പ്രവർത്തനത്തെ മഹിമപ്പെടുത്തുന്നു"(186).

വൈയക്തിക ഉപവിയെയും രാഷ്ട്രീയ ഉപവിയെയും താരതമ്യപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയ ഉപവിയുടെ ഔന്നത്യം വേറിട്ടു കാണിക്കുകയാണ് പാപ്പാ. രാഷ്ട്രീയത്തിന്റെ ആത്മീയ ഹൃദയമായ ഉപവി, ഏറ്റവും ആവശ്യമുള്ളവരോടു കാണിക്കുന്ന മുൻഗണനാ സ്നേഹമാണെന്നു കൂടി അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. രാഷ്ട്രീയക്കാർ വിളിക്കപ്പെട്ടിരിക്കുന്നത് വ്യക്തികളുടെയും ജനതകളുടെയും ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കാനാണെന്നും അതുവഴി അവർക്ക് ശക്തിയും ആർദ്രതയും മാത്രമല്ല പരിശ്രമവും മഹാമനസ്കതയും കൂടി കൈവരുത്താനാകുമെന്നും അദ്ദേഹം തുടർന്നു പറയുന്നു.

ഭക്ഷണം ഒരാളുടെ അടർത്തി മാറ്റാനാവാത്ത അവകാശമാണെന്ന ചാക്രികലേഖനത്തിലെ പ്രഖ്യാപനം രാഷ്ട്രനേതാക്കൾക്കു സ്വദൗ




ത്യനിർവഹണത്തിന്റെ നേർവഴികൾ കാട്ടികൊടുക്കുന്ന ഗുരൂപദേശമാണ്. ഒരു വശത്തു ദശലക്ഷക്കണക്കിനു മനുഷ്യർ പട്ടിണികൊണ്ടു മരിക്കേണ്ടിവരുമ്പോൾ, മറുവശത്തു ടൺകണക്കിനു ഭക്ഷണം വെറുതെ എറിഞ്ഞുകളയുന്നു. കമ്പോള താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വെറും ചരക്കായി ഭക്ഷണത്തെ കാണുന്ന മനുഷ്യത്വശൂന്യമായ നടപടിയാണിത്. ഹീനമായ ഈ മനോഭാവത്തിൽ നിന്ന് രാഷ്ട്രത്തെ പിന്തിരിപ്പിക്കാൻ കഴിയുക രാഷ്ട്രീയക്കാർക്കു മാത്രമാണെന്നു നിരീക്ഷിക്കുന്ന പാപ്പാ, അവരെ ഇങ്ങനെ പ്രശംസിക്കുന്നു: "രാഷ്ട്രീയക്കാർ പ്രവർത്തിക്കുന്നവരാണ്. ശക്തമായ ലക്ഷ്യബോധത്തോടെ കെട്ടി ഉയർത്തുന്നവരാണ്. അവർക്കു വിശാലതയും യാഥാർത്ഥ്യബോധവും തികഞ്ഞ പ്രായോഗിക ദൃഷ്ടിയുമുണ്ട്. അവർ സ്വന്തം അതിരുകൾക്കപ്പുറത്തേക്കു നോക്കുന്നവരാണ്. അവരുടെ ഏറ്റവും വലിയ ഉത്കണ്ഠ തെരഞ്ഞെടുപ്പിൽ വീഴുന്ന ഒരു വോട്ടിലല്ല ... മറിച്ച് ഫലപ്രദമായ പരിഹാരങ്ങളിലാണ്"(188).

രാഷ്ട്രപിതാവ് മഹാത്മഗാന്ധി, ജവഹർലാൽ നെഹ്റുവിലൂടെ ഭരണാധികാരികൾക്കും രാഷ്ട്രീയക്കാർക്കും നല്കിയ ഒരു നവഗീതോപദേശമുണ്ട്. എറ്റവും ചെറിയവനെ ഏറ്റവും വലിയവനായി കാണണമെന്നാണതിന്റെ പൊരുൾ. നയപരമായ തീരുമാനങ്ങൾ എടുക്കുമ്പോഴും പുതിയ നിയമനിർമ്മാണങ്ങൾ നടത്തുമ്പോഴും, അത് രാജ്യത്തെ ഏറ്റവും ചെറിയ ഒരാൾക്കെങ്കിലും ദോഷകരമായി തീരും എന്ന് തോന്നിയാൽ അതുമായി മുന്നോട്ടു പോകരുതെന്ന്. പാവപ്പെട്ടവരെക്കുറിച്ചും ദുർബലരെക്കുറിച്ചും രാഷ്ട്രീയക്കാർക്കുണ്ടായിരിക്കേണ്ട കരുതലിന്റെ ഗൗരവം സൂചിപ്പിക്കുന്ന ഉപദേശമാണിത്. മാർപാപ്പാ ഇങ്ങനെ



ഉദ്ബോധിപ്പിക്കുന്നു: "ഏറ്റവും അപ്രധാനനായ മനുഷ്യവ്യക്തിയെ പോലും, ഈ ഭൂമിയിൽ അയാളല്ലാതെ മറ്റൊരാളില്ലെന്ന ധാരണയിൽ സഹോദരനെന്നു കാണുന്നത് ഒരിക്കലും ഒരു സമയം പാഴാക്കലല്ല ... മറ്റുള്ളവരോടു വാത്സല്യപൂർവമുള്ള സ്നേഹത്തിനു രാഷ്ട്രീയക്കാർ ഇടം നല്കണം. ഏറ്റവും ചെറിയവർ, ഏറ്റവും ദുർബലർ, ഏറ്റവും ദരിദ്രർ നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കണം"(193 -194).

സാർവദേശീയ സാഹോദര്യത്തിന്റെ പര്യായമായി രാഷ്ട്രീയത്തെ പ്രതിഷ്ഠിക്കാനാണു മാർപാപ്പാ താത്പര്യപ്പെടുന്നത്. ഈ ആശയത്തിന്റെ സാക്ഷാത്ക്കരണ വേദിയായി അദ്ദേഹം കാണുന്നത് ഐക്യരാഷ്ട്രസംഘടനയെയാണ്. നിയമവ്യവസ്ഥയുടെ വികസനവും പ്രോത്സാഹനവുമായി യു.എൻ.ഒ.യെ കാണണം. എതിർപ്പില്ലാത്ത നിയമവ്യവസ്ഥ ഉറപ്പാക്കാൻ സംഘടനയ്ക്കു കഴിയണം. കൂടിയാലോചന, മധ്യസ്ഥത, ഒത്തുതീർപ്പ് എന്നിവയിലൂടെ രാഷ്ട്രങ്ങളുടെ സാഹോദര്യം ഉറപ്പുവരുത്തണം. ഓരോ അംഗ രാജ്യത്തിന്റെയും പരമാധികാരത്തിന്മേൽ സ്ഥാപിതമായ നീതിപരിപാലനത്തിനുള്ള കൂട്ടായ്മയായിരിക്കണം അത്. ഏതെങ്കിലും രാജ്യത്തിന്റെ സ്വാതന്ത്ര്യം നിഷേധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന കീഴ്വഴങ്ങലുകളുടെ ബന്ധനം ഉണ്ടാവുകയുമരുത്.

'രാജ്യങ്ങളുടെ കുടുംബം' എന്ന അനുഭവത്തിലേക്ക് അന്താരാഷ്ട്ര സമൂഹം എത്തിച്ചേരണമെന്നു മാർപാപ്പാ ആഗ്രഹിക്കുന്നു. ബലപ്രയോഗത്തിലൂടെ നിയമങ്ങളോ വ്യവസ്ഥകളോ പാലിക്കാൻ ഒരു

രാജ്യത്തെ നിർബന്ധിക്കുന്ന സാഹചര്യവും അഭികാമ്യമല്ല. അംഗീകരിക്കപ്പെട്ട കരാറുകൾ വിശ്വസ്തതയോടെ പാലിക്കപ്പെടണം. വിവാദവിഷയങ്ങൾ സമാധാനപരമായി പരിഹരിക്കാനുള്ള നൈയാമികരേഖകൾ ഉണ്ടാവണം. അത്തരം രേഖകളിൽ രാജ്യങ്ങൾ തമ്മിലുള്ള ബഹുമുഖമായ കരാറുകൾക്കു മുൻഗണന നല്കണം. സാർവദേശീയമായ പൊതുനന്മയും ദുർബലരാജ്യങ്ങളുടെ സംരക്ഷണവും ഇതുവഴി ഉറപ്പാക്കാം. ഇതിനെല്ലാം നേതൃത്വം നല്കുകയാണ് ഐക്യരാഷ്ട്ര സംഘടന ചെയ്യേണ്ടത്.

ഈ ചാക്രികലേഖനത്തിന്റെ രചനയുടെ പ്രചോദക ഘടകങ്ങളിലൊന്ന്, ഈജിപ്തിലെ അൽ അഷറിലെ ഗ്രാന്റ് ഇമാം അഹമ്മദ് അൽ തയ്യെബുമായുള്ള കൂടിക്കാഴ്ചയും ചർച്ചയുമാണെന്ന് മാർപാപ്പാ വെളിപ്പെടുത്തുന്നുണ്ട്. അത് 2019 ഫെബ്രുവരിയിൽ അബുദാബിയിലായിരുന്നു. മാനവ സാഹോദര്യത്തെക്കുറിച്ചുള്ള ഒരു രേഖയിൽ ഫെബ്രുവരി നാലിന് മാർപാപ്പായും ഗ്രാന്റ് ഇമാമും ഒപ്പുവയ്ക്കുകയുണ്ടായി. ആ രേഖയിലെ തീരുമാനങ്ങളിലൊന്ന്, 2021 മുതൽ എല്ലാവർഷവും ഫെബ്രുവരി നാല് 'വിശ്വ സാഹോദര്യദിന'മായി ആചരിക്കണം എന്നതാണ്.

ഗ്രാന്റ് ഇമാം അഹമ്മദ് അൽതയ്യെബ് ലോകമെമ്പാടുമുള്ള ഇമാംമാരുടെ തലവനാണ്. ഇസ്ലാമിന്റെ ഏറ്റവും ഉന്നതനായ ആചാര്യനുമാണ്. അതോടൊപ്പം ഈജിപ്ഷ്യൻ രാഷ്ട്രീയത്തിൽ ഏറെ സ്വാധീനമുള്ള ആളും. 2003 മുതൽ 2010 വരെ അദ്ദേഹം അൽ അഷർ യൂണിവേഴ്സിറ്റിയുടെ അധ്യക്ഷനുമായിരുന്നു.

ഇത്തരത്തിൽ സമുന്നതനായ ഒരു വ്യക്തിയും മാർപാപ്പയും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കും ചർച്ചയ്ക്കും ഇരുവരും ഒപ്പുവച്ച രേഖയ്ക്കും അന്താരാഷ്ട്ര സമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. അതു വ്യാപകമായ ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിയൊരുക്കും. അതുകൊണ്ടുതന്നെ അതിൽ മാർപാപ്പാ അവതരിപ്പിക്കുന്ന രാഷ്ട്രീയ ദർശനവും ലോകരാഷ്ട്രങ്ങൾക്കിടയിൽ ചർച്ച ചെയ്യപ്പെടും. മാർപാപ്പാ ഒരു ആത്മീയ നേതാവു മാത്രമല്ല, രാഷ്ട്രത്തലവൻ കൂടിയാണല്ലൊ.

അബുദാബി പ്രഖ്യാപനത്തിൽ നിന്ന് ലോകരാഷ്ട്രീയവുമായി ബന്ധപ്പെട്ട ഒരു ഭാഗം പാപ്പാ ചാക്രികലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെ: "അന്താരാഷ്ട്ര നയരൂപീകരണത്തിന്റെയും ലോക

സമ്പദ്വ്യവസ്ഥയുടെയും ശില്പികൾ സഹിഷ്ണുതയുടെ സംസ്കാരം വളർത്തിയെടുക്കാനും സമാധാനത്തിൽ കൂട്ടായി ജീവിക്കാനും ഉത്സാഹപൂർവം പ്രവർത്തിക്കണം. നിരപരാധികളുടെ രക്തം ചിന്തപ്പെടുന്നതിനെതിരെ ആദ്യം കിട്ടുന്ന അവസരത്തിൽ ഇടപെടണം" (192).

അന്താരാഷ്ട്ര നയരൂപീകരണത്തിന്റെയും ലോകസമ്പദ്വ്യവസ്ഥയുടെയും ശില്പികളെന്നു പാപ്പാ വിശേഷിപ്പിക്കുന്നതു രാഷ്ട്രത്തലവന്മാരെയാണ്. അവർ തന്നെ ഇതു പരസ്പരം അംഗീകരിക്കുമ്പോൾ സാഹോദര്യം മാത്രമല്ല സമഭാവനയും അനുഭവപ്പെടും. അതു ലോകസമാധാനത്തിലേക്കുള്ള ചുവടുവയ്പാണ്. ഈ ബോധ്യത്തിന്റെയും സന്മനസ്സിന്റെയും അഭാവമാണു ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്നു നിലനില്ക്കുന്ന അഭിപ്രായവ്യത്യാസങ്ങളുടെയും സംഘർഷങ്ങളുടെയും കാരണമെന്ന സൂചനയും പാപ്പാ ഇതുവഴി നല്കുന്നുണ്ട്.

നിരപരാധികളുടെ രക്തം ചിന്തുന്നതു യുദ്ധങ്ങളും തീവ്രവാദപ്രവർത്തനങ്ങളുമാണ്. ഇതുരണ്ടും ഒഴിവാക്കാൻ വിശ്വസാഹോദര്യത്തിൽ അധിഷ്ഠിതമായ ചിന്തയോടും മനോഭാവത്തടും കൂടി രാഷ്ട്രത്തലവന്മാർ ഇടപെടണമെന്നും മാർപാപ്പാ ആവശ്യപ്പെടുന്നു. അതിനൊരു മാതൃക എന്ന നിലയിൽ മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിന്റെ മഹത്തായ ഒരു സാക്ഷ്യപത്രം കൂടിയാണ് അബുദാബി പ്രഖ്യാപനം.

രാഷ്ട്രീയപ്രവർത്തനത്തെയും രാഷ്ട്രീയക്കാരെയുംപറ്റിയും രാഷ്ട്രത്തലവന്മാരുടെ ഉന്നതമായ ഉത്തരവാദിത്വങ്ങളെയും ദൗത്യത്തെയും കുറിച്ചും ഇത്ര വിശദമായി ചർച്ച ചെയ്യുമ്പോഴും നിലവിലുള്ള ഏതെങ്കിലുമൊരു ഭരണരീതിയുടെ മികവിനെയോ ദൗർബല്യങ്ങളെയോ കുറിച്ചു മാർപാപ്പാ കാര്യമായൊന്നും പറയുന്നില്ല. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രത്തലവന്മാരാണ് അദ്ദേഹത്തിന്റെ ചർച്ചാവിഷയം. വ്യക്തിപരമായ അധികാരം പ്രസക്തമല്ല എന്നു പറയുന്നതുകൊണ്ട് ഏകാധിപത്യത്തെ പരിഗണിക്കുന്നതേയില്ല എന്നും കരുതാം. ഇടതുപക്ഷ പ്രത്യയശാസ്ത്രങ്ങൾ ദാരിദ്ര്യവും അസമത്വവും തുടച്ചുനീക്കുന്നതിൽ പരാജയപ്പെട്ടുപോയി എന്ന സൂചനയും ചാക്രികലേഖനം ഉള്ളടക്കുന്നുണ്ട്. ജനാധിപത്യഭരണത്തിനല്ലാതെ മറ്റൊന്നിനും ഇനി പ്രസക്തിയില്ല എന്നാണ് പാപ്പായുടെ നിലപാട്.

ഏതെങ്കിലും ഒരു രാഷ്ട്രത്തെയോ രാഷ്ട്രത്തലവനെയോ ഫ്രാൻസിസ് പാപ്പാ പേരെടുത്തു പറയുന്നില്ല. ആശയങ്ങളുടെ അവ

തരണത്തിനു സാമാന്യവത്ക്കരിക്കപ്പെട്ട രാഷ്ട്രീയ പശ്ചാത്തലമാണ ദ്ദേഹം ഉപയോഗപ്പെടുത്തുന്നത്. എങ്കിലും ബലപ്രയോഗത്തിലൂടെയല്ല കൂടിയാലോചനകളിലൂടെയും ഒത്തുതീർപ്പികളിലൂടെയുമാണ് പ്രശ്ന പരിഹാരം കണ്ടെത്തേണ്ടത് എന്നു നിർദ്ദേശിക്കുമ്പോൾ അദ്ദേഹ ത്തിന്റെ മനസ്സിൽ അഫ്ഗാനിസ്ഥാനിലും ഇറാക്കിലും പലസ്തീനാ യിലുമൊക്കെ വൻശക്തികൾ നടത്തിയ സൈനിക ഇടപെടലുകൾ തെളിയുന്നുണ്ടെന്നു കരുതാം. വ്യക്തികേന്ദ്രിതമായ അധികാരത്തിനും രാഷ്ട്രീയത്തിനും പ്രസക്തിയില്ല എന്നു നിരീക്ഷിക്കുമ്പോൾ പൂർവ യൂറോപ്പിലെ കമ്മ്യൂണിസ്റ്റു ഭരണകൂടങ്ങളുടെ തകർച്ചയും സൂചിതമാ കുന്നുണ്ട്. വിശ്വസാഹോദര്യത്തിനു ഭീഷണി ഉയർത്തുന്ന എല്ലാ ജന വിരുദ്ധ ഘടകങ്ങളെയും ഒഴിവാക്കിക്കൊണ്ടു ശാന്തിയിലേക്കും സമാ ധാനത്തിലേക്കും വികസിക്കുന്ന ഒരു ലോകക്രമത്തെയാണദ്ദേഹം സ്വപ്നം കാണുന്നത്. മാനവരാശിയുടെ നന്മയ്ക്കുവേണ്ടി തുടിക്കുന്ന ഒരു പിതൃഹൃദയത്തിന്റെ സാന്നിധ്യം ചാക്രികലേഖനത്തിലെ രാഷ്ട്രീ യദർശനത്തിൽ നിറഞ്ഞു നില്ക്കുന്നു.

രാഷ്ട്രീയത്തെ, അധികാരത്തിലേക്കുള്ള വഴിയും ജനങ്ങളുടെ മേൽ സ്വാധീനം ഉറപ്പിക്കാനുള്ള ഉപാധിയും എന്ന പതിവു രീതിയി ലല്ല പാപ്പാ കാണുന്നത്. രാഷ്ട്രത്തലവന്മാരെ അധികാരക്കസേരക ളിലെ വിഗ്രഹങ്ങളായി കാണാനും അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. മറിച്ച്, രാഷ്ട്രീയം മനുഷ്യനന്മയ്ക്കുവേണ്ടി അർപ്പണബോധത്തോടും ആത്മാർത്ഥതയോടും അത്യുത്സാഹത്തോടും കൂടി പ്രവർത്തിക്കാൻ ജനനായകർക്കു ലഭിക്കുന്ന മഹത്തായ ഉപകരണമാണെന്നു പാപ്പാ കരുതുന്നു. ജനങ്ങൾക്കിടയിൽ ഐക്യവും ലോകത്താകെ സമാധാ നവും സ്ഥാപിച്ചുകൊണ്ട് വിശ്വസാഹോദര്യത്തെ സാക്ഷാത്ക്കരിക്കാൻ രാഷ്ട്രനേതാക്കൾക്കേ കഴിയൂ.

ഇന്ത്യയുടെ ചാണക്യനും ഗ്രീസിന്റെ പ്ലേറ്റോയും ഇറ്റലിയുടെ മാക്യവെല്ലിയും അവതരിപ്പിച്ച രാഷ്ട്രീയ ദർശനങ്ങൾ കാലഹരണ പ്പെട്ടുകഴിഞ്ഞു. അതിനുപകരം വിശ്വസാഹോദര്യത്തിലധിഷ്ഠിതമാ യ, സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും സൗരഭ്യമുള്ള നവ രാഷ്ട്രീയദർശനമാണു മാർപാപ്പാ അവതരിപ്പിക്കുന്നത്. അതു വർത്ത മാന സമൂഹത്തിന്റെ മുഴുവൻ പ്രശ്നങ്ങൾക്കും ഉത്തരം നല്കാൻ പോന്നതാണ്. ഈ നവദർശനത്തിന്റെ വക്താക്കളും പ്രയോക്താക്ക

ളുമായിരിക്കണം രാഷ്ട്രനേതാക്കളെന്നാണദ്ദേഹം വ്യക്തമായി പറഞ്ഞുവയ്ക്കുന്നത്.

എത്രപേർ എന്നെ അംഗീകരിച്ചു, എത്രപേർ എനിക്ക് വോട്ടു ചെയ്തു, എത്ര പേരിൽ ഞാൻ നല്ല പ്രതിഛായ ഉണ്ടാക്കി എന്നു രാഷ്ട്രനേതാക്കൾ ആകുലപ്പെടുന്നതു കഥയില്ലായ്മയാണെന്നു സൂചിപ്പിച്ചുകൊണ്ട്, ഓരോ നേതാവും എങ്ങനെ സ്വയം വിലയിരുത്തണം എന്നു തന്റെ രാഷ്ട്രീയ വിശകലനത്തിനൊടുവിൽ പാപ്പാ വ്യക്തമാക്കുന്നുണ്ട്. അതിങ്ങനെ: "എന്റെ കർത്തവ്യത്തിൽ ഞാൻ എന്തുമാത്രം സ്നേഹം നിറച്ചു? എന്റെ ജനതയിൽ പുരോഗതി കൊണ്ടുവരാൻ ഞാൻ എന്തു ചെയ്തു? എന്റെ സമൂഹത്തിന്റെ ജീവിതത്തിൽ ഞാൻ എന്തടയാളം ശേഷിപ്പിച്ചു? ഞാൻ എന്തു യഥാർത്ഥബന്ധങ്ങൾ സൃഷ്ടിച്ചു? ഞാൻ എന്തു ക്രിയാത്മകശക്തികളെ കെട്ടഴിച്ചുവിട്ടു? ഞാൻ എന്തു മാത്രം സാമൂഹിക സമാധാനം വിതച്ചു? എന്നെ ഭരമേല്പിച്ച സ്ഥാനത്തിരുന്നു ഞാൻ എന്തു നന്മ നേടി?" (197)

വസ്തുനിഷ്ഠവും വേദനാജനകവുമായ ചോദ്യങ്ങൾ എന്നാണു പാപ്പാ ഈ സ്വയം മൂല്യനിർണയന പ്രശ്നങ്ങളെ വിശേഷിപ്പിക്കുന്നത്. 'ഇങ്ങനെയൊക്കെത്തന്നെയാണു ഞാൻ പ്രവർത്തിച്ചത്' എന്നൊരാൾക്കു ചാരിതാർത്ഥ്യം കൊള്ളാൻ കഴിഞ്ഞാൽ, അയാളാണ് ഉത്തമ രാഷ്ട്രീയ പ്രവർത്തകൻ.

പണ്ടു ഡയോജനിസ് പകൽ വെളിച്ചത്തിൽ വിളക്കു കൊളുത്തി നടന്നു നല്ല മനുഷ്യനെ കണ്ടെത്താൻ ശ്രമിച്ചതുപോലെ, ചാക്രികലേഖനത്തിൽ അവതരിപ്പിക്കുന്ന രാഷ്ട്രീയ ദർശനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നല്ല രാഷ്ട്രനേതാക്കളെ തേടുകയാണ്; അവരുടെ വഴികളിൽ വെളിച്ചം തെളിക്കുകയാണ്.

---

*മലയാളത്തിലെ പ്രമുഖ സാഹിത്യവിമർശകനും ചരിത്രകാരനും, പ്രഭാഷകനും രാഷ്ട്രീയത്തെക്കുറിച്ച് വ്യക്തമായ ധാരണകളുമുള്ള ഒരു എഴുത്തുകാരനുമാണ് ഡോ. കുര്യാസ് കുമ്പളക്കുഴി. കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗമായിരുന്നു.



# ഫ്രത്തെല്ലി തൂത്തി – സന്യാസവഴികളിൽ

ഡോ. തെരേസ്
ആലഞ്ചേരി SABS*

**ആമുഖം**

'ഫ്രത്തെല്ലി തൂത്തി' – ഈ ശീർഷകം തന്നെ സന്യാസത്തിന്റെ മുഴുവൻ അഴകും സൗന്ദര്യവും പ്രകാശിപ്പിക്കുന്നു. ചരിത്രത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ തന്നെ രൂപംകൊണ്ട സന്യാസം സാഹോദര്യം ജീവിക്കണമെന്നുള്ള ഉദ്ഘടകമായ ആഗ്രഹത്തിൽ നിന്നും പിറവിയെടുത്തതാണ്. അകലങ്ങളെ അതിലംഘിക്കുന്ന സ്നേഹത്തിന്റെ ഉദാത്തഭാവങ്ങളിലേക്കുള്ള ക്ഷണമാണ് ഈ ചാക്രികലേഖനം നൽകുന്നത്.

അതിർത്തികളില്ലാതെ ഒഴുകിയിറങ്ങുന്ന സ്നേഹകൂട്ടായ്മയാണ് സന്യാസം. മനുഷ്യസാഹോദര്യവും സാമൂഹികസൗഹൃദവും ഇവിടെ ഒന്നിക്കുന്നു. ഞാൻ എല്ലാവരുടേതുമാണ്. എല്ലാവരും എന്റേതാണ്. ഈ ഭൂമിയാകട്ടെ സകലരുടേതുമാണ് എന്ന ചിന്ത സന്യാസത്തിന്റെ അന്തസത്തയാണ്. വിശുദ്ധനായ സന്യാസി – ഫ്രാൻസിസ് അസ്സീസിയുടെ ചിന്തകളിലും വാക്കുകളിലും പ്രചോദിതനായി ഫ്രാൻസിസ് പാപ്പാ എഴുതിയ ചാക്രികലേഖനം ഫ്രത്തേലി തൂത്തി – സമർപ്പിത ജീവിതങ്ങളുടെമേൽ പെയ്തിറങ്ങിയ മഞ്ഞുതുള്ളികളാണ്.

## സാഹോദര്യത്തിന്റെ അകകാഴ്ചകൾ

അപരനെ പറിച്ചുനീക്കുന്ന, സഹോദരൻ എനിക്ക് ഭാരമാണെന്ന് ചിന്തിക്കുന്ന, സാഹോദര്യവും സൗഹൃദവും വെറും വാക്കുകളുടെ ജല്പനം മാത്രമായി ചുരുങ്ങിപോയ ഇരുണ്ടകാലത്തിലേക്കാണ് ഫ്രാൻസിസ് പാപ്പാ ഈ ചാക്രികലേഖനം സമ്മാനിക്കുന്നത്. ഇടുങ്ങിയ ചിന്തകൾ നിലനിൽക്കുന്നതിനിടയിലാണ്, അപരനെ കൂടാതെ എനിക്ക് ജീവിക്കാൻ കഴിയില്ല എന്ന വിചാരത്തിലേക്ക് നയിച്ചുകൊണ്ട കോവിഡ് – 19 സാക്രമിക ദുരന്തം രംഗപ്രവേശം ചെയ്തത്. സമർപ്പിത സഹോദരങ്ങളുടെ ശുശ്രൂഷാ മഹത്ത്വവും സൗന്ദര്യവും പ്രകാശിതമായ ഒരു കാലഘട്ടം കൂടിയാണിത്. കാരണം കൂടാതെ തന്നെ സ്നേഹിക്കാൻ മാത്രം കടപ്പെടുന്ന ജീവിതത്തെ കുറിച്ചാണ് പാപ്പാ സംസാരിക്കുന്നത്. ഇത്തരമൊരു ജീവിതത്തിലേക്കാണ് സമർപ്പിതർ വിളിക്കപ്പെട്ടിരിക്കുന്നത്. ഏതൊരു ഭൂപ്രദേശത്തും കടന്നുചെന്ന് സ്നേഹം പങ്കുവയ്ക്കാൻ പാപ്പാ ആഹ്വാനം ചെയ്യുന്നു. സന്യസ്തർ ഇത്തരം ജീവിതശൈലി സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുത്തവരാണ്.

ചരിത്രവും അതിന്റെ നാൾവഴികളും മറന്ന് അടഞ്ഞ ഹൃദയത്തോടെ ജീവിക്കുന്നവർക്കിടയിൽ നിന്നുകൊണ്ടാണ് പാരമ്പര്യങ്ങ



ളിലേക്കും ഉറവിടങ്ങളിലേക്കും മിഴിയുയർത്തി ഭാവിയിലേക്ക് നോക്കി സഞ്ചരിക്കാൻ പാപ്പാ സന്യസ്തരോട് ഈ ചാക്രികലേഖനത്തിന്റെ വരികൾക്കിടയിലൂടെ പറഞ്ഞുപോകുന്നത്. പാഴാണെന്നും ഉപയോഗമില്ലാത്തതെന്നും കരുതി ലോകം തെരുവിലേക്ക് വലിച്ചെറിയുന്ന വാർദ്ധക്യങ്ങളെയും ബാല്യങ്ങളെയും സ്വന്തം കരങ്ങൾകൊണ്ട് ശുശ്രൂഷിക്കുന്ന, ലോകത്തിന്റെ വൈരൂപ്യങ്ങൾ സ്വയം ഒപ്പിയെടുക്കുന്ന സമർപ്പിതർ സുവിശേഷത്തിൽ പരാമർശിച്ചിരിക്കുന്ന നല്ല സമരായൻ തന്നെ. ഉപേക്ഷിക്കപ്പെട്ടു വഴിയരികിൽ കിടക്കുന്ന ആൾ ഏത് ദേശത്തുള്ളവനാണെന്നോ, ഏത് ജാതിയിൽപെട്ടവനാണെന്നോ ചിന്തിക്കാതെ സ്വയം നഷ്ടപ്പെടുത്തി അവരെ ജീവനിലേക്ക് തിരികെ കൊണ്ടുവരുന്ന വിവിധസന്യാസസമൂഹങ്ങളിലെ സമർപ്പിതർ ഈ ഭൂമിയുടെ ചന്തം വീണ്ടെടുക്കാൻ ശ്രമിക്കുന്നവരാണ് എന്ന സത്യം നിലനിൽക്കുമ്പോഴും വീഴ്ചകൾ തിരുത്താൻ മാത്രമല്ല ഇതാണ് ഇതുമാത്രമാണ് സമർപ്പിതദൗത്യമെന്ന് ഓർമ്മപ്പെടുത്തുന്നുമുണ്ട് ഈ തിരുവെഴുത്തിലൂടെ.

വലിച്ചെറിയുന്നത് ഭക്ഷണവും വസ്തുക്കളുമല്ല ദുർബലരായ മനുഷ്യരെയാണ് എന്ന് പറഞ്ഞ് പരിശുദ്ധപിതാവ് വിലപിക്കുമ്പോൾ സന്യസ്തർക്ക് വെറുതെയിരിക്കാൻ ആവില്ലല്ലോ. മുറിവേറ്റവരെ ശുശ്രൂഷിക്കണമെന്നും ഇടമില്ലാതെ അലയാൻ വിധിക്കപ്പെട്ടവരെ ഹൃദയത്തിലും ഭവനത്തിലും സ്വീകരിക്കണമെന്നും ലോകത്തോട് മുഴുവൻ പറയുമ്പോൾ തെരഞ്ഞെടുക്കപ്പെട്ടവരുടെ ദൗത്യം എത്രമാത്രം ഔന്നത്യമുള്ളതാണ് എന്ന് പാപ്പാ ഈ ചാക്രികലേഖനത്തിലൂടെ വ്യക്തമാക്കുകയാണ്.

തങ്ങളുടെ ആശ്രമത്തിലെത്തിയ കള്ളനെന്ന് തോന്നിപ്പിച്ച ആളെ ക്രൂരമായി മർദ്ദിച്ച് ഇരുട്ടിലേക്ക് തള്ളിയ ആശ്രമവാസികൾ ഫ്രാൻസിസ് എത്തിയപ്പോൾതന്നെ തങ്ങളുടെ ധീരകൃത്യം വാചാലതയോടെ പറഞ്ഞുകേൾപ്പിച്ചു. കേട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ ഫ്രാൻസിസിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർതുള്ളി ഒഴുകിയിറങ്ങി. സഹോദരൻ കള്ളൻ എന്നു പറഞ്ഞ് ഫ്രാൻസിസ് വിലപിച്ചു. സഹോദരന്മാരാകട്ടെ തങ്ങളുടെ പാത്രങ്ങളിൽ വിളമ്പി വച്ചിരുന്ന അത്താഴവും എടുത്തുകൊണ്ട് ഇരുളിലേക്ക് മറഞ്ഞു. പിന്നെയവർ വിളിച്ച് കരയാൻ തുടങ്ങി. സഹോദരൻ കള്ളൻ, സഹോദരൻ കള്ളൻ. ഫ്രാൻസിസ് അസ്സീസി എന്ന വ്യക്തി മുഴുവനും സ്നേഹമായിരുന്നു. ഇത്തരത്തിൽ

സ്നേഹം മാത്രമായ ഒരാളെ കൂട്ടുപിടിച്ച് അദ്ദേഹത്തിന്റെ വികാരങ്ങളിലൂടെ സ്വന്തം വിചാരങ്ങളെ പ്രകാശനം ചെയ്യുമ്പോൾ ഫ്രാൻസിസ് പാപ്പാ സകല സന്യസ്തരോടും പറയുന്നു: 'സ്നേഹമായിരിക്കുക' 'സ്നേഹിക്കുക' 'സ്നേഹിക്കുക മാത്രം ചെയ്യുക' എന്ന്. ഈ ചെതന്യം സ്വീകരിച്ച പാപ്പായ്ക്ക് എഴുതാതിരിക്കാനായില്ല 'ഫ്രത്തേലി തൂത്തി' എന്ന തിരുവെഴുത്ത്. ലോകം മുഴവനിലുമുള്ള ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന അതിനീചമായ നീക്കങ്ങൾക്കിടയിലും പ്രതികാരമില്ലാതെ, സ്നേഹിക്കാൻ മാത്രം ആവശ്യപ്പെടുന്ന പാപ്പാ ക്രിസ്തുവായി രൂപാന്തരപ്പെടുകയാണ്. സമർപ്പിതർ ആയിത്തീരേണ്ടതും ഇതു തന്നെയാണെന്ന് ചാക്രികലേഖനത്തിലൂടെ ആവർത്തിക്കപ്പെടുന്നു. മുറിവേറ്റ് വഴിയിൽ കിടക്കുന്നവർക്കരികിലൂടെ കടന്നുപോകുന്നവർ ആകാതെ അവിടെനിന്ന് പരിചരിക്കുന്നവരാകണമെന്ന് പാപ്പാ ഓർമ്മപ്പെടുത്തുന്നു.

## ശ്രവണശക്തി – മനസ്സിനുണ്ടാകട്ടെ

തിരക്കിട്ട് ഭ്രാന്തുപിടിച്ച് ഓടുന്ന നേരത്ത് അനേകായിരങ്ങൾ നമ്മുടെ ശ്രദ്ധകിട്ടാൻവേണ്ടി വിളിച്ചുകരഞ്ഞുകൊണ്ടിരിക്കുമ്പോൾ നമുക്കെങ്ങനെ കേൾക്കാതിരിക്കാനാവും. അപരന്റെ നിലവിളികൾക്ക് കാതോർക്കാൻ സമർപ്പിതർ കൂടുതൽ ജാഗ്രതയുള്ളവരാകണമെന്ന് പാപ്പാ ഓർമ്മപ്പെടുത്തുന്നത് അസ്സീസിയെ കൂട്ടുപിടിച്ചുകൊണ്ടു തന്നെയാണ്. "ഫ്രാൻസിസ് അസ്സീസി ദൈവത്തിന്റെ ശബ്ദം കേട്ടു. രോഗികളുടെ ശബ്ദം കേട്ടു. പക്ഷികളുടെയും മൃഗങ്ങളുടെയും പ്രകൃതിയുടെയും ശബ്ദം കേട്ടു." ഈ കേൾവി മനസ്സിന്റെയും ആത്മാവിന്റെയും കേൾവിയാണ്.

ഇന്നത്തെ ലോകം കേൾവി നഷ്ടപ്പെട്ട ലോകമാണ്. ചുറ്റുപാടുമുള്ളവർ എന്താണ് പറയുന്നതെന്ന് കേൾക്കാൻ സമയമില്ലാത്തവിധം ഓട്ടത്തിലാണ്. അകലങ്ങളിൽ ആയിരിക്കുന്നവരെയും അപരിചിതരെയും കേൾക്കാൻ മനസ്സ് കാണിക്കണമെന്നും ദരിദ്രരായ നമ്മുടെ ബന്ധങ്ങളെയും ആശയ വിനിമയങ്ങളെയും സ്നാനപ്പെടുത്തണമെന്നുമുള്ള ആഹ്വാനം സന്യസ്തർ പൂർണമനസ്സോടെ സ്വീകരിക്കേണ്ടതാണ്. പരിക്കേറ്റവരെയും ഏറ്റവും കൂടുതൽ മുറിപ്പെടാൻ സാധ്യതയുള്ളവരെയുമാണ് നാം കൂടുതൽ ശ്രദ്ധിക്കേണ്ടത്. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചുകൊണ്ട്, അധികാരമോഹങ്ങൾ ഉപേക്ഷിച്ചുകൊണ്ട്

ചെറിയവരിലേക്ക് ഇറങ്ങിത്തിരിക്കണമെന്ന വലിയ മുക്കുവന്റെ ആഹ്വാനം സന്യസ്തരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നു.

നിന്ദിക്കപ്പെടുന്ന അവസ്ഥയിലും പ്രതികാരത്തിന് തുനിയാതിരിക്കുമ്പോൾ ദൗർബല്യമല്ല കരുത്താണ് പ്രകാശിപ്പിക്കുന്നതെന്ന് മനസ്സിലാക്കണം. നമ്മൾ ചെയ്യുന്ന സത്പ്രവർത്തികൾക്കുമീതെ നന്ദിയുടെ ഒരു വാക്കുപോലും കേൾക്കപ്പെടാതെ നിന്ദനങ്ങളും പരിഹാസങ്ങളും ഏല്ക്കേണ്ടിവരുമ്പോൾ ഉള്ളിലെ പ്രസാദം നഷ്ടപ്പെടുത്താതിരിക്കാൻ ഈ പുസ്തകം സന്യസ്തരെ പ്രചോദിപ്പിക്കുന്നു. "സഹോദരനെയും സഹോദരിയെയും കുറിച്ച് ഞാൻ മനസ്സിൽ കരുതിയിട്ടുള്ള നിർദ്ദയമായ വിലയിരുത്തലുകളും ഒരിക്കലും ഉണങ്ങാത്ത മുറിവും ഒരിക്കലും പൊറുക്കപ്പെടാത്ത കുറ്റവും എന്നെ വേദനിപ്പിക്കുക മാത്രം ചെയ്യുന്ന വിദ്വേഷവുമെല്ലാം ഞാൻ എന്റെ ഉള്ളിൽ പേറുന്ന പ്രതിസന്ധികളാണ്." സന്യാസസമൂഹജീവിതത്തിന്റെ സൗന്ദര്യം വീണ്ടെടുക്കാനുള്ള ജ്ഞാനസൂക്തങ്ങളാണിത്.

യാഥാർത്ഥ്യങ്ങളിൽ നിന്ന് ഓടിയൊളിച്ച് താന്താങ്ങളുടെ ചെറിയ ലോകത്ത് ജീവിക്കുന്നവർ അക്രമാസക്തരായി പ്രതികരിക്കുന്ന രീതി ഏറിവരുന്ന ഈ കാലത്തെക്കുറിച്ച് പാപ്പായുടെ വാക്കുകൾ ശ്രദ്ധേയം. "സ്വാർത്ഥതാപൂർണമായ നിസ്സംഗതയ്ക്കും അക്രമാസക്തമായ എതിർപ്പിനുമിടയിൽ എപ്പോഴും സാധ്യമായ ഒരു തെരഞ്ഞെടുപ്പാണ് സംവാദം. തലമുറകൾ തമ്മിലും ജനത്തോടുമുള്ള സംവാദം ആവശ്യമാണ്." അപരനെ അംഗീകരിക്കുക എന്നത് ഒരു കലയാണ്. ഈ കല അഭ്യസിക്കാത്തപക്ഷം അവരെ നാം നിസ്സാരരും, അപ്രസക്തരും, സമൂഹത്തിന് വേണ്ടാത്തവരുമായി ചിത്രീകരിക്കും. അതുവഴി ഒരുവൻ തന്റെ ഹൃദയത്തിൽ നിന്ന് ദൈവത്തെ പടിയിറക്കുന്നു എന്നതാണ് ദാരുണമായ സത്യം.

## വിവേകജന്യമായ ഡിജിറ്റൽ വിനിമയം

ഇത് ഡിജിറ്റൽ യുഗമാണ്. ഡിജിറ്റൽ കമ്മ്യൂണിക്കേഷനിലൂടെ നാം മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുകയും അവർക്കെതിരെ അപവാദങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ നാം തെരഞ്ഞെടുക്കേണ്ടത് വിവേകവും ജ്ഞാനവും സംഗമിച്ചുകൊണ്ടുള്ള ഡിജിറ്റൽ വർത്തമാനങ്ങളാണ് എന്ന് പാപ്പാ ഈ ലേഖനത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു. സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ സുവിശേഷ പ്രഘോഷ

ണത്തിനുവേണ്ടി ഉപയോഗിക്കേണ്ടതാണ്. എന്നാൽ സമീപകാലത്ത് സന്യസ്തർപോലും മാധ്യമങ്ങൾ പക്വതയില്ലാതെ ഉപയോഗിച്ചിട്ടുണ്ട്. സ്വാർത്ഥമതികൾ, അപരനെ തന്റെ ഉയർച്ചയ്ക്ക് തടസ്സമാണെന്ന് ചിന്തിക്കുന്നവർ – ഇക്കൂട്ടർ രൂക്ഷമായ പദപ്രയോഗങ്ങളിലൂടെ മറ്റുള്ളവരെ മുറിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ചിലപ്പോഴെല്ലാം ആരോഗ്യകരമല്ലാത്ത മത്സരങ്ങൾക്കും, അപവാദപ്രചരണങ്ങൾക്കുംവേണ്ടി ഡിജിറ്റൽ സംവിധാനങ്ങളെ ഉപയോഗിച്ചിട്ടുമുണ്ട്. സന്യസ്തർ ഇത് ആത്മശോധനയ്ക്ക് വിഷയമാക്കണമെന്ന് ചാക്രികലേഖനം ഓർമ്മപ്പെടുത്തുന്നു.

മൂർച്ചയേറിയ ഈണങ്ങൾകൊണ്ട് കൈമാറുന്ന ഡിജിറ്റൽ ആശയസംപ്രേഷണം ശ്രദ്ധ ആകർഷിക്കുമെങ്കിലും ഗുണപരമായിരിക്കുകയില്ല. മാധ്യമങ്ങളിലൂടെയുള്ള ശബ്ദമുഖരിതമായ സംഭാഷണങ്ങൾ സ്നേഹരാഹിത്യത്തിലേക്കും തെറ്റിദ്ധാരണയിലേക്കും നയിക്കും എന്ന് പറയുമ്പോൾ എത്രമാത്രം വിവേകത്തോടും സൂക്ഷത്തോടും കൂടി ഡിജിറ്റൽ നെറ്റ്‌വർക്കുകളെ സമീപിക്കണം എന്നുള്ള താക്കീതാണ് ലഭിക്കുന്നത്. എല്ലാവരെയും ആദരപൂർവം ശ്രവിക്കുകയും അംഗീകരിക്കുകയും സ്വന്തം അഭിപ്രായങ്ങളും ആശയങ്ങളും അടിച്ചേല്പിക്കാത്ത സംസ്കാരസമ്പന്നമായ 'സംവാദങ്ങൾക്ക്' സന്യാസസമൂഹങ്ങൾ മുന്നോട്ടുവരികയും ചെയ്യുന്നിടത്താണ് വളർച്ചയും പുരോഗതിയും സൗഹൃദവും സാഹോദര്യവുമെല്ലാം കുടികൊള്ളുന്നത്. ഭിന്നാഭിരുചികളും ശീലങ്ങളും ബൗദ്ധിക മാനസിക വൈവിധ്യങ്ങളും ഉള്ളവർ ക്രിസ്തുവിന്റെ നാമത്തിൽ ഒന്നിക്കുമ്പോൾ അപരനിലെ ശരികളെ അംഗീകരിക്കാനും ആദരിക്കാനും ഇടയാകണം. ഇങ്ങനെ മാനസിക പക്വതയിലേക്കും ബൗദ്ധിക ജ്ഞാനതലങ്ങളിലേക്കും വളരുകയാണെന്ന് തിരിച്ചറിയാൻ ഈ ചാക്രികലേഖനം നമ്മെ സഹായിക്കുന്നു.

"സഹജീവികൾക്ക് പറയാനും ചെയ്യാനുമുള്ള കാര്യങ്ങളെ ഒരിക്കലും അവഗണിക്കരുത്. പകരം അവരെയും ഉൾക്കൊണ്ടുകൊണ്ട് അവരുടെ വാക്കിനും പ്രവർത്തിക്കും വിലകല്പിച്ചുകൊണ്ട് മുന്നോട്ടുപോകണം." സമൂഹജീവിതത്തിൽ അനുവർത്തിക്കേണ്ട ഒരു ശീലമാണ് പാപ്പാ ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. 'ഓരോരുത്തരും മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണമെന്ന' വിശുദ്ധ പൗലോസിന്റെ ഉപദേശവും ഇവിടെ ചേർത്ത് വായിക്കാവുന്നതാണ്.

നമ്മുടെ ദിനചര്യകളും കണക്കുകൂട്ടലുകളും മുൻഗണനകളും ശീലങ്ങളും എന്തിനേറെ ചുറ്റിലും നാം കെട്ടിവച്ച മതിലുകളും അതിനുള്ളിലിരുന്ന് പടുത്തുയർത്തിയ സ്വപ്നങ്ങളും ഉപരിപ്ലവവും മിഥ്യയുമായിരുന്നെന്ന് ഈ ചാക്രികലേഖനം വായിക്കുമ്പോൾ നമ്മുടെ മനസ്സ് മന്ത്രിക്കും. പാപ്പായുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ "നമ്മുടെ അഹംബോധത്തെ തന്ത്രപൂർവം പൊതിയാനുപയോഗിച്ച സ്റ്റീരിയോടൈപ്പുകൾകൊണ്ടുള്ള മാറാപ്പുകൾ വീണുപോയി. ഒരിക്കൽകൂടി നാം സഹോദരീസഹോദരന്മാരാണെന്ന ഒഴിവാക്കാനാവാത്ത അവബോധത്തെ നമ്മിലുണർത്തി." സന്യാസസമൂഹങ്ങളിൽ അങ്ങിങ്ങായി സംഭവിച്ചിട്ടുള്ള നിസംഗതയുടെയും സ്വാർത്ഥതാല്പര്യങ്ങളുടെയും അധികാരമോഹങ്ങളുടെയും അഹം പ്രതിഷ്ഠയുടെയും മേൽ വീണ തീപൊരികളാണീ വാക്കുകൾ.

**ഉപസംഹാരം**

'ഫ്രത്തെല്ലി തൂത്തി' എന്ന ചാക്രികലേഖനം ജീവിതത്തിന്റെ ഓരോ തുറവിലുമുള്ളവർ അവരുടെ പശ്ചാത്തലത്തിൽ നിന്ന് വായിക്കുമ്പോൾ അവരോടുതന്നെ പറയുന്നതായി തോന്നും. ഒരു സന്യാസിയുടെ മനസിലൂടെ വായിക്കുമ്പോൾ തിരുത്തലുകളും ഉപദേശങ്ങളും നിർദ്ദേശങ്ങളും മടക്കയാത്രയ്ക്കുള്ള ആഹ്വാനങ്ങളും പുത്തൻകാഴ്ചകളിലേക്കുള്ള വഴികളും തുറന്നുകാട്ടുന്നു. ഈ പുസ്തകത്തിലെ ഓരോ വാക്കും ധ്യാനിക്കാനും ജീവിക്കാനും ഉള്ളതാണ്. സാഹോദര്യത്തിന്റെ ലാവണ്യമുള്ള അകക്കാഴ്ചകൾ തുറന്നുവച്ചുകൊണ്ട് ആരംഭിക്കുന്ന ലേഖനം-ദുർബലരായ ആളുകളിൽ നിന്നും ഉയരുന്ന ഏറ്റം ചെറിയ ശബ്ദംപോലും കേൾക്കണമെന്നും അങ്ങനെ 'പറയാനേറെയുണ്ടേ.....കേൾക്കാനാരുമില്ലേ....' എന്ന വിലാപത്തിന് ശമനം വരുത്താൻ കഴിയണമെന്നും പാപ്പാ വളരെ ശക്തമായി പ്രഖ്യാപിക്കുന്നുണ്ട്. സംസ്കാരസമ്പന്നമായ സംവാദങ്ങളിലൂടെ തെറ്റിദ്ധാരണകൾ നീക്കി ബന്ധങ്ങൾ ഊഷ്മളമാക്കാനുള്ള ആഹ്വാനവും സന്യസ്തർ ഏറെ ശ്രദ്ധയോടെ സ്വീകരിക്കേണ്ട ഉപദേശംതന്നെ. വിവേകവും അറിവുമുള്ളവരായി കാലത്തോട് സംവദിക്കാൻ ഡിജിറ്റൽ മാധ്യമങ്ങളെ ജാഗ്രതയോടെ ഉപയോഗിക്കണമെന്ന നിർദ്ദേശവും ഇതിലുണ്ട്. വഴിയരികിൽ വീണുകിടക്കുന്ന മുറിഞ്ഞ ശബ്ദങ്ങൾ കേൾക്കാൻ... പരിക്കേറ്റ മനുഷ്യരെ കാണാൻ...നേരിന്റെ വർത്തമാനങ്ങൾ പറയാൻ ഈ ചാക്രികലേഖനം പ്രചോദനം നല്കുന്നു.

*ഡോ. സി. തെരേസ് ആലഞ്ചേരി SABS. കുഞ്ഞുണ്ണിക്കവിത കളിലെ സാമൂഹിക മനശ്ശാസ്ത്രം എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റു നേടി. ഇപ്പോൾ എറണാകുളം സെന്റ്. ആൽബർട്ട് സ്കോളേജിലെ മലയാള വിഭാഗം അധ്യാപി കയാണ്.



# മാനവ സാഹോദര്യവും മതസൗഹാർദ്ദവും

## "ഫ്രത്തെല്ലി തൂത്തി"യിലെ മതസൗഹാർദ്ദ ചിന്തകൾ

**റവ. ഡോ. സക്കറിയാസ് പറനിലം***

യുഗപരിവർത്തനശേഷിയുള്ളതാണ് ഫ്രാൻസീസ് മാർപാപ്പായുടെ ചാക്രിക ലേഖനമായ "ഫ്രത്തെല്ലി തൂത്തി" (എല്ലാവരും സഹോദരർ)[1]. പരിസ്ഥിതി പ്രാധാന്യമുള്ള "ലൗദാത്തോ സി" (അങ്ങേയ്ക്ക് സ്തുതി)[2] യുടെ തുടർച്ചയാണിത്. ചരിത്രമായി മാറിയ "മാനവ സാഹോദര്യം" (Human Fraternity for World Peace and Living Together)[3] എന്ന മതാന്തര രേഖ "ഫ്രത്തെല്ലി തൂത്തി"യ്ക്ക് വഴി തെളിച്ചു; ഈജിപ്തിലെ ഗ്രാന്റ് ഇമാമും ഫ്രാൻസീസ് മാർപ്പാപ്പയും അബുദാബിയിൽ വച്ചാണ് ഈ രേഖ സംയുക്തമായി 2019 ൽ പ്രസിദ്ധീകരിച്ചത്. മതാന്തര രേഖയും ചാക്രിക ലേഖനവും ഫ്രാൻസീസ് മാർപ്പാപ്പയുടെയും കത്തോലിക്കാസഭയുടെയും മതാന്തര നിലപാട് വ്യക്തമാക്കുന്നു.

ചാക്രിക ലേഖനത്തിന്റെ 8-ാം അധ്യായം ഇങ്ങനെയാണ്: "മതം വിശ്വസാഹോദര്യത്തിന്" (Religion at the service of Fraternity in our world). ചാക്രികലേഖനത്തിന്റെയും മതാന്തരരേഖയുടേയും അടിസ്ഥാനത്തിലുള്ള ഒരു പഠനമാണ് ലേഖനം.

## 1 മതങ്ങൾ മനുഷ്യനുവേണ്ടി

ക്രിസ്തുമതത്തെയും ഇതര മതങ്ങളെയും ഒന്നിച്ചു കണ്ടു കൊണ്ട് എഡ്വേർഡ് സ്കില്ലെബെക്സ് പറയുന്നു, "ചരിത്രത്തിലെ ദൈവത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനുഷ്യർ നേരിട്ട് ബോധവാന്മാരും ബോധവതികളുമാകുന്ന ഇടങ്ങളാണ് മതങ്ങൾ" ("... The religions are the places where men and women become explicitly aware of God's saving actions in history").[4] ക്രിസ്തുമതത്തിന്റെ തനിമയെക്കുറിച്ച് ചാക്രികലേഖനം പ്രത്യേകം പരാമർശിക്കുന്നുണ്ട് (നമ്പർ 277-279). എന്നാൽ ഇതര മതങ്ങളെയും സഭയെയും ചാക്രികലേഖനം പലപ്പോഴും ഒന്നിച്ച് മതമായി കാണുന്നു.

മതം എന്താണെന്നും എന്തല്ലെന്നും ചാക്രികലേഖനം മാനവികവും ഭാവാത്മകവുമായി ചർച്ച ചെയ്യുന്നുണ്ട്. ജീവന്റെ വിശുദ്ധിയും, ഇതരരുടെ മഹത്വവും സ്വാതന്ത്ര്യവും ആദരിക്കുന്നതിലും എല്ലാവരുടെയും ക്ഷേമത്തിനായി പ്രതിജ്ഞാബദ്ധരാകുന്നതിലുമാണ്



ആത്മാർത്ഥമായ ദൈവാരാധന; വിവേചനം, വിദ്വേഷം, അക്രമം തുടങ്ങിയവയിലല്ല (നമ്പർ 283). മനുഷ്യരെ സ്നേഹിക്കാത്തവൻ ദൈവത്തെ സ്നേഹിക്കുന്നില്ല (1 യോഹ. 4:8). ഭീകരതയും അക്രമവും മതത്തിന്റെ പേരിലാകുമ്പോൾ കൂടുതലായും അപലപനീയം.

മതം മനുഷ്യർക്കുവേണ്ടിയാണ്. അവരെയെല്ലാം ദൈവത്തിന്റെ സൃഷ്ടികളായി അത് തിരിച്ചറിയുന്നു. സമൂഹത്തിൽ സാഹോദര്യം സൃഷ്ടിക്കാനും നീതി സംരക്ഷിക്കാനും സാരമായ സംഭാവന നല്കാൻ മതത്തിനു കഴിയും (നമ്പർ 271).

യുക്തി മാത്രമാണെങ്കിൽ സാഹോദര്യബോധം ഉണ്ടാകണ മെന്നില്ല. ഈശ്വര വിശ്വാസവും മനുഷ്യന്റെ അതിഭൗതികമാനവും മതം പ്രകാശിപ്പിക്കുന്നു. പ്രകൃത്യാ തന്നെ സ്വാതന്ത്ര്യവും അവകാശ ങ്ങളുമുള്ള വ്യക്തികളായി സ്ത്രീപുരുഷന്മാരെ കാണുന്ന മതം പരസ്പരബന്ധത്തിൽ ആദരവും സ്നേഹവും നീതിയും അനുപേക്ഷണീയമാക്കുന്നു. മനുഷ്യരെല്ലാം സഹതീർത്ഥാടകരായ സഹോദരങ്ങൾ. ഇന്നത്തെ ദുരന്തങ്ങളുടെ അവഗണിക്കാനാകാത്ത ഒരു കാരണമായി ചാക്രികലേഖനം കാണുന്നത് മത മൂല്യങ്ങളിൽ നിന്നുള്ള അകൽച്ചയും, തൽഫലമായുള്ള മനസ്സാക്ഷിയുടെ മരവിപ്പുമാണ് (desensitised human conscience). നൂറ്റാണ്ടുകളുടെ അനുഭവത്തിന്റെയും വിജ്ഞാനത്തിന്റെയും കലവറകളാണ് മതപാരമ്പര്യങ്ങൾ. മതാന്തര പശ്ചാത്തലത്തിൽ ക്രിസ്തുമതം എന്തായിരിക്കണമെന്ന മാർപ്പാപ്പയുടെ സ്വപ്നം ഇങ്ങിനെ ഇതൾ വിടർ ത്തുന്നു: യേശു മുൻഗണനന കൊടുത്ത പാവപ്പെട്ടവർക്കു വേണ്ടിയും യേശുവിന് ജീവിതസാക്ഷ്യം നല്കുന്നതിനു വേണ്ടിയുമാണ് സഭ പ്രവർത്തിക്കേണ്ടത്. വാതിലുകൾ തുറന്ന് സൂക്ഷിക്കുന്ന ഭവനമാകണം സഭ. ഒരു സേവന സമൂഹമായി, ഇതരരുടെ കൂടെ സഞ്ചരിച്ച് ഐക്യ ത്തിന്റെ അടയാളമായി.... പാലം പണിയാൻ, മതിലുകൾ അനാവശ്യ മാക്കാൻ, അനുരഞ്ജനത്തിന്റെ വിത്ത് പാകാൻ ക്രൈസ്തവ സഭ പൊതു ജീവിതത്തിൽ ഇടപെടണം.

## 2. ഡയലോഗിന്റെ സംസ്കാരം

മതനേതാക്കൾ വിളിക്കപ്പെട്ടിരിക്കുന്നത് യഥാർത്ഥ ഡയലോഗ് വ്യക്തികളാകാനാണ് (people of dialogue). അവർ കേവലം ഇടനി ലക്കാരല്ല (Intermediaries) മറിച്ച് അനുരഞ്ജകരാണ് (Mediators). സമാധാനമാണ് മുഖ്യനേട്ടമെന്ന് അറിഞ്ഞുകൊണ്ട്, മറ്റു സകല തും ത്യജിച്ച്, അതിന്റെ ശില്പികളാകുന്നവരാണ് അനുരഞ്ജകർ; എന്തു വിലകൊടുത്തും വിദ്വേഷാഗ്നി കെടുത്തി സമാധാനപാത തുറക്കു ന്നവർ.

മതാന്തര സംഭാഷണത്തെ കേവലം നയതന്ത്രമായി കണ്ടുകൂടാ. ഭാരതീയ മെത്രാന്മാരുടെ വാക്കുകൾ കടമെടുത്തുകൊണ്ട് "സത്യ ത്തിന്റെയും സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ സൗഹൃദവും സമാ ധാനവും സഹകരണവും സ്ഥാപിക്കാനും ആത്മീയവും ധാർമ്മിക വുമായ മൂല്യങ്ങളും അനുഭവങ്ങളും പരസ്പരം പങ്കുവയ്ക്കാനുമാണ്

മതസംഭാഷണം" (CBCI, 2016) എന്ന് ചാക്രികലേഖനം പറയുന്നു. ദരിദ്രരെ സംരക്ഷിക്കുവാനും പൊതുക്ഷേമം ഉറപ്പാക്കാനുമുള്ള സഹകരണത്തിനും സൗഹൃദത്തിനുമായി മതങ്ങൾ പരസ്പരം അവസരം സൃഷ്ടിക്കണം. "മനുഷ്യർ അധികവും മതവിശ്വാസികളാണ്. ഈ വസ്തുത പ്രകൃതിയെ പരിപാലിക്കുന്നതിനും ദരിദ്രരെ സംരക്ഷിക്കുന്നതിനും ആദരവിന്റെയും സാഹോദര്യത്തിന്റെയും ശൃംഖലകൾ നിർമ്മിക്കുന്നതിനുമായുള്ള പരസ്പര സംഭാഷണത്തിനും സഹകരണത്തിനും മതങ്ങളെ നിർബന്ധിക്കുന്നു"[5] എന്നാണ് പാപ്പായുടെ നിലപാട്.

സംഭാഷണത്തിനുവേണ്ടി മതങ്ങൾ തനിമ മറച്ചുവയ്ക്കേണ്ടതില്ല. മതതനിമ യഥാർത്ഥ സത്തയിൽ നിന്നുള്ളതെങ്കിൽ, മൗലികവാദപരമല്ലെങ്കിൽ, പങ്കാളികൾക്ക് ധന്യത പകരും. മതാന്തരബന്ധത്തിൽ സംഭാഷണ സംസ്കാരത്തെ പാതയായും സഹകരണത്തെ പ്രവർത്തനനിയമമായും പരസ്പരധാരണയെ രീതിശാസ്ത്ര (method)വും പതാകയുമായും സ്വീകരിക്കണമെന്ന് ചാക്രികലേഖനം പ്രഖ്യാപിക്കുന്നു (നമ്പർ 285).

ആദ്ധ്യാത്മികവും മാനവികവും സാമൂഹികവുമായ മൂല്യങ്ങളുടെ വിശാലമായ ഇടങ്ങളിൽ സംഗമിക്കുകയും അവിടെ നിന്ന് മതങ്ങൾ ലക്ഷ്യം വയ്ക്കുന്ന സർവ്വോന്നതമായ ധാർമിക നന്മകൾ പ്രസരിപ്പിക്കുകയും ചെയ്യുന്നതാണ് മതാന്തര സംഭാഷണം എന്ന് മുൻ പറഞ്ഞ മതാന്തര രേഖ വ്യക്തമാക്കിയിട്ടുണ്ട്. മതാന്തര സംഭാഷണം കത്തോലിക്കാസഭ ഇപ്രകാരം നിർവ്വചിച്ചിട്ടുള്ളതാണ്: "സത്യത്തോടുള്ള പ്രതിബദ്ധതയിലും സ്വാതന്ത്ര്യ ത്തോടുള്ള ആദരവിലും ഇതര മതവിഭാഗങ്ങളിൽപെട്ട വ്യക്തികളും സമൂഹങ്ങളുമായി പരസ്പരം മനസ്സിലാക്കുന്നതിനും ധന്യരാകുന്നതിനും വേണ്ടി നടത്തുന്ന ഭാവാത്മാകവും സർഗ്ഗാത്മകവുമായ സംഗമം"[6].

## 3. ബഹുസ്വരതയുടെ മഹത്ത്വം

ബഹുസ്വരത നന്മയോ തിന്മയോ? ദൈവം മതബഹുസ്വരതയെ എങ്ങനെ കാണുന്നു? വിവിധ മതങ്ങൾ സഹകരിച്ചാൽ മാനവ സമൂഹത്തിന് വിലപ്പെട്ട സംഭാവന നൽകാൻ കഴിയും. അലൻ റെയ്സ് പറയുന്നു, "If they (religions) are to contribute differently towards a brighter future, they must learn to cooperate. That.... will entail .... revised attitudes towards other religions, .... also change in the self un-

derstanding of one's own. We survive or sink together"[7]. മതങ്ങളുടെ സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിന് വൈവിധ്യസാധ്യത അംഗീകരിക്കേണ്ടതുണ്ടെന്ന് പാപ്പാ പറയുന്നു ("accept our differences"[8]).

മതങ്ങളുടെ ബഹുത്വത്തെക്കുറിച്ചും വൈവിധ്യത്തെക്കുറിച്ചും മുൻസൂചിപ്പിച്ച രേഖയിൽ ഫ്രാൻസീസ് പാപ്പായും ഗ്രാന്റ് ഇമാമും പറഞ്ഞിരിക്കുന്നത് ഇതരമത ദൈവശാസ്ത്രത്തെ ഭാവിയിൽ ഗുണകരമായി വളർത്തും. "മതങ്ങളുടെ ബഹുത്വവും വൈവിധ്യവും ദൈവം തന്നെ ആഗ്രഹിച്ചതാണ്" (The pluralism and the diversity of religions ... are willed by God in his wisdom through which he created human beings)[9]. ഈ ദൈവികജ്ഞാനം മതസ്വാതന്ത്ര്യത്തിന്റെ സ്രോതസ്സാണ്. ഏതെങ്കിലും മതം ആരുടെയെങ്കിലും മേൽ അടിച്ചേല്പ്പിക്കുന്നത് അനീതിയും സ്നേഹരാഹിത്യവുമാകും.

മതപരിവർത്തനത്തെയും ഇതരമതങ്ങളുമായുള്ള ബന്ധത്തെയും കുറിച്ചുള്ള സ്കാൾഫാരിയുടെ ചോദ്യത്തിന് പാപ്പാ കൊടുത്ത മറുപടി (2013 ഒക്ടോബർ 18) ചാക്രികലേഖനത്തിന്റെ പശ്ചാത്തലത്തിൽ പ്രസക്തമാണ്: "സഭ ജീവന്റെയും സ്നേഹത്തിന്റെയും പുളിമാവായിരിക്കണം.... മതപരിവർത്തനം ചെയ്യിക്കുകയല്ല ലക്ഷ്യം. രണ്ടാം വത്തിക്കാൻ കൗൺസിൽ സ്വപ്നം കണ്ടതായ ആധുനിക സംസ്കാരത്തിലേക്ക് പ്രവേശിയ്ക്കുക എന്നതിന്റെ അർത്ഥം മതസൗഹാർദ്ദവും സഭൈക്യവും അവിശ്വാസികളുമായുള്ള സംഭാഷണവുമാണ്." പ്രേഷിത പ്രവർത്തനം അപ്രസക്തമാവുന്നില്ല. അതിന്റെ രീതിശാസ്ത്രവും കാഴ്ചപ്പാടുകളും ദൈവിക വെളിപാടിനും കാലത്തിനും അനുസൃതമാക്കേണ്ടതുണ്ട്. മെച്ചപ്പെട്ട സമൂഹത്തെ മെനയുന്നതിന് ആവശ്യമായ ആത്മീയ ഊർജ്ജം ഉണർത്താൻ ഇതരമതങ്ങളോട് ചേർന്ന് സഭ കർമ്മോത്സുകയാകണം. ക്രിസ്തീയ തനിമയായ "സുവിശേഷത്തിന്റെ സംഗീതം" (the music of the Gospel) അനുകമ്പയുടെ ആനന്ദവും പരസ്പരവിശ്വാസത്തിൽ നിന്ന് വിടരുന്ന സ്നേഹവും അനുരഞ്ജനത്തിനുള്ള ഊർജ്ജവും നല്കുന്നു (No. 277).

## 4. മതസ്വാതന്ത്ര്യവും മതസൗഹാർദ്ദവും

മതസ്വാതന്ത്ര്യം മതമൈത്രിയുടെ സാധ്യത പ്രഖ്യാപിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുവെന്നുള്ള പാപ്പായുടെ നിരീക്ഷണം ശ്രദ്ധേയമാണ്[10]. മതസ്വാതന്ത്ര്യം എല്ലാ മതങ്ങൾക്കും മതവിശ്വാസി

കൾക്കുമുള്ള മൗലികമായ മനുഷ്യാവകാശമാണ്. നിർബന്ധങ്ങളും ബലപ്രയോഗങ്ങളും ഇല്ലാത്തതും മനസ്സാക്ഷിക്കനുസൃതവുമായ തിരഞ്ഞെടുപ്പ് സാധ്യമാക്കുന്ന സ്ഥിതി സ്വാതന്ത്ര്യം സൃഷ്ടിക്കുന്നു.

മതസ്വാതന്ത്ര്യം മതങ്ങൾക്കു തമ്മിൽ മൈത്രിയും പരസ്പര ധാരണയും സൃഷ്ടിക്കാനും പ്രശാന്തവും സമാധാനപൂർണ്ണവുമായ സഹവർത്തിത്വത്തിനുള്ള വഴികണ്ടെത്താനും നമുക്ക് സാധിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ സാധ്യതയുടെ സാക്ഷാത്കാരത്തിനു വേണ്ടത് എന്താണ്? ബഹുസ്വരതയുടെ ഭാവാത്മകത തിരിച്ചറിയണം. വിവിധ മതങ്ങൾ പങ്കുചേരുന്ന സുപ്രധാനകാര്യങ്ങൾ ഏറെയാണെന്നുള്ള വസ്തുത വിസ്മരിക്കാതിരിക്കണം. മതവിശ്വാസികളെല്ലാം ഏകദൈവ ത്തിന്റെ മക്കളും അതിനാൽ തന്നെ സഹോദരീസഹോദരന്മാരുമാ ണന്ന ആനന്ദകരമായ സത്യം സദാ സ്മരിക്കണം. Religious freedom proclaimes that "we can build harmony... between religions... It also testfies to the fact... that since the important things we share are many, it is possible to find a means of... peaceful coexistence, accepting our differences and rejoicing that, as children of one God, we are all brothers and sisters" [11].



## 5. ഇതരമത ദൈവശാസ്ത്രം

ക്രൈസ്തവസഭയ്ക്ക് ഇതരമതങ്ങളോടുള്ള സമീപനം എന്തായിരിക്കണമെന്ന് പഠിക്കുന്ന ദൈവശാസ്ത്രശാഖയാണ് ഇതരമത ദൈവശാസ്ത്രം (Theology of Religions). ഈ വിഷയത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഗണ്യമായ മുന്നേറ്റമാണുണ്ടായത്. പുതിയ തുറവി ഗുണകരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മതവൈവിധ്യത്തെ ദൈവികപദ്ധതിയായി ഫ്രാൻസിസ് മാർപ്പാപ്പ കാണുന്നുവെന്ന കാര്യം സൂചിപ്പിക്കുകയുണ്ടായല്ലോ. ഇതരമതങ്ങൾ അവരവരുടെ ഉറവിടങ്ങളിൽ നിന്ന് ഊർജ്ജവും വെളിച്ചവും നേടും എന്നതാണ് നിലപാട്: "Others drink from other sources." മതങ്ങളെ ക്കുറിച്ച് സംയുക്തമായി പരാമർശിക്കുന്ന പലയിടത്തും ക്രിസ്തു മതത്തെ മാത്രമല്ല ഇതര മതങ്ങളെയും ഭാവാത്മകമായാണ് ചാക്രിക ലേഖനം പരിഗണിക്കുന്നത്. ഇതര മതങ്ങളെക്കുറിച്ച് സവിശേഷമായി പറയുന്നിടത്ത് അവയിൽ "ദൈവം പ്രവർത്തിക്കുന്നു" എന്ന് വ്യക്തമാ ക്കിയിരിക്കുന്നു: "The church esteems the ways in which God works in other religions" (No. 277). ഈ നിലപാട് കാൾ റാനറുടെ "Anonymous Christians"[12] (നിത്യരക്ഷയുടെ പാതയിലായിരിക്കുന്ന ഇതര മതസ്ഥരെയാണ് റാനർ "അജ്ഞാത ക്രൈസ്തവർ" എന്നു വിളിച്ചത്) എന്ന നിലപാടിനേക്കാൾ ഭാവാത്മകമാണ്. ഇതര മതങ്ങളിൽ സത്യവും വിശുദ്ധവുമായ പലതുമുണ്ടെന്നും അവരുടെ ധാർമ്മിക കല്പനകളിലും വിശ്വാസ പ്രമാണങ്ങളിലും ദൈവികവെളിച്ചം പ്രതിഫലിക്കുന്നു വെന്നും രണ്ടാംവത്തിക്കാൻ കൗൺസിൽ പറഞ്ഞിട്ടുള്ളതാണ്[13]. ഇതരമത വിശ്വാസികളിൽ വ്യക്തികളെന്ന നിലയിൽ മാത്രമല്ല മതസമൂഹങ്ങളെന്ന നിലയിൽതന്നെ ദൈവം പ്രവർത്തിക്കുന്നുവെന്ന് കത്തോലിക്കാസഭ പിന്നീടും പ്രഖ്യാപിച്ചിട്ടുണ്ട്[14]. രണ്ടാം വത്തിക്കാൻ കൗൺസിലിന്റേയും കൗൺസിലനന്തര കണ്ടെത്തലുകളുടേയും പുരോഗതി ഉറപ്പാക്കുന്നതാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ സംഭാവനകൾ.

## 6. ശാന്തിതീരത്തെ ഭീകരത

ഇതിനകം സൂചിപ്പിച്ചതുപോലെ ആത്മാർത്ഥമായ മതജീവിതം വിവേചനവും, വിദ്വേഷവും അക്രമവും അല്ല; ജീവന്റെ വിശുദ്ധിയോടും സ്വാതന്ത്ര്യത്തിന്റെ മഹത്ത്വത്തോടും ആദരവു കാട്ടുകയും എല്ലാവരുടെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ്. മതബോധ്യങ്ങളിൽ അക്രമത്തിന് സ്ഥാനമില്ല. മതങ്ങളുടെ സമാധാന ത്തിലുള്ള തീർത്ഥയാത്ര സാധ്യമാണ്. ഇത് തിരിച്ചറിയാൻ യഥാർ ത്ഥമായ ദൈവാന്വേഷണം സഹായിക്കുന്നുണ്ട്. ഈ ശാന്തി തീരത്ത് ഭീകരതയും അക്രമവും കരിനിഴൽ വീഴ്ത്തിക്കൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ചാക്രികലേഖനം അതിന്റെ കാരണങ്ങൾ കണ്ടെ ത്തുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു (നമ്പർ 281–285). വിശപ്പ്, ദാരിദ്ര്യം, അനീതി, അഭിമാനം തുടങ്ങിയവയോട്

ബന്ധപ്പെട്ട തെറ്റായ നയങ്ങൾ (നമ്പർ 283) ഭീകരതയ്ക്കും അക്രമങ്ങൾക്കും കാരണമാകാറുണ്ട്. ഭീകരപ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതും യുദ്ധോപകരണങ്ങളും സാങ്കേതിക വിദ്യകളും വിതരണം ചെയ്യുന്നതും ഭീകരതയെ മാധ്യമങ്ങളിലൂടെ നീതീകരിക്കുന്നതുമൊക്കെ അന്തർദേശീയ കുറ്റങ്ങളായി പരിഗണിക്കണം. ക്രിസ്തുമതത്തിലുൾപ്പെടെയുള്ള മൗലികവാദ പ്രവണതയെയാണ് മതസൗഹാർദ്ദത്തിനെതിരായ മുഖ്യഭീഷണിയായി ഫ്രാൻസിസ് മാർപ്പാപ്പാ ചൂണ്ടിക്കാട്ടുന്നത്[15]. മൗലികവാദം തീവ്രവാദവും, അക്രമവുമായി മാറുന്നു.

മതകാര്യങ്ങളുടെ തെറ്റായ വ്യാഖ്യാനമാണ് മതത്തിന്റെ പേരിലുള്ള തിന്മകൾക്ക് മുഖ്യകാരണം. മതത്തിന്റെ പേരിലുള്ള ഭീകരപ്രവർത്തനങ്ങൾ മതഗ്രന്ഥങ്ങളുടെ തെറ്റായ വ്യാഖ്യാനത്തിന്റെ ഫലമാണ് (Terrorism is due to "an accumulation of incorrect interpretations of religious texts" (No. 283). ഇക്കാര്യത്തിന് ഗ്രാന്റ് ഇമാമിനോട് ചേർന്ന് പ്രസിദ്ധീകരിച്ച രേഖയിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് ചാക്രിക ലേഖനം വീണ്ടും അടിവരയിടുന്നു, മനുഷ്യഹൃദയങ്ങളിലുള്ള മതവികാരങ്ങളുടെ ശക്തി ദുരുപയോഗപ്പെടുത്തിക്കൊണ്ട് മുതലെടുപ്പ് നടത്തുന്ന ചില മതഗ്രൂപ്പുകളുടെ തെറ്റായ വ്യാഖ്യാനഫലങ്ങളാണ് മതങ്ങളുടെ പേരിൽ അരങ്ങേറുന്ന യുദ്ധങ്ങളും ശത്രുതയും തീവ്രവാദവും.

യഥാർത്ഥമായ ഈശ്വരഭക്തിയുടെ ഫലമല്ല ഭീകരതയെന്ന് ചാക്രികലേഖനം വചനാധിഷ്ഠിതമായി സ്ഥാപിക്കുന്നു: "സ്നേഹിക്കാത്തയാൾ ദൈവത്തെ അറിയുന്നില്ല എന്തെന്നാൽ ദൈവം സ്നേഹമാകുന്നു" (1 യോഹ 4:8).

മതഗ്രന്ഥങ്ങളും, ആചാരാനുഷ്ഠാനങ്ങളും വ്യാഖ്യാനിക്കപ്പെടണം എന്നുള്ളതാണ് ആദ്യപടി. അവയിൽ ചിലത് അക്ഷരാർത്ഥത്തിലോ പ്രത്യക്ഷാർത്ഥത്തിലോ സ്വീകരിക്കാനുദ്ദേശിക്കപ്പെട്ടിട്ടില്ല. അങ്ങനെ സ്വീകരിക്കുന്നത് അക്രമങ്ങൾക്ക് കാരണമാകാറുണ്ട്. വ്യാഖ്യാനം (Hermeneutics) സത്യസന്ധവും ശാസ്ത്രീയവുമാകണം. അതിന് പരിഗണിക്കേണ്ട പലതുണ്ട്. പാരമ്പര്യത്തിന്റെ ആരംഭചരിത്രവും ഗ്രന്ഥത്തിന്റെ രചനാകാല പ്രത്യേകതകളുമൊക്കെ പരിഗണിക്കേണ്ടിവരും. ഇവിടെ വിശ്വാസഭാഷയും (language of faith) മറ്റു ഭാഷയും തമ്മിലുള്ള വ്യത്യാസവും കണക്കിലെടുക്കണം. ശരിയായ ആകമാന

സന്ദേശത്തിന് നിരക്കുന്ന വിധത്തിലാകണം മറ്റു ഭാഗങ്ങളുടെ വ്യാഖ്യാനം. ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധിച്ച് ശരിയെന്നു കരുതാവുന്ന സന്ദേശം കണ്ടുപിടിച്ചാലും സത്യം മറച്ചുവയ്ക്കുന്നതിനുള്ള പ്രലോഭനം പ്രതീക്ഷിക്കണം. ഇതിൽ വീഴുന്നത് അക്രമത്തിന് തിരികൊളുത്തും.

മതദർശനവും മതാന്തരസംഭാഷണവും ബഹുസ്വരതയും, ഇതരമത ദൈവ ശാസ്ത്രവും മതത്തിന്റെ പേരിലുള്ള ഭീകരത ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗങ്ങളും ചർച്ച ചെയ്യുന്ന മാർപ്പാപ്പായുടെ സംഭാവന മാനവ സാഹോദര്യവും മതസൗഹാർദ്ദവും വളർത്താതിരിക്കില്ല.

**Notes**


1. Pope Francis, Encyclical Letter, Fratelli Tutti, 03 October 2020 (FT).
2. Pope Francis, Encyclical Letter, Laudato Si, 24 May 2015 (LS).
3. Document on Human Fraternity for World Peace & Living Together, Abu Dhabi, 04 February 2019. Jointly published by Pope Francis & the Grand Imam of Al -Azhar Ahmed Al-Tayyeb (D.H.F.)
4. Edward Schillebeeckx, Church: The Human Story of God, Cross Road, New York, 1993, page 12.
5. Laudato Si, No. 201.
6. Dialogue & Proclamation (മതാന്തര സംഭാഷണവും മിഷനറി പ്രഘോഷണവും), Rome, 1991 (DP) No.9. ഇത് N.A. യോടൊപ്പം പി.ഒ.സി. ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്: "സഭയും ഇതരമതങ്ങളും സ്നേഹ സംവാദപാതയിൽ" (2004).
7. Alan Race, Christians and Religious Pluralism, second edition, 1993, S.C.M. Press, London, page vii.
8. F. T. No. 279.
9. D H F.
10. Pope Francis, Address at Bethlehem, 25th May 2014.
11. F. T. No. 279.
12. Karl Rahner in "Karl Rahner in Dialogue" Conversations and Interviews 1965 - 1982, Crossroad, N.Y., 1986, pp. 218-219.
13. Nostra Aetate (N.A.) No. 2.
14. രക്ഷകന്റെ മിഷൻ (ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ചാക്രിക ലേഖനം, 1990) നമ്പർ 55, 56.
15. സുവിശേഷത്തിന്റെ സന്തോഷം (ഫ്രാൻസിസ് മാർപ്പാപ്പായുടെ അപ്പസ്തോലിക പ്രബോധനം, 2013) നമ്പർ 250.

*കെസിബിസിയുടെ മതാന്തരസംഭാഷണ കമ്മീഷന്റെ സെക്രട്ടറിയും പിഒസിയുടെ ഡയറക്ടറും, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുമായിരുന്ന ലേഖകൻ M. G. Universityയിൽനിന്ന് History യിൽ ബിരുദാനന്തര ബിരുദവും, സഭാവിജ്ഞാനീയത്തിലും ഇതരമത ദൈവശാസ്ത്രത്തിലും ബെൽജിയത്തെ ലുവെയ്ൻ യൂണിവേഴ്സിറ്റി യിൽ നിന്ന് ഡോക്ടറേറ്റും നേടിയിട്ടുണ്ട്.



# 'ഫ്രത്തെല്ലി തൂത്തി'യുടെ സഭൈക്യ ദർശനം

റവ. ഡോ. തോമസ് കുഴിനാപ്പുറത്ത്*

നിരവധി പ്രത്യേകതകളുള്ള ഒരു സാമൂഹിക ചാക്രികലേഖന മാണ് 'ഫ്രത്തെല്ലി തൂത്തി'. 2020 ഒക്ടോബർ 3-ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഈ സാമൂഹിക പ്രബോധനം ഇറ്റലിയിലെ അസ്സീസ്സിയിൽ വച്ച് ഒപ്പ് വയ്ക്കുമ്പോൾ അത് സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാ വുകയായിരുന്നു. വത്തിക്കാനു പുറത്തുവച്ച് ഒരു ചാക്രികലേഖനത്തിൽ മാർപാപ്പാ ഒപ്പിട്ടത് 200ൽപരം വർഷങ്ങൾക്കുമുമ്പാണ്.1814-ൽ പരി ശുദ്ധ പീയൂസ് VII മാർപാപ്പാ "ഇൽത്രിയോൺഫോ' എന്ന പ്രമാണ രേഖയാണ് ഇറ്റാലിയൻ നഗരമായ ചെസേനയിൽ വച്ച് ഒപ്പു വച്ചത്. വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ വിശ്വപ്രസിദ്ധമായ വാക്കുകളാണ് "എല്ലാവരും സഹോദരർ." വിശ്വസാഹോദര്യത്തിന്റെ മഹനീയ ആചാ ര്യനായിരുന്ന വിശുദ്ധ ഫ്രാൻസിസിന്റെ കർമ്മഭൂമിയായ അസ്സീസ്സി യിൽ വച്ച് ഈ ചാക്രികലേഖനം ഒപ്പ് വയ്ക്കപ്പെട്ടത് ഏറെ അർത്ഥ പൂർണമാണ്. "ലൂമെൻ ഫിദേയി" (2013), "ലൗദാത്തോ സി" (2015) എന്നീ രണ്ട് ചാക്രികലേഖനങ്ങൾക്കുശേഷം മൂന്നാമത്തേതായാണ്

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ "ഫ്രത്തെല്ലി തൂത്തി"യിൽ ഒപ്പുവയ്ക്കുന്നത്. ഈ ചാക്രികലേഖനത്തിന്റെ സഭൈക്യദർശന (Ecumenical Vision) ത്തിലേക്ക് ഒരു അന്വേഷണം നടത്തുകയാണ് ഈ ലേഖനോദ്ദേശ്യം. ഈ ചാക്രികലേഖനത്തിന്റെ എട്ടാം അദ്ധ്യായ (271–287) ത്തിലാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ തന്റെ സഭൈക്യദർശനം അവതരിപ്പിക്കുക.

## നാം അനാഥരല്ല, ദൈവമക്കളാണ്

നാമെല്ലാവരും ദൈവമക്കളാണ് എന്ന കാഴ്ചപ്പാടോടെയാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പ എട്ടാമത്തെ അദ്ധ്യായം ആരംഭിക്കുന്നതുതന്നെ. ഭാരത മെത്രാൻ സംഘം പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രതികരണം (2016 മാർച്ച് 9) ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽത്തന്നെ ഉദ്ധരിക്കുന്നത് നമുക്ക് ഏറെ അഭിമാനം പകരുന്നതാണ്. ഈ ഉദ്ധരണി താഴെപ്പറയുന്ന പ്രകാരമാണ്: "സംവാദത്തിന്റെ ലക്ഷ്യം സൗഹൃദം, സമാധാനം, ഐക്യം ഇവ സ്ഥാപിക്കുന്നതോടൊപ്പം ആത്മീയവും ധാർമികവുമായ മൂല്യങ്ങളും അനുഭവങ്ങളും സത്യത്തിന്റെയും സ്നേഹത്തിന്റെയും അരൂപിയിൽ പങ്കിടുകയുമാണ്." തുടക്കത്തിൽ തന്നെ ഈ വാക്കുകൾ ഉദ്ധരിക്കുന്നതിലൂടെ മാർപാപ്പായുടെ സഭൈക്യദർശനം നമുക്ക് വ്യക്തമാണ്. സൗഹൃദവും സമാധാനവും ഐക്യവും സ്ഥാപിക്കുന്നതോടൊപ്പം ആത്മീയവും ധാർമികവുമായ മൂല്യങ്ങൾ സംരക്ഷിക്കപ്പെടുകയും അവ സത്യത്തിന്റെയും സ്നേഹത്തിന്റെയും അരൂപിയിൽ പങ്കിടുകയും വേണം. സഭൈക്യ ബന്ധങ്ങളുടെ ഉദ്ദേശ്യം സംവാദങ്ങൾ മാത്രമല്ല സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ മൂല്യങ്ങളുടെയും അനുഭവങ്ങളുടെയും സംവേദനം ഇവയിലൂടെ സാക്ഷാത്കൃതമാവുക തന്നെ വേണം. മാർപാപ്പാ പറയുന്നു: "നാം അനാഥരല്ല, മക്കളാണെന്ന ബോധ്യമുണ്ടെങ്കിൽ മാത്രമേ നമുക്ക് പരസ്പരം സമാധാനത്തോടെ ജീവിക്കാൻ സാധിക്കുകയുള്ളൂ." (Homily at Mass in Domus Sanctae Marthae - 17 May 2020). നാം എല്ലാവരും ദൈവമക്കളാണെങ്കിൽ നമ്മുടെ ഇടയിൽ സൗഹൃദവും സ്നേഹവും മാത്രമാണ് വളരുക. ക്രൈസ്തവ സ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മയിലാണ് സഭാമക്കളെല്ലാവരും വളരേണ്ടത് എന്ന ആഹ്വാനമാണ് ഇവിടെ കാണാൻ കഴിയുക. ക്രൈസ്തവ സഭകൾക്കും അവയുടെ വിശ്വാസികൾക്കുമിടയിൽ ഉളവാകേണ്ടത് ഈ പുത്രത്വ വികാരമാണ് എന്ന് മാർപാപ്പാ ഇവിടെ ഊന്നിപറയുന്നു.

'ഫ്രത്തെല്ലി തൂത്തി'യോടുള്ള പ്രതികരണത്തിൽ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (WCC) ജനറൽ സെക്രട്ടറിയായ റവ. പ്രൊഫ. ഡോ. യൊവാൻ സൗക്കാ, ഇപ്രകാരം അഭിപ്രായപ്പെട്ടു. "സാഹോദര്യവും സാമൂഹിക സൗഹൃദവുമാണ് സ്നേഹമാകുന്ന പുണ്യത്താൽ പ്രചോദിതരായ മനുഷ്യരുടെ ഇടയിലുള്ള സമാധാന പൂർണമായ സാമൂഹിക ബന്ധത്തിന്റെ രൂപങ്ങൾ." നല്ല സമറായക്കാരന്റെ ഉപമയുടെ വ്യാഖ്യാനത്തിലൂടെ മാർപാപ്പാ മനുഷ്യന്റെ സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു വലിയ യാഥാർത്ഥ്യത്തെ ചൂണ്ടിക്കാണിക്കുന്നു. അത് സ്നേഹമെന്ന ക്രിസ്തീയ പുണ്യമാണ്, പ്രൊഫ. സൗക്കാ വ്യക്തമാക്കി. ഇതുതന്നെയാണ് 2022-ൽ ജർമ്മനിയിലെ കാൾസ്റൂവേയിൽ നടക്കാനിരിക്കുന്ന WCC യുടെ പതിനൊന്നാം അസംബ്ലിയുടെ ആപ്തവാക്യവും "ക്രിസ്തുവിന്റെ സ്നേഹം ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കണം." ദൈവമക്കളെന്ന നിലയിൽ എല്ലാവർക്കും ക്രൈസ്തവ സ്നേഹത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും ഇപ്രകാരം ജീവിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുവാനും കടമയുണ്ടെന്ന് "ഫ്രത്തേലി തൂത്തി" ഉദ്ബോധിപ്പിക്കുന്നു. ഇതുതന്നെയാണ് എല്ലാ ക്രൈസ്തവ സമൂഹങ്ങളുടെയും അടിസ്ഥാനലക്ഷ്യമെന്നാണ് പ്രൊഫ. സൗക്കായുടെ പ്രതികരണം വ്യക്തമാക്കുന്നത്.

## സുവിശേഷത്തിന്റെ സംഗീതത്തിന് കാതോർക്കാം

ഓരോ വിശ്വാസിയുടെയും ക്രൈസ്തവ അസ്തിത്വത്തിൽ നിന്നും ഒരു ആന്തരിക സുവിശേഷനാദം ഉയരുന്നുണ്ട്. മാർപാപ്പാ പറയുന്നു: "നമ്മുടെ സത്തയിൽ പ്രതിധ്വനിക്കുന്ന സുവിശേഷത്തിന്റെ സംഗീതം അവസാനിച്ചാൽ - അനുകമ്പയിൽ നിന്ന് ഉടലെടുക്കുന്ന സന്തോഷം, വിശ്വാസത്തിൽ നിന്ന് ഉദ്ഭവിക്കുന്ന അനുകമ്പാർദ്ര സ്നേഹം, നമ്മൾ ക്ഷമിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരും ആണെന്നതിന്റെ ഉറവിടമായ അനുരഞ്ജനത്തിനുള്ള ശേഷി ഇവയെല്ലാം നഷ്ടപ്പെട്ടേക്കാം. നമ്മുടെ ഭവനങ്ങളിലും പൊതുഇടങ്ങളിലും ജോലി സ്ഥലങ്ങളിലും രാഷ്ട്രീയ സാമ്പത്തിക മേഖലകളിലും സുവിശേഷത്തിന്റെ നാദം നിലച്ചാൽ ഓരോ സ്ത്രീയുടെയും പുരുഷന്റെയും അന്തസ്സ് സംരക്ഷിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്ന ആന്തരിക ശക്തി പിന്നീടൊരിക്കലും കേൾക്കില്ല" (Ecumenical Prayer Service, Riga, Latvia, 24 September 2018). ഓരോ ക്രൈസ്തവന്റെയും ആന്തരിക ചോദനയാണ് സുവിശേഷ ചൈതന്യ

ത്തിലധിഷ്ഠിതമായ സ്നേഹം. മാർപാപ്പാ തുടരുന്നു “മറ്റുള്ളവർ വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നും പാനം ചെയ്യുമ്പോൾ നമ്മെ സംബന്ധിച്ച് മനുഷ്യാന്തസ്സിന്റെയും സാഹോദര്യത്തിന്റെയും അരുവി യേശുക്രിസ്തുവിലാണ്. ഇതിൽ നിന്നും മനസ്സിലാക്കുന്നത്, എല്ലാവർക്കുമുള്ള വിളി എന്ന നിലയിൽ ക്രൈസ്തവ ചിന്തകളിലും സഭയുടെ പ്രവർത്തനങ്ങളിലും പ്രാമുഖ്യം നല്കപ്പെട്ടിരിക്കുന്നത് പാരസ്പര്യത്തിനും അപരനെന്ന വിശുദ്ധ രഹസ്യത്തെ കണ്ടുമുട്ടുന്നതിനും മാനവകുടുംബവുമായുള്ള സാർവത്രിക കൂട്ടായ്മയ്ക്കുമാണ്.” (L'Osservatore Romano, March 27, 2019). ക്രൈസ്തവരുടെ ഹൃദയങ്ങളിൽ അന്തർലീനമായിരിക്കുന്ന സുവിശേഷ ചൈതന്യം അവരെ സാഹോദര്യത്തിലേക്കും സൗഹാർദ്ദത്തിലേക്കുമാണ് നയിക്കേണ്ടത് എന്നാണ് പരിശുദ്ധ പിതാവിന്റെ ഉദ്ബോധനത്തിന്റെ സാരം. ഈ സുവിശേഷ ചൈതന്യം ഓരോ ക്രൈസ്തവനെയും അപരനെ ഒരു വിശുദ്ധ രഹസ്യമായി നോക്കിക്കാണുവാൻ പ്രാപ്തനാക്കണം. പാരസ്പര്യത്തിലൂടെ ഈ ബന്ധത്തിൽ അനുകമ്പയും ആർദ്രതയും പ്രവഹിക്കണം. അപരനെ ഒരു “വിശുദ്ധ രഹസ്യ”മായി കാണുന്നിടത്ത്, അവനിലെ കഴിവുകൾ തിരിച്ചറിയപ്പെടും, നന്മകൾ ആദരിക്കപ്പെടും, പോരായ്മകൾ പരിഹരിക്കപ്പെടും, അനുരഞ്ജനം സാധ്യമാകും.

സഭകൾ തമ്മിലുള്ള ബന്ധത്തിലും ഈ വ്യാഖ്യാനം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവിധ സഭാസമൂഹങ്ങളുടെ വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനും, തത്ഫലമായ അനുരഞ്ജനത്തിനുമാണ് ഓരോ ക്രൈസ്തവന്റെയും ഉള്ളിൽ മുഴങ്ങുന്ന സുവിശേഷനാദം അവനെ പ്രേരിപ്പിക്കുന്നത്. ഈ സുവിശേഷ നാദത്തിന് കാതോർക്കാൻ കഴിയാത്തതാണ് പല ഭിന്നതകളുടെയും വ്യവഹാരങ്ങളുടെയും കാരണമെന്ന സത്യം മാർപാപ്പായുടെ ഉദ്ബോധനം നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷ നാദത്തിനു നേരെ കാതടയ്ക്കുന്നത് ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം തികച്ചും ആത്മഹത്യാപരമാണെന്ന വസ്തുതയും ഇവിടെ വെളിവാകുന്നു.

പരിശുദ്ധ പിതാവ് തുടരുന്നു, “ലോകമെമ്പാടും നൂറ്റാണ്ടുകളായി നിലവിലുള്ള സഭ എല്ലാ സ്ഥലങ്ങളിലും വേരുറപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നതിനാലാണ് ‘കാതോലിക’മായിരിക്കുന്നത്. അങ്ങനെ സാർവത്രിക സ്നേഹത്തിലേക്കുള്ള ക്ഷണത്തിന്റെ മനോഹാരിത അവൾക്ക് മനസ്സിലാക്കാൻ കഴിയുന്നത് അവളുടെ തന്നെ പാപത്തിന്റെയും കൃപ

യുടെയും അനുഭവത്തിൽ നിന്നാണ്." ക്രൈസ്തവ ഐക്യത്തിലേക്കുള്ള യാത്രയിൽ സഭാജീവിതത്തിലുണ്ടായ പൂർവകാല പാപങ്ങൾ തിരിച്ചറിയപ്പെടുകയും അനുരഞ്ജനത്തിലൂടെ അവ പരിഹരിക്കപ്പെടുകയും ചെയ്യണമെന്നുള്ള ആഹ്വാനം പരിശുദ്ധ പിതാവ് തന്റെ സഭാമക്കൾക്ക് നല്കുന്നത് ഏറെ പ്രസക്തമാണ്. ഈ ആഹ്വാനത്തിൽ നിന്നും ഊർജം ഉൾക്കൊണ്ട്, ഇതിന്റെ പ്രാദേശിക സാക്ഷ്യം ഓരോയിടത്തും സംഭവിക്കേണ്ടതുണ്ട്. അവിടെയാണ് നമ്മിൽ പ്രതിധ്വനിക്കുന്ന സുവിശേഷ നാദം സഭാമക്കളായ നമ്മിൽ ഫലദായകമാവുക. അനുരഞ്ജനത്തോടൊപ്പം കൃപയുടെ നിറവും സഭയിലുണ്ടാകണമെന്നും പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു. കൃപയുടെ നിറവാണ് അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും ക്രൈസ്തവരെ നയിക്കുന്നത്. ഈ കൃപയുടെ നിറവിനായി തുറന്ന മനസ്സോടെ പ്രാർത്ഥിക്കാനും ജീവിതത്തെ വിലയിരുത്തുവാനും സഭാമക്കൾക്കാവണം.

## ക്രൈസ്തവ സാഹോദര്യത്തിന്റെ അർത്ഥവ്യാപ്തി

ക്രൈസ്തവ സാഹോദര്യത്തിനടിസ്ഥാനം എല്ലാവരും ദൈവമക്കളാണെന്ന അടിസ്ഥാന വസ്തുതയാണ്. അതോടൊപ്പം പരിശുദ്ധ ദൈവമാതാവിനെ തങ്ങളുടെ അമ്മയായി ഭൂരിപക്ഷം ക്രൈസ്തവരും സ്വീകരിക്കുന്നതിനെ ഭാവാത്മകമായ അർത്ഥത്തിലാണ് പരിശുദ്ധ പിതാവ് നോക്കിക്കാണുന്നത്. പരിശുദ്ധ പിതാവ് പറയുന്നു "സാഹോദര്യത്തിന്റെ ഈ യാത്രയിൽ, മിക്ക ക്രൈസ്തവർക്കും മറിയമെന്ന അമ്മയുണ്ട്. കുരിശിന്റെ ചുവട്ടിൽ (യോഹ 19,26) ഈ സാർവത്രിക മാതൃത്വം അവൾ സ്വീകരിച്ചതുമുതൽ അവൾ യേശുവിനെ മാത്രമല്ല,





അവളുടെ ശേഷിക്കുന്ന മക്കളെയും പരിപാലിക്കുന്നു (വെളി 12,17). ഉത്ഥിതനായ കർത്താവിന്റെ ശക്തിയിൽ നീതിയും സമാധാനവും സമൃദ്ധമായ ഒരു പുതിയ ലോകത്തിന് ജന്മം നല്കാൻ അവൾ ആഗ്രഹിക്കുന്നു; ആ ലോകത്തിൽ നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്. നമ്മുടെ സമൂഹം ഉപേക്ഷിക്കുന്ന എല്ലാവർക്കും അവിടെ ഇടമുണ്ട്. ക്രൈസ്തവ ഐക്യത്തിലേക്കുള്ള പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃത്വത്തിന് അലംഘനീയമായ സ്ഥാനമുണ്ട്. അവളുടെ മാതൃത്വം ക്രൈസ്തവരെ സാഹോദര്യത്തിലേക്ക് നയിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. പരിശുദ്ധ അമ്മയുടെ മാതൃത്വം നമ്മെ ത്യാഗപൂർണമായ ശുശ്രൂഷയുടെയും അനുരഞ്ജനത്തിന്റെയും പാഠങ്ങൾ പഠിപ്പിക്കുന്നു. ആ അമ്മയുടെ നീലക്കാപ്പയുടെ കീഴിൽ സഹോദരീസഹോദരന്മാരായ സഭാമക്കൾക്കേവർക്കും പ്രത്യേകമായ സ്ഥാനവും സംരക്ഷണവും ലഭ്യമാകുന്നു.

സഭാമക്കളുടെ സാഹോദര്യത്തെ കുറിച്ചുള്ള പ്രബോധനത്തിനിടയിൽ ഫ്രാൻസിസ് പാപ്പാ, വിശുദ്ധ പോൾ ആറാമൻ മാർപാപ്പായുടെ "എക്ലേസിയാം സുവാം" എന്ന ചാക്രികലേഖനത്തെ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കുന്നു" "എല്ലാറ്റിലുമുപരി മനുഷ്യത്വമാണ് നമ്മുടെ വിഷയം" (St. Paul VI, Ecclesiam Suam, 1964, 650). സഭൈക്യത്തിനുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ മനുഷ്യത്വവും മനുഷ്യാവകാശങ്ങളും ഏറെ പ്രാധാന്യത്തോടെ മാനിക്കപ്പെടണം. ഈ ഉത്തരവാദിത്തം മനസ്സിലാക്കി മനുഷ്യാവകാശങ്ങളും കടമകളും സ്ഥാപിക്കുന്നതിന് ലോകരാഷ്ട്രങ്ങൾക്കിടയിൽ സ്വാധീനം ചെലുത്തുവാൻ ഓരോ സഭാസമൂഹത്തിനും സാധിക്കണം. ഇതിനാലാണ് "ഫ്രത്തെലി തൂത്തി"യോടുള്ള പ്രതികരണത്തിൽ കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ ഒന്നാമൻ ഇപ്രകാരം വ്യക്തമാക്കിയത്, "നമ്മുടെ പാരിസ്ഥിതികവും, രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തെ സ്വാധീനിക്കുന്ന ഗൗരവമായ ഉദാസീനതയെയോ, വിദ്വേഷത്തെയോ ഉപേക്ഷിക്കുവാനോ വെല്ലുവിളിക്കുവാനോ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ നല്കുന്ന ആഹ്വാനം നാം സർവാത്മനാ സ്വീകരിക്കുന്നു. നമ്മുടെ ലോകത്തെ ഒരു ഏകീകൃത

കുടുംബമായി കാണുകയും അവിടെ നാം സഹോദരീസഹോദരന്മാരായി വർത്തിക്കുകയും ചെയ്യുന്ന വിധത്തിൽ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന ഈ പ്രബോധനം ഏറെ ചിന്തനീയമാണ് (Interview with Vatican media representative, Andrea Tornielli). ലോകമെമ്പാടുമുള്ള സഭാസമൂഹങ്ങളുടെ ചിന്ത എക്യുമെനിക്കൽ പാത്രിയാർക്കീസിന്റെ പ്രതികരണത്തിൽ നിഴലിക്കുന്നുണ്ട്.

ലോകം നേരിടുന്ന അനൈക്യത്തിന്റെയും വിദ്വേഷത്തിന്റെയും ഭീഷണികൾക്കു നടുവിൽ ക്രൈസ്തവർ ഐക്യത്തിന്റെ സാക്ഷ്യം നല്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുന്നു. "ക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളിൽ ക്രൈസ്തവർക്ക് സ്വാതന്ത്ര്യം ഉറപ്പ് നല്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം അക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന സ്ഥലങ്ങളിൽ അവർക്കുള്ള സ്വാതന്ത്ര്യവും ക്രൈസ്തവർ പ്രോത്സാഹപ്പിക്കുക തന്നെ വേണം. സാഹോദര്യത്തിലേക്കും സമാധാനത്തിലേക്കുമുള്ള ഈ യാത്രയിൽ അടിസ്ഥാനപരമായ ഒരു മനുഷ്യാവകാശവും വിസ്മരിക്കപ്പെടുവാൻ പാടില്ല." സഭകൾ തമ്മിലുള്ള ബന്ധങ്ങളിൽ ഏറെ പ്രസക്തമായ ഒരു തിരിച്ചറിവാണിത്. മാർപാപ്പാ തുടരുന്നു, "ഒരേ ദൈവത്തിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായ നമുക്ക് ആനന്ദിക്കുവാനും നമ്മുടെ വൈവിധ്യങ്ങളെ അംഗീകരിച്ച് ശാന്തവും ക്രമാനുസൃതവും സമാധാനപൂർണവുമായ സഹവർത്തിത്വത്തിനുള്ള ഒരു മാർഗം കണ്ടെത്തുവാനും സാധിക്കുമെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു."

സഭയ്ക്കുള്ളിൽ ഐക്യവും കൂട്ടായ്മയും ശക്തിപ്പെടുത്തുവാൻ ദൈവത്തോട് ആത്മാർത്ഥമായി പ്രാർത്ഥിക്കണം. പരിശുദ്ധ പിതാവ് തുടരുന്നു, "ഭിന്നതകൾക്കിടയിൽ അനുരഞ്ജനത്തിലൂടെ പരിശുദ്ധാത്മാവിനാൽ പരിപോഷിപ്പിക്കപ്പെടുന്ന ഐക്യമാണത്. 'നമ്മളെല്ലാവരും ഒരേ ആത്മാവിനാൽ സ്നാനമേറ്റും' (1 കൊറി 12,13) എന്നു പറയുമ്പോഴും സഭയിലെ ഓരോ അംഗത്തിനും തങ്ങളുടെതായ സവിശേഷതകളുണ്ട്." സഭ ലക്ഷ്യം വയ്ക്കുന്ന ഐക്യം (Unity) നയിക്കേണ്ടത് ഐകരൂപ്യ (Uniformity) ത്തിലേക്കല്ല എന്ന വത്തിക്കാൻ കൗൺസിൽ പ്രബോധനം ഇവിടെ വ്യക്തമാണ്.

പരിശുദ്ധ പിതാവ് തുടരുന്നു, "വ്യത്യസ്തമായ ക്രൈസ്തവ അനുരഞ്ജനങ്ങൾക്ക് സാക്ഷ്യമേകാൻ നടത്തുന്ന യാത്രകൾ അടിയന്തിര സ്വഭാവത്തോടെ തുടരുക തന്നെ വേണം. 'എല്ലാവരും ഒന്നായിരിക്ക

ണമെന്ന്' (യോഹ 17, 21) ക്രിസ്തുവിന്റെ ആഗ്രഹം നമുക്ക് മറക്കാനാകില്ല....പൂർണമായ കൂട്ടായ്മയിലേക്കുള്ള യാത്ര സാധ്യമാകുന്നത്, മാനവ സേവയ്ക്കായി ഒരുമിച്ച് നിന്ന് എല്ലാവരുടെയും മുൻപിൽ ദൈവത്തിന്റെ സ്നേഹം നിറഞ്ഞ സാക്ഷികളായി നിലകൊള്ളാൻ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളിലൂടെയാണ്." ഇവിടെ പരിശുദ്ധ പിതാവ് പൂർണമായ ക്രൈസ്തവ കൂട്ടായ്മയുടെ ആവശ്യകത കാണുന്നത് മാനവസേവയ്ക്കായുള്ള ഒരു അവസരമായിട്ടാണ്. ദൈവത്തിന്റെ അനന്തമായ കരുണയാലും സ്നേഹത്താലും പ്രചോദിതമായ ഈ ശുശ്രൂഷാ സാക്ഷ്യം ആരംഭിക്കുന്നത്, 'ദൈവം കാണുന്നതുപോലെ വസ്തുതകളെ വീക്ഷിക്കുന്നിടത്തായിരിക്കണം' എന്നും പരിശുദ്ധ പിതാവ് ചൂണ്ടിക്കാണിക്കുന്നു.

## 'ഫ്രത്തെല്ലി തൂത്തി'യുടെ കേരള ഭാഷ്യം

'ഫ്രത്തെല്ലി തൂത്തി'യുടെ സഭൈക്യ ദർശനം ഇന്നത്തെ കേരളത്തിലെ ക്രൈസ്തവ സഭാന്തരീക്ഷത്തിൽ ഏറെ പ്രസക്തമാണ്. വ്യവഹാരങ്ങളുടെയും തെരുവ് സമരങ്ങളുടെയും 'പള്ളി പിടുത്തത്തി'ന്റെയും ഒക്കെ വാർത്തകൾകൊണ്ട് ഏറെ കലുഷിതമാണ് ഇന്നത്തെ കേരള ക്രൈസ്തവ സഭാന്തരീക്ഷം. ശ്രേഷ്ഠാചാര്യന്മാർപോലും തെരുവുകളിലൂടെ വലിച്ചിഴയ്ക്കപ്പെടുന്ന കാഴ്ച നമ്മുടെ സ്വീകരണ മുറികളിൽ ഇരുന്നുകൊണ്ട് നാം കാണുമ്പോൾ സഹോദര തുല്യമായ ക്രൈസ്തവ സാക്ഷ്യത്തിലൂടെയും സമവായ സംവാദങ്ങളിലൂടെയും ക്രൈസ്തവ ഐക്യത്തിന് ചാലകങ്ങളായി വർത്തിക്കുവാൻ ഓരോ ക്രൈസ്തവനുമുള്ള ഉത്തരവാദിത്വത്തിനു നേരെ വെളിച്ചം വീശുന്നുണ്ട് 'ഫ്രത്തെല്ലി തൂത്തി.' ഈ ദൗത്യം മനസ്സിലാക്കുന്നവർ നിഷ്ക്രിയരായിരിക്കുകയല്ല; മറിച്ച് കൃത്യമായ പ്രശ്ന പരിഹാരത്തിനായി പ്രാർത്ഥനാപൂർവം പര്യാലോചന നടത്തുകയും തക്കതായ ഇടപെടലുകൾ നടത്തുകയും വേണം. 'ഫ്രത്തെല്ലി തൂത്തി' ഒരു എക്യുമെനിക്കൽ ക്രിയാത്മകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അല്ലാതെ നിഷ്ക്രിയതയിലേക്കല്ല. ഈ ക്രിയാത്മക എക്യുമെനിസത്തിന്റെ ഇന്ധനം ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയുമാണ്. അത് നമ്മിലൂടെ സാക്ഷാത്കൃതമാകുവാൻ നമ്മെത്തന്നെ നമുക്ക് ഉപകരണങ്ങളാക്കാം.

## ഉപസംഹാരം

എല്ലാ മനുഷ്യരും ദൈവമക്കളാണെന്നും, അതിനാൽത്തന്നെ സഹോദരരാണെന്ന വസ്തുത അടിവരയിട്ട് സ്ഥാപിക്കുകയാണ്

'ഫ്രത്തെല്ലി തൂത്തി.' ക്രൈസ്തവ ഐക്യത്തിന്റെ സാക്ഷ്യത്തിലൂടെ ലോകസമാധാനം ഉറപ്പുവരുത്താൻ നമുക്കുള്ള വലിയ ഉത്തരവാദിത്വത്തിലേക്കാണ് ഈ ചാക്രികലേഖനം വെളിച്ചം വീശുന്നത്. ഇതിന് നമ്മുടെ അമ്മയായ പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥ്യം നമുക്ക് കോട്ടയായിരിക്കട്ടെ. ഇന്നത്തെ കേരള സഭാന്തരീക്ഷത്തിൽ ഏറെ പ്രസക്തമാണ് ഈ പ്രബോധനങ്ങൾ.

---

*റവ. ഡോ. തോമസ് കുഴിനാപ്പുറത്ത് തിരുവനന്തപുരം മലങ്കര മേജർ അതിരൂപതയുടെ ജുഡീഷ്യൽ വികാർ ആണ്. റോമിലെ പോന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. *സാൽവിഫിക് ലോ, ദൈവജനം, കാനോനിക പഠനങ്ങൾ, മാതാപിതാക്കളും മക്കളും അറിയാൻ* എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്.

# ഫ്രത്തെല്ലി തൂത്തിയുടെ വിശ്വസാഹോദര്യപാഠങ്ങൾ

വിശ്വസഹോദര്യത്തിന്റെ ശീലുകൾ മീട്ടുന്ന 'ഫ്രത്തെല്ലി തൂത്തി' (എല്ലാവരും സഹോദരർ) എന്ന ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനത്തിന്റെ ഒരു ഭാഷ്യമാണ് ഈ ലേഖന സമാഹാരം. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പ്രതിവിധി സ്നേഹമാണെന്ന് പാപ്പാ പഠിപ്പിക്കുന്നു. കാരണം, 'ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു' (1 യോഹ 4,16). ഒരു വ്യക്തിയുടെ ആധ്യാത്മിക അവസ്ഥ അളക്കപ്പെടുന്നത് സ്നേഹത്താലാണ്. സ്നേഹം സാർവത്രിക കൂട്ടായ്മയിലേയ്ക്ക് ചായ്‌വുള്ളതാണ്. മറ്റുള്ളവരോടുള്ള നമ്മുടെ പ്രതിപത്തി അവരുടെ നന്മ അന്വേഷിക്കുവാനുള്ള ആഗ്രഹത്തിലേയ്ക്ക് നയിക്കുന്നു. ഓരോ നഗരത്തിലും രാജ്യത്തിലും നിലനില്ക്കുന്ന സാമൂഹ്യസൗഹൃദത്തിന്റെ അടിസ്ഥാനമായ സ്നേഹത്തിന് അതിർത്തികൾ കടക്കുവാനുള്ള കഴിവുണ്ട്. അപ്രകാരം ഓരോ വ്യക്തിയുടെയും മഹാത്മ്യത്തെ അംഗീകരിക്കുന്ന സാമൂഹ്യസൗഹൃദവും സാർവത്രിക സാഹോദര്യവുമാണ് ഇന്നത്തെ ലോകത്തിനാവശ്യം. ഇക്കാര്യങ്ങൾ വിവിധ വീക്ഷണകോണുകളിലൂടെ നോക്കി കാണുകയാണ് ലേഖനകർത്താക്കൾ.



Pastoral Orientation Centre,
Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

9 789383 423583

₹100